PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY.

SECOND SESSION—1952.

Tuesday, the 1st July 1952.

Vol. VI OFFICIAL REPORT No. 2

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Tuesday, the 1st July 1952, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS

Amenities for Panchayats.

*48. I (1) **Shri P. S. Nataraja Pillai:** Will the Minister for Panchayats be pleased to state:

(*a*) with reference to answer to part (c) of Short Notice Question No. 3 on the 2nd April, the date on which the letter calling quotations from Messrs. Varma Radio, Trichur, and Messrs. Radio Electric Co., Ernakulam, was posted at Trivandrum;

(*b*) with reference to part (d) of the same question, the names of firms or companies who supplied the radio sets and the number of sets supplied by each; and

(c) with reference to part (f) of the same question whether the amount was included in the budget for 1951-52?

Minister for Local Self-Government **(Shri K. Kochukuttan):**

(*a*) Though quotations were called for only from (1) Messrs. Abraham Maret and Sons, Trivandrum, (2) Marikar Motors Ltd., Trivandrum, (3) Natarajan Bros. Trivandrum, and (4) Koder and Sons, Trivandrum, quotations were received from the following firms:—

(1) Abraham Maret and Sons, Trivandrum;

(2) Gasar Broadcasting and Radios Company, Trivandrum;

(3) Premier Radio Service, Trichur;

(4) The Wireless House, Main Road, Trivandrum;

(5) Natarajan Bros., Trivandrum;

(6) Marikar Motors, Trivandrum;

(7) Jacobs Radios, Trivandrum;

(8) Radio Electric Co., Ernakulam;

(9) Varma Radio Laboratories, Trichur.

(b) *Name of firm.*		*No. supplied.*
(1) Abraham Maret and Sons, Trivandrum	..	24
(2) Jacobs Radios, Trivandrum	...	3
(3) Radio Electric Co., Ernakulam	..	6
(4) Varma Radio Laboratories, Trichur	..	3

(*c*) The amount was included in the Budget for 1951-52.

Shri P. S. Nataraja Pillai: My question is in regard to the date on which the letter calling for quotations from Messrs. Varma Radio, Trichur, and Messrs. Radio Electric Co., Ernakulam, was posted at Trivandrum.

ശ്രീ. കെ. കൊച്ചുകുട്ടൻ: കൃത്യസമയത്തുതന്നെ അവരിൽനിന്നും വിവരങ്ങൾ കിട്ടിയിട്ടുണ്ടു്.

Shri P. S. Nataraja Pillai: That is not my question. My question is in regard to the date on which the letter calling for quotations was posted by the officer in charge, to these two companies.

Shri K. Kochukuttan: I want notice.

Shri P. S. Nataraja Pillai: I have given notice. My question is with reference to the answer to part (c) of Short Notice question No. 3 on the 2nd April, the date on which the letter calling quotations from Messrs. Varma Radio, Trichur, and Messrs. Radio Electric Co., Ernakulam, was posted at Trivandrum. Sir, with your permission I shall read the Short Notice Question. The question was 'whether the Director of Panchayats invited quotations for radio sets on 28-3-52 to reach his office before 12 noon on 29-3-52'. He required the quotations to reach his office on the 29th. But he called for quotations only on the 28th. These two firms are at Trichur and Ernakulam respectively. I want to know when the letter calling for quotations was posted at Trivandrum.

ശ്രീ. കെ. കൊച്ചുകുട്ടൻ: ൨൯-൩-൫൨-ൽ തന്നെ അവരുടെ ക്വട്ടേഷൻ കിട്ടിയിട്ടുണ്ടെന്നാണു് കാണുന്നതു്.

Mr. Speaker: That is not exactly the question. The hon. Member wants the date on which the letter calling for quotations was posted.

Shri A. Thanu Pillai : May I suggest to the Chair whether disciplinary action should not be taken against the Member who tries to hoodwink the House in this manner ?

Mr. Speaker : The Minister will see that the answer is supplied.

Shri K. Kochukuttan : I will supply the answer tomorrow.

Mr. Speaker : The Minister has agreed to supply the answer tomorrow and hon. Members will be allowed to put supplementary questions then.

Salt Manufacturers.

*49. [2] **Shri P. S. Nataraja Pillai :** Will the Minister for Excise be pleased to state whether under the terms of the licence granted to the salt manufacturers in the State they have to give a fixed quantity of salt per acre free of cost to the State Government; if so the quantity per acre and the total quantity so realisable in 1950-51 and 1951-52 ?

Minister for Medicine and Public Health **(Shri V. Madhavan):** They have to give a fixed quantity of salt for the pan area as a whole and not per acre. In return the licensees are being paid 'Kudivila' representing the cost of salt so delivered to Government. *A statement showing the quantity of salt realisable annually (including those for the years 1950-51 and 1951-52) is placed on the table.

Shri P. S. Nataraja Pillai : May I know the total quantity in maunds in 1950-51 ?

Shri V. Madhavan : 3,23,555 maunds.

Shri P. S. Nataraja Pillai : Then what is the quantity in 1951-52 ?

ശ്രീ. വി. മാധവൻ: രണ്ടും ഒരുപോലെയാണ്.

ശ്രീ. പി. എസ്. നടരാജപിള്ള: ൧൯൫൦-൫൧ ഈ വർഷങ്ങളിൽ കിട്ടേണ്ടതായ ആകെ ഉപ്പിൽ എത്ര മാണ്ട് ലേലംചെയ്തു കൊടുത്തിട്ടുണ്ട് ?

ശ്രീ. വി. മാധവൻ: ലേലം ചെയ്തു കൊടുക്കാൻ സാധിച്ചിട്ടില്ല. കാരണം, ഉപ്പളങ്ങളുടെ അഡ്മിനിസ്ട്രേഷൻ ഇപ്പോഴും സെൻട്രൽഗവൺമെൻറ് ഏറ്റെടുത്തിരിക്കുകയാണ്. നമുക്കുള്ള ലൈസൻസു കരാറുകളും എല്ലാംതന്നെ ആദരിക്കണമെന്നുള്ള വ്യവസ്ഥയിന്മേലാണ് അവർ ഏറ്റെടുത്തിരിക്കുന്നത്. ഈ കാര്യത്തെപ്പറ്റി ഇൻഡ്യാഗവൺമെൻറുമായിട്ട് എഴുത്തുകുത്തു നടന്നുവരികയും ചെയ്യുന്നു.

ശ്രീ. പി. എസ്. നടരാജപിള്ള: സെൻറ് ഒന്നിന് ഒൻപതു മാണ്ടുവീതം തരണമെന്നുള്ള വ്യവസ്ഥയിലല്ലേ കൊടുത്തിരിക്കുന്നത് ?

*See Appendix I

ശ്രീ. വി. മാധവന്‍: കൂടിവിലയായിട്ട് ലൈസന്‍സികള്‍ക്ക് കൊടുക്കുന്നതുപോലെയുള്ള വ്യവസ്ഥയിലാണ കൊടുത്തിരിക്കുന്നത്.

ശ്രീ. പി. എസ്. നടരാജപിള്ള: തിരുവിതാംകൂര്‍-കൊച്ചിയിലെ ഉപ്പുനിര്‍മ്മാണത്തിനുള്ള കരം‌ഉള്ളംതെ അതില്‍നിന്നും വരാനുള്ള ശുല്‍ക്കം വ്യവസ്ഥയുണ്ടോ ?

ശ്രീ. വി. മാധവന്‍: ഈ കാര്യത്തെപ്പററി ഈ ഗവര്‍മ്മെന്‍റും ഇന്‍ഡ്യാ ഗവണ്മെന്‍റുമായി എഴുത്തുകുത്ത് നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. പി. എസ്. നടരാജപിള്ള: ൧൯൪൯-നു മുന്‍പ് കൂടിവില ഉപ്പെല്ലാം ഗവണ്മെന്‍റിലേക്ക് എടുക്കാതിരുന്നിട്ടുണ്ടോ ?

Shri V. Madhavan: At present I have no information.

ശ്രീ. പി. എസ്. നടരാജപിള്ള: എത്ര കൊല്ലമായിട്ട് ഈ കൂടിവില ഉപ്പ് ഗവണ്മെന്‍റിലേക്ക എടുക്കാതിരുന്നിട്ടുണ്ട് ?

ശ്രീ. വി. മാധവന്‍: ൧൯൫൦-൫൧-൫൨ ഈ വര്‍ഷങ്ങളില്‍.

ശ്രീ. പി. എസ്. നടരാജപിള്ള: ഇപ്പോഴും എടുത്തുവരുന്ന ഉപ്പിനെ ലേലത്തില്‍ വില്‍പ്പിക്കുന്നതിനുവേണ്ടി പരസ്യം ചെയ്തിട്ടുണ്ടോ ?

ശ്രീ. വി. മാധവന്‍: പരസ്യം ചെയ്തിട്ടുണ്ട്. എന്നാല്‍ ഇന്‍ഡ്യാ ഗവണ്മെന്‍റിന്‍റെ മാനേജ്മെന്‍റിലാണ ആ പരസ്യം നടന്നിട്ടുള്ളത്. ഈ കാര്യത്തെ സംബന്ധിച്ച് എഴുത്തുകുത്ത നടന്നുകൊണ്ടിരിക്കുകയാണ്.

Jaffna Tobacco.

*50. [3] **Shri P. S. Nataraja Pillai:** Will the Minister for Excise be pleased to state:

(a) whether any concession in customs duty is granted for tobacco imported from Jaffna to this State;

(b) whether any restriction on the quantity to be imported is imposed, if so the quantity fixed for an year;

(c) whether there are licences for importing tobacco from Jaffna, if so the number and persons or firms to whom licences are granted with quantities for each;

(d) whether price control is enforced on Jaffna tobacco; and

(e) how is the distribution effected?

Minister for Medicine and Public Health **(Shri V. Madhavan)**

(a) Yes. Concessional duty at the rate of Rs. 300 per candy of 600 lbs. is granted.

(b) The concessional duty of Rs. 300 is limited to 1,750 candies per year. For any additional quantity, duty at the rate of Rs. 9-6-0 per pound has to be paid.

(c) Yes. Licences under the Import Trade Control Scheme of the Government of India have to be obtained in addition to Purchase Authorisations under the State Tobacco Rules. *The

---

*See Appendix II.

names of licensees and the C. I. F. value of their licences are placed on the table.

(*d*) Yes.

(*e*) No restriction is imposed by the Department in the matter of distribution of Jaffna tobacco. Only release of stock evenly throughout the year by the stockists is insisted on to avoid deficit of stock during the course of the year.

ശ്രീ. പി. എസ്. നടരാജപിള്ള: ജാഫ്നാ ടുബാക്കോ വരുത്തുന്നതിന് ഇവിടെ ഹോൾസെയിൽ ലൈസൻസികൾ ഉണ്ടോ?

ശ്രീ. വി. മാധവൻ: ജാഫ്നാ പുകയില വ്യാപാരത്തിനുവേണ്ടി പ്രത്യേകം ചില ലൈസൻസികൾ ഉണ്ട്.

ശ്രീ. പി. എസ്. നടരാജപിള്ള: അതിനുവേണ്ടി എത്ര ഇംപോർട്ടേഴ്സുണ്ടെന്നു പറയാമോ?

ശ്രീ. വി. മാധവൻ: നാലുപേരുണ്ട്.

ശ്രീ. പി. എസ്. നടരാജപിള്ള: എത്ര ഹോൾസെയിൽ ലൈസൻസികൾ ഉണ്ട്?

Shri V. Madhavan: I have no information.

ശ്രീ. പി. എസ്. നടരാജപിള്ള: ഇംപോർട്ടു ലൈസൻസികൾ എടുക്കുന്ന പുകയില ഹോൾസെയിൽകാർക്കു വിതരണം ചെയ്യുന്നതു് ഏതു രീതിയിലാണ്?

Shri V. Madhavan: I have no information.

ശ്രീ. പി. എസ്. നടരാജപിള്ള: അതു എൻഫോഴ്സു ചെയ്യുന്നതു ആരാണ്?

ശ്രീ. വി. മാധവൻ: ഗവണ്മെന്റുതന്നെയാണ്.

ശ്രീ. പി. എസ്. നടരാജപിള്ള: അതല്ല ഞാൻ ചോദിച്ചതു്; ഏതു ഏജൻസി മുഖാന്തിരമാണെന്നാണ്.

ശ്രീ. വി. മാധവൻ: എക്സൈസ് ഡിപ്പാർട്ടുമെന്റു മുഖാന്തിരമാണ്.

യാചകകേന്ദ്രങ്ങൾ.

* ൮൧. [൧] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഈ സംസ്ഥാനത്തെ യാചകരുടെ ഒരു കണക്കെടുത്തിട്ടുണ്ടോ?

(ബി) ഇല്ലെങ്കിൽ അങ്ങനെ ഒരു കണക്കു് എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

(സി) ഇപ്പോൾ ഗവണ്മെന്റു ചുമതലയിൽ എവിടെയെങ്കിലും യാചകകേന്ദ്രങ്ങൾ നടക്കുന്നുണ്ടോ?

(ഡി) സഹായം അർഹിക്കുന്ന യാചകർക്ക് സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ?

(ഇ) യാചകരുടെ കണക്കെടുത്തിട്ടുണ്ടെങ്കിൽ എത്ര?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ:)

(എ) ഇല്ല.

(ബി) തൽക്കാലമില്ല.

(സി) ഉണ്ട്.

(ഡി) കഴിവുള്ളിടത്തോളം സഹായങ്ങൾ ഇപ്പോൾ ചെയ്യുന്നുണ്ട്.

(ഇ) എ-യുടെ ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

ശ്രീ. ആർ. ഗംഗാധരൻ: ഇവിടെ Beggar Relief Act എന്നൊരു ആക്ട് പാസായിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഉണ്ട്.

ശ്രീ. ആർ. ഗംഗാധരൻ: അത് സർ സി. പി. രാമസ്വാമിഅയ്യരുടെ കാലത്തല്ലെ പാസായിട്ടുള്ളത്?

ശ്രീ. കെ. കൊച്ചുകുട്ടൻ: എന്നാണറിവ്.

ശ്രീ. ആർ. ഗംഗാധരൻ: ആ ആക്ട് ഇപ്പോൾ നിലവിലിരിക്കുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: നിലവിലുണ്ട്.

ശ്രീ. ററി. കെ. കൃഷ്ണൻ: യാചകരുടെ സംഖ്യ വർദ്ധിച്ചുവരികയാണെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അധികം യാചകരെ കാണുന്നുണ്ട് ശരിക്കു കണക്കെടുത്തിട്ടില്ല.

ശ്രീ. സി. അച്യുതമേനോൻ: യാചകകേന്ദ്രങ്ങളിൽ പാർപ്പിച്ചിട്ടുള്ള യാചകർക്ക് ആളൊന്നിന് എന്തുവീതം ചിലവാകുന്നുണ്ടെന്നു പറഞ്ഞാൽ കൊള്ളാം.

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിന് ഇപ്പോൾ ഉത്തരം പറയാൻ നിവൃത്തിയില്ല.

ശ്രീ. സി. അച്യുതമേനോൻ: ഈ യാചകരെക്കൊണ്ട് എന്തെങ്കിലും ജോലി ചെയ്യിപ്പിക്കുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ചില സ്ഥലങ്ങളിൽ ജോലിചെയ്യിപ്പിക്കുന്നുണ്ട്.

ശ്രീ. സി. അച്യുതമേനോൻ: എവിടെയൊക്കെ യാചകകേന്ദ്രങ്ങൾ ഉണ്ടെന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: എറണാകുളം, തൃശ്ശൂർ, കൊച്ചി ഈ പ്രദേശങ്ങളിൽ ഗവണ്മെന്റുതന്നെ മുഴുവൻ ചിലവും വഹിച്ചുകൊണ്ട്

യാചകകേന്ദ്രങ്ങൾ നടത്തുന്നുണ്ട്. തിരുവനന്തപുരത്ത് ശ്രീചിത്രാഹോം എന്നൊരു സ്ഥാപനമുണ്ട്. അത് യാചകർക്കുവേണ്ടിയുള്ളതാണ്. ഇതു കൂടാതെ നാഗരുകോവിൽ, കോട്ടയം, കൊല്ലം എന്നീ സ്ഥലങ്ങളിൽ മുനിസിപ്പാലിററിയുടെ ആഭിമുഖ്യത്തിലുള്ള യാചക കേന്ദ്രങ്ങളുണ്ട്.

ശ്രീ. എൻ. പി. വറുഗീസ്: മുനിസിപ്പാലിററികൾ നടത്തുന്ന യാചക കേന്ദ്രങ്ങൾക്ക് ഗവണ്മെൻറിൽനിന്നും എന്തെങ്കിലും സഹായം നൽകുന്നുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അവക്ക് അതിലേക്ക പ്രത്യേകമായി ഗ്രാൻറ നൽകുന്നുണ്ട്.

ശ്രീ. ഒ. സി. നൈനാൻ: പ്രൈവററ് ഏജൻസികൾ യാചക കേന്ദ്രങ്ങൾ നടത്തുന്നതായി അറിയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ചില സ്ഥലങ്ങളിൽ നടത്തുന്നുണ്ട്.

ശ്രീ. ഒ. സി. നൈനാൻ: അവക്കുകൂടി സഹായധനം നൽകുന്നതിന ഗവണ്മെൻറ തയാറുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിനെപ്പററി ആലോചിക്കാം.

ശ്രീ. പി. വി. അവിരാത്തരകൻ: പട്ടിണിയുള്ള ചേർത്തലയിൽ ഒരു യാചകകേന്ദ്രം സ്ഥാപിക്കുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിപ്പോൾ ആലോചനയിലില്ല.

ശ്രീ. എം. എം. അബ്ദുൽഖാദർ: യാചകകേന്ദ്രങ്ങളിൽ യാചകരെ എടുക്കുന്നത് എന്തു തോത്രുവച്ചാണ് ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ജീവിക്കാൻ യാതൊരു കഴിവുമില്ലാതെ റോഡിൽ അലഞ്ഞുതിരിയുന്നവരെയാണ് എടുക്കുന്നത്.

ശ്രീ. സി. അച്ചുതമേനോൻ: യാചകകേന്ദ്രങ്ങളിൽ പുകയില ഉപയോഗിക്കാൻ പാടില്ലെന്ന് നിർബന്ധമുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇല്ല.

ശ്രീ. സി. അച്ചുതമേനോൻ: പുകയില ഉപയോഗിച്ചതിന് ചിലരെ കേന്ദ്രങ്ങളിൽനിന്നു പുറത്താക്കിയിട്ടുള്ളതായി അറിയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അറിവില്ല. ചിലക്ക് പുകയില കേന്ദ്രത്തിൽനിന്നുതന്നെ കൊടുക്കുന്നുണ്ട്.

ശ്രീ. ററി. ററി. കേശവൻശാസ്ത്രി: ശ്രീചിത്രാഹോം യാചകകേന്ദ്രമായി രൂപാന്തരപ്പെടുത്തിയതു് എന്നുമുതലാണെന്ന പറയാൻ ദയവുണ്ടാകുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ൧൧൧൦ മുതലാണെന്നാണ തോന്നുന്നതു്.

ബീഡിപ്പുകയിലനികുതി.

* ൫൨. [വ്വ] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ഇവിടത്തെ ബീഡിവ്യാപാരികളിൽനിന്നും കേന്ദ്രനികുതിയിനത്തിൽ 1951-ൽ എത്ര രൂപാ പിരിച്ചെടുത്തിട്ടുണ്ട്?

(ബി) ഈ തുക എത്ര വ്യാപാരികളിൽനിന്നാണ് ഈടാക്കിയിട്ടുള്ളത്?

(സി) ഈ തുക തിരിച്ചുകൊടുക്കാമെന്നുള്ള ഇൻഡ്യാഗവണ്മെൻറിൻെറ പ്രസ്താവന ഉണ്ടായതെന്ന്?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ:)

(എ) അറിഞ്ഞുകൂടാ.

(ബി) അറിഞ്ഞുകൂടാ.

(സി) അറിഞ്ഞുകൂടാ.

ശ്രീ. ആർ. ഗംഗാധരൻ: ബീഡിത്തൊഴിലാളികളിൽനിന്നു് ഇങ്ങനെയൊരു നികുതി ഇൻഡ്യാഗവണ്മെൻറ പിരിച്ചിട്ടുണ്ടെന്നുള്ള വിവരം ഈ ഗവണ്മെൻറിന് അറിഞ്ഞുകൂടെന്നാണോ പറയുന്നതു്?

ശ്രീ. വി. മാധവൻ: 1951-ൽ എത്ര രൂപാ പിരിച്ചിട്ടുണ്ടെന്നാണ് (എ) യിൽ ചോദിച്ചിട്ടുള്ളതു്. സെൻട്രൽ ഗവണ്മെൻറാണ് രൂപാ പിരിച്ചിട്ടുള്ളതു്. അതുകൊണ്ടാണ് അറിഞ്ഞുകൂടാ എന്നു് ഉത്തരം പറഞ്ഞതു്.

എന്നാൽ ഈ ഗവണ്മെൻറ് അങ്ങനെ പിരിച്ചിട്ടുള്ള തുക തിരിച്ച് കൊടുക്കേണ്ടതിലേക്ക് ഇൻഡ്യാഗവണ്മെൻറമായി എഴുത്തുകുത്തു നടത്തിയിട്ടുണ്ട്. അങ്ങനെ തിരിച്ചുകൊടുക്കാൻ അവർ തീരുമാനിച്ചിട്ടുണ്ടെന്ന് അറിയാമെന്നല്ലാതെ ബാക്കി കാര്യങ്ങളൊന്നും അറിവില്ല. അതുസംബന്ധിച്ച് പാർലമെൻറിൽ ചോദിക്കുകയോ ഇൻഡ്യാഗവണ്മെൻറമായി അതതു കക്ഷികൾ നേരിട്ട് എഴുത്തുകുത്തുകൾ നടത്തുകയോ ചെയ്യേണ്ടതാണ്.

ശ്രീ. എ. കുഞ്ഞൻനാടാർ: ഈ വിവരങ്ങൾ അറിയുന്നതിന് ഗവണ്മെൻറ് എന്തെങ്കിലും ശ്രമം നടത്തിയിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: ഈ ഗവണ്മെൻറിൻെറ കൈവശമുള്ള സംഗതികളല്ലാതെ മററുകാര്യങ്ങളെക്കുറിച്ചു മറുപടി നൽകാൻ ഗവണ്മെൻറിന സാദ്ധ്യമല്ല.

ശ്രീ. ററി. എ. മജീദ്: ഈ അതാതു കക്ഷികൾ എന്നു പറഞ്ഞതു് ആരെയാണ്?

ശ്രീ. വി. മാധവൻ: ലൈസൻസു് എടുത്തിട്ടുള്ളവരെയാണ്.

ശ്രീ. ററി. എ. മജീദ്: അവക്കുവേണ്ടി ഗവണ്മെൻറ് എന്തെങ്കിലും ചെയ്യുമോ?

ശ്രീ. വി. മാധവൻ: അവക്കുവേണ്ടിയാണ് ഗവണ്മെൻറ് ഇൻഡ്യാഗവണ്മെൻറമായി എഴുത്തുകുത്തു നടത്തുകയും തീരുമാനമുണ്ടാക്കുകയും ചെയ്തിട്ടുള്ളതു്. ഇനി എന്തെങ്കിലും ചെയ്യാമോ എന്നാലോചിക്കാം.

ശ്രീ. എ. താണുപിള്ള: ഈ തുക തിരിച്ചു കൊടുക്കാമെന്ന് ഈ ഗവണ്മെൻറിന് മറുപടി എന്നാണ കിട്ടിയതു്?

ശ്രീ. വി. മാധവൻ: തീയതി ഇപ്പോൾ കൈവശമില്ല.

Scarcity of Water.

*53. [9] **Shri K. Madhavan Unnithan**: Will the Minister for Public Health be pleased to state :

(*a*) Is it a fact that there is scarcity of drinking water in most parts of the Kunnathur and Poruvazhi pakuthies of the Kunnathur taluk due to the heavy cost required for sinking deep wells in loose sub-soil ; and

(*b*) whether the Government has taken any steps to dig public wells in those areas ?

Minister for Medical and Public Health (**Shri V. Madhavan**):

(*a*) Yes ; to a certain extent.

(*b*) Yes ; a well has been sanctioned for Pananthoppu in Kunnathur pakuthi.

ഗവണ്മെൻറുകെട്ടിടങ്ങൾക്കു് വാടക.

* ൫൪. [൧൦] ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) മന്ത്രിമാർ തിരുവനന്തപുരത്തിനു പുറത്തായിരിക്കുമ്പോൾ ഗവണ്മെൻറുവക കെട്ടിടങ്ങൾ ഉപയോഗിക്കുകയാണെങ്കിൽ അതിനു വാടക കൊടുക്കണമെന്നു വ്യവസ്ഥയുണ്ടായിട്ടുണ്ടോ ?

(ബി) ഈ വ്യവസ്ഥയനുസരിച്ചു് ഏതെല്ലാം മന്ത്രിമാർ എത്ര രൂപ വീതം വാടക കൊടുത്തിട്ടുണ്ടു് ?

(സി) ഇപ്പോൾ മന്ത്രിസഭയിൽനിന്നു പുറത്തുപോയി വിശ്രമം കൊള്ളുന്ന മുൻമന്ത്രിമാരെ ഈ വ്യവസ്ഥ ബാധിക്കുമോ?

മരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ) :

(എ) ഉണ്ടായിരുന്നു.

(ബി) ഗവണ്മെൻറു് ഹൗസുകളും, ഗസ്റ്റ് ഹൗസുകളും ഉപയോഗിച്ചതിനു മന്ത്രിമാർ വാടകകൊടുത്തിട്ടുള്ള വിവരങ്ങളടങ്ങിയ *പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ടു്. റെസ്റ്റ് ഹൗസുകളേയും ക്യാമ്പുഷെഡ്ഡുകളേയുംപററിയുള്ള വിവരങ്ങൾ ശേഖരിച്ചുവരികയാണു്.

(സി) ഈ അവസ്ഥ നിലവിലിരിക്കുമ്പോൾ ഉണ്ടായിരുന്ന മന്ത്രിമാരെയെല്ലാം ബാധിക്കും.

ശ്രീ. ററി. എ. മജീദ്: ഇങ്ങനെയൊരു ആർഡർ വന്നതു എന്നാണു് ?

ശ്രീ. കളത്തിൽ വേലായുധൻനായർ: എങ്ങനെയുള്ള ആർഡർ എന്നു പറഞ്ഞാൽ ഉത്തരം പറയാം.

ശ്രീ. ററി. എ. മജീദ്: ഈ വ്യവസ്ഥ ഉണ്ടായതു് എന്നാണെന്നാണു് ഞാൻ ചോദിച്ചതു്.

ശ്രീ. കളത്തിൽ വേലായുധൻനായർ: അതു് പണ്ടു കാലംമുതൽ ഉണ്ടായിരുന്നതാണു്.

---

* See Appendix III.

ശ്രീ. എം. എം. അബ്ദുൽഖാദർ: വാടക നിശ്ചയിക്കുന്നതു് ആരാണു്?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതു് നേരത്തേതന്നെ നിശ്ചയിച്ചു പരസ്യപ്പെടുത്തിയിട്ടുണ്ടു്.

ശ്രീ. എം. എം. അബ്ദുൽഖാദർ: ആ വക സംഖ്യകഠം ഓരോ വർഷവും പിരിച്ചു് ഈടാക്കിയിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: മിക്കവാറും ഈടാക്കിയിട്ടുണ്ടു്. ബാക്കി ഈടാക്കുന്നതിനു് നടപടി നടത്തുകയാണു്.

ശ്രീ. എം. എം. അബ്ദുൽഖാദർ: ഗവണ്മെൻറുവക കെട്ടിടങ്ങഠം കാൺഗ്രസ്സ്പാർട്ടി മീററിംഗുകഠം കൂടാനായി ഉപയോഗിക്കുന്നതിനു് വാടക കിട്ടുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതു് ഈ ചോദ്യത്തിൽ നിന്നും ഉദിക്കുന്നില്ല.

ശ്രീ. കെ. മാധവനുണ്ണിത്താൻ: മന്ത്രിമാക്കും അല്ലാത്തവക്കും വാടകയിൽ വല്ല വ്യത്യാസവുമുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: വാടകയുണ്ടായിരുന്നകാലത്തു വ്യത്യാസമില്ല.

ശ്രീ. ററി. ററി. കേശവൻശാസ്ത്രി: മന്ത്രിമാർ ഗവണ്മെൻറു് ആവശ്യത്തിനുവേണ്ടി ഈ കെട്ടിടങ്ങഠം ഉപയോഗിക്കുമ്പോഴും വാടക കൊടുക്കാറുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: കൊടുക്കാറുണ്ടായിരുന്നു.

സംസ്ഥാനത്തെ കേന്ദ്രഗവണ്മെൻറാഫീസുകെട്ടിടങ്ങഠം.

* ൭൭. [൧൧] ശ്രീ. ററി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങഠംക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കേന്ദ്രഗവണ്മെൻറാഫീസുകഠം കിടക്കുന്ന സംസ്ഥാനംവക കെട്ടിടങ്ങഠം ഏതെല്ലാം വ്യവസ്ഥയിലാണു് ഇപ്പോഠം വിട്ടുകൊടുത്തിട്ടുള്ളതു്?

(ബി) പ്രസ്തുത കെട്ടിടങ്ങളിൽ ഓരോന്നിനും ലഭിക്കുന്ന വാടകയോ മററു പ്രതിഫലമോ എന്തു്?

(സി) ഈയിനത്തിൽ ഗവണ്മെൻറിനു് ഇതുവരെ എന്തു വരവുണ്ടായിട്ടുണ്ടു്?

മരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻനായർ):

(എ) സാമ്പത്തികസംയോജനത്തിനുമുമ്പു് ഫെഡറൽ ഡിപ്പാർട്ടുമെൻറുകഠംക്കു മാത്രമായി ഉപയോഗിച്ചിരുന്ന കെട്ടിടങ്ങഠം യാതൊരു വ്യവസ്ഥകളും കൂടാതെ കേന്ദ്രഗവണ്മെൻറിനു് വിട്ടുകൊടുത്തിട്ടുണ്ടു്.

എന്നാൽ കെട്ടിടത്തിൻെറ ഏതാനും ഭാഗം മാത്രമേ സാമ്പത്തികസംയോജനത്തിനുമുമ്പ് ഫെഡറൽ ഡിപ്പാർട്ടുമെൻറ് ഉപയോഗിച്ചിട്ടുണ്ടായിരുന്നുവെങ്കിൽ ആ കെട്ടിടം സ്റ്റേററുവകയായിത്തന്നെ തുടരുന്നതും അതിൽ ഇൻഡ്യാഗവൺമെൻറിനു അവരുടെ ആഫീസു് തുടരുവാൻ വിരോധമില്ലാത്തതുമാകുന്നു. അങ്ങനെ ആഫീസുകൾ തുടരുന്നതിനു സെൻട്രൽ ഗവൺമെൻറ് വീതപ്രകാരമുള്ള മെയിൻറനൻസ്ചാർജ്ജും സർവ്വീസ് എക്സ്പെൻഡിച്ചറും ഈ ഗവൺമെൻറിനു തരുവാൻ ചുമതലപ്പെട്ടിരിക്കുന്നു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ററി. എ. മജീദ്: ഗവൺമെൻറുകെട്ടിടങ്ങൾക്കു് വാടക കിട്ടുന്നില്ലെന്നാണോ മനസ്സിലാക്കേണ്ടതു് ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഫെഡറൽ ആഫീസിനു് ഉപയോഗിച്ചിരുന്ന കെട്ടിടങ്ങൾ വിട്ടുകൊടുക്കണമെന്നാണു് വ്യവസ്ഥ.

ശ്രീ. എ. താണുപിള്ള: ഒരു സംഗതി ബഹുമാനപ്പെട്ട സ്പീക്കറുടെ ദൃഷ്ടിയിൽകൊണ്ടുവരാമെന്നു വിചാരിക്കുന്നു. എല്ലാ മെമ്പറന്മാർക്കും മൈക്കു് ഇല്ലാതിരുന്ന സമയത്തു് മന്ത്രിമാർ പറയുന്നതു കേൾക്കാമായിരുന്നു. ഇപ്പോൾ അതുകൂടി കേൾക്കാതായിരിക്കുന്നു.

നെടുമങ്ങാട്ടു് ശ്രീ. ആർ. കേശവൻനായർ: ഭരണഘടനാവ്യവസ്ഥയനുസരിച്ചു് ഈ അസെററ്സ് കൊടുക്കേണ്ടതുണ്ടെന്നുള്ള വിവരം ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അസെററ്സ് സംബന്ധിച്ച കാര്യമല്ല ഞാൻ പറഞ്ഞതു്. കെട്ടിടം വിട്ടുകൊടുക്കുന്നതിനെ സംബന്ധിച്ചാണു് പറഞ്ഞതു്.

നെടുമങ്ങാട്ടു് ശ്രീ. ആർ. കേശവൻനായർ: കാൺസ്റ്റിററ്യൂഷൻ നടപ്പിൽ വരുന്നതിനുമുമ്പു് ഈ അസെററ്സ് കാമ്പൻസേഷനില്ലാതെ സെൻട്രലിനു വിട്ടുകൊടുത്തിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ആ ചോദ്യം ഉദിക്കുന്നില്ല.

ട്രാൻസ്പോർട്ടുബസ്സുകൾ.

* ൩൬. [൧൨] ശ്രീ. ററി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ട്രാൻസ്പോർട്ടുബസ്സിൻെറ ബാഡി പണിയുവാൻ ജനറൽ മോട്ടോഴ്സുകമ്പനിയെ ഏൽപ്പിച്ചിരുന്നോ ? ഒരു ബാഡി ചെയ്യുന്നതിനു് ഈയിനത്തിൽ എന്തു ചെലവായി ? എത്ര ബസ്സുകൾക്കു് പ്രസ്തുത കമ്പനി ബാഡി പണിതിട്ടുണ്ടു് ?

(ബി) ട്രാൻസ്പോർട്ടുഡിപ്പാർട്ടുമെൻറിൽനിന്നു നേരിട്ടു ബാഡി പണിയിക്കുന്നതിനു് ബസ്സൊന്നിനു് എന്തു ചെലവാകുന്നു ?

(സി) ജനറൽ മോട്ടോഴ്സുകമ്പനിയെ ഈ പണി ഏൽപ്പിച്ചതിനു് പ്രത്യേക കാരണം വല്ലതുമുണ്ടോ ?

മരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ) :

(എ) (൧) ഏൽപ്പിച്ചിരുന്നു.

(൨) ൧,൧൦൦ രൂപാ.

(൩) ൧൨.

(ബി) ൩,൦൦൦ രൂപാ.

(സി) ഉണ്ടായിരുന്നു. ഓടിക്കൊണ്ടിരുന്ന എക്സ്പ്രസ്സ് ബസ്സുകൾ പഴകിപ്പോയതുകൊണ്ടും കൂടെക്കൂടെ ബ്രേക്ക്ഡൗൺ ഉണ്ടായിക്കൊണ്ടിരുന്നതുകൊണ്ടും ഈ വണ്ടികൾ സർവ്വീസിനു് ഉപയോഗിക്കാമെന്നു വിചാരിച്ചു് ആർഡർ കൊടുത്തു.

ശ്രീ. ററി. എ. മജീദ് : ഡിപ്പാർട്ടുമെൻറിനു് ഉടനടി ചെയ്യാൻ സാദ്ധ്യമായിരുന്നില്ലേ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : ഡിപ്പാർട്ടുമെൻറിൽനിന്നും ബാഡി പണിയുന്നതിനു് കുറച്ചു താമസമുണ്ടു്.

ശ്രീ. എം. എം. അബ്ദുൽഖാദർ : ഈ ബാഡികൾ കേടുവന്നതു പെട്ടെന്നാണോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : പെട്ടെന്നല്ലെങ്കിലും ഡിപ്പാർട്ടുമെൻറിൽനിന്നും ബാഡി പണിയുന്നതിനുള്ള സാവകാശം ഇല്ലായിരുന്നു.

ശ്രീ. എം. എം. അബ്ദുൽഖാദർ : ഗവൺമെൻറു് വർക്ക്ഷാപ്പിൽ ഉണ്ടാക്കുന്ന ബാഡിയെക്കാൾ മോശമാണു് ജനറൽ മോട്ടോഴ്സ് കമ്പനിയിൽ ഉണ്ടാക്കുന്ന ബാഡികൾ എന്നറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : ഗവൺമെൻറുവർക്ക്ഷാപ്പിൽ ഉണ്ടാക്കുന്ന ബാഡികൾ കുറെ മേലപ്പെട്ടതാണു്.

ശ്രീ. എം. എം. അബ്ദുൽഖാദർ : പാപ്പനംകോട്ടു് സ്റ്റേറ്റ് ട്രാൻസ്പോർട്ടുവർക്ക്ഷാപ്പിൽ എത്ര നല്ല ബാഡിയുള്ള ബസ്സുകൾ വെറുതെ കിടക്കുന്നുണ്ടെന്നു് മന്ത്രിക്കറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : എത്ര എന്നു പറയാൻ ഇപ്പോൾ നിവൃത്തിയില്ല. ഉണ്ടെന്നറിയാം.

ശ്രീ. എം. എം. അബ്ദുൽഖാദർ : ആ ബാഡികൾ എടുത്തു് മററ വണ്ടികൾക്കു് ഉപയോഗിച്ചുകൂടെ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : ബാഡികൾ എടുത്തു നന്നാക്കി മററ വണ്ടികൾക്കു് ഉപയോഗിച്ചുവരുന്നുണ്ടു്.

ஸ்ரீ. ஸி. சங்கர் : ஜெனரல் மோட்டார் கம்பெனிக்கு காண்ட்ராக்ட் கொடுப்பதற்கு முன் டெண்டர் செய்ததுண்டா ?

ശ്രീ. കളത്തിൽ വേലായുധൻനായർ : ടെണ്ടർ വിളിച്ചില്ല.

ஸ்ரீ. வி. சங்கர்: இனிமேலாவது அவசியப்பட்டால் டெண்டர் செய்வீர்களா?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതിനെപ്പററി ആലോചിക്കാം.

ஸ்ரீ. வி. சங்கர்: இங்கே டிரான்ஸ்போர்ட் டிபார்ட்மெண்டில் இவைகளைச் செய்வதாயிருந்தால் 2500 ரூபாய்க்குக் கூடுதல் செலவாகாது என்பது வாஸ்தவமா?

ശ്രീ. കളത്തിൽ വേലായുധൻനായർ: കുറെ കൂടുതൽ ചെലവാകും.

ശ്രീ. ആർ. സുഗതൻ: മഴ പെയ്യുമ്പോൾ വണ്ടിയ്ക്കകത്തു വെള്ളം വീഴുന്നതു എന്തുകൊണ്ടാണെന്നു പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ചോരുന്നതുകൊണ്ടായിരിക്കും അങ്ങനെ വെള്ളം വീഴുന്നതു്.

ടയർ റീബട്ടണിംഗ്.

* ൪൧. [൧൩] ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ട്രാൻസ്പോർട്ടുവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ?

(എ) ൧൧൨൪-ൽ ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറവക എത്ര മോട്ടാർ ടയറുകൾ റീബട്ടൺ ചെയ്യാൻ കൊടുത്തു? മൊത്തത്തിൽ അതു് ഉദ്ദേശം എത്ര രൂപയുടെ വർക്കു് ആണു്?

(ബി) ഏതെതെല്ലാം കമ്പനികൾക്കോ വ്യക്തികൾക്കോ ആണു് ഇതിൻെറ കാൺട്രാക്ററുകൾ നൽകിയിരിക്കുന്നതു്?

(സി) സംസ്ഥാനത്തിനകത്തുള്ള കമ്പനികൾക്കെല്ലാം കൂടി മൊത്തത്തിൽ എത്ര ശതമാനം ടയറുകൾ നൽകിയിട്ടുണ്ടു്?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ൩൧൧ ടയർ, ൮൧,൪൦൦ രൂപയ്ക്കു്.

(ബി) സ്റ്റെയിൻസു് മോട്ടാഴ്സു്, തിരുവനന്തപുരം, എൻഫീററ ടയർ കമ്പനി, കോട്ടയം.

(സി) ൩൦ ശതമാനം.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: ഡിപ്പാർട്ടുമെൻറിൽ നിന്നും റീബട്ടണിംഗിനു കൊടുക്കുന്ന ടയർ തന്നെയാണോ റീബട്ടൺ ചെയ്തുതരുന്നതു് എന്നു് ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഡിപ്പാർട്ടുമെൻറിൽ നിന്നും കൊടുക്കുന്ന ടയർ തന്നെയാണു് റീബട്ടൺചെയ്തു തരുന്നതു്.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: ഡിപ്പാർട്ടുമെൻറിൽ നിന്നും ടയറുകൾ കൊടുത്താൽ അതിനു പകരം റീബട്ടൺ ചെയ്തുതരു

ന്നതു് പഴയതും ക്യാൻവാസുവരെ തേഞ്ഞതുമായ ടയർ ആണു് മടക്കി ക്കൊടുത്തുവരുന്നതെന്നറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അങ്ങനെ അറിവില്ല.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : ഈ വർഷത്തിൽ എല്ലാം കൂടി ഇത്രയും ടയർമാത്രം റീബട്ടൺ ചെയ്യുന്നതിനായി കൊടുത്തതെന്തു കൊണ്ടാണു് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അത്രയും ടയറുകൾ മാത്രമേ അപ്പോൾ ഉണ്ടായിരുന്നുള്ളു.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : ഈ പ്രകാരം കൊടുക്കുന്നതു് ടെൻഡർ വിളിച്ചിട്ടാണോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതെ.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : പുറമെയുള്ള കമ്പനികളേ ക്കാൾ ഇവിടത്തെ കമ്പനികൾ കുറഞ്ഞ തുകക്കാണു് ടെൻഡർ കൊടു ത്തിട്ടുള്ളതെന്നറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അങ്ങനെ കൊടുത്തിട്ടില്ല. കൊടുത്തിട്ടുണ്ടെങ്കിൽ അതു് കുറഞ്ഞ ടെൻഡർ വിളിച്ചിട്ടുള്ളവർക്കാണു് കൊടുത്തിട്ടുള്ളതു്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : ഒരു നാടൻ വ്യവസായ മെന്ന നിലയിൽ ഇതു് ഇവിടത്തെ കമ്പനികൾക്കു് കൊടുക്കാൻ ഉദ്ദേ ശിക്കുന്നുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : നിവൃത്തിയുള്ളിടത്തോളം ഇവിടെത്തന്നെയാണു് കൊടുക്കാൻ ഉദ്ദേശിക്കുന്നതു്. ഇവിടത്തെ കമ്പനി കൾക്കു് റീമോൾഡിംഗിനുള്ള സൗകര്യമില്ലാത്തതുകൊണ്ടാണു് ഇങ്ങനെ വെളിയിൽ കൊടുത്തുകൊണ്ടിരുന്നതു്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : ഇവിടത്തെ കമ്പനികൾ ശരിയായ ഗാറൻറിയോടുകൂടി റീബട്ടണിംഗു് നടത്തിത്തരുകയാണെ ങ്കിൽ ഇവിടെയുള്ള കമ്പനിക്കാർക്കുതന്നെ കൊടുക്കുന്നതിനു് വല്ല വിരോ ധവുമുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : യാതൊരു വിരോധവു മില്ല.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : സർ, ഒരു പോയിൻറു് ഓഫ് ഓർഡർ. ചോദ്യം നമ്പർ ൧൮ ഞാൻ അയച്ച രീതിയിലല്ല ഇവിടെ പ്രിൻറുചെയ്തു കാണുന്നതു്. അതു പക്ഷെ ഞാൻ അയച്ചിട്ടുള്ള ചോദ്യ ത്തിൽ വല്ല തെററുമുണ്ടായിരുന്നതുകൊണ്ടു് ഇവിടെ ശരിയാക്കി ചേർത്ത തായിരിക്കാം. പക്ഷെ ഇങ്ങനെ പ്രിൻറു ചെയ്തിരിക്കുന്നതുകൊണ്ടു് എൻെറ ഉദ്ദേശം ശരിയായി വെളിവാകുന്നില്ല. കരുനാഗപ്പള്ളിയിൽ ഒരു പ്രത്യേക സ്ഥലത്തെപ്പററിയാണു് എനിക്കറിയേണ്ടതു്. അതായതു് കരുനാഗപ്പള്ളിയിൽ ആലപ്പാട്ടു മുതൽ അഴീക്കൽവരെയുള്ള സ്ഥലത്തെ സംബന്ധിച്ചാണു് ഞാൻ ചോദ്യം അയച്ചിരുന്നതു്. എന്നാൽ ഈ

ചോദ്യംകൊണ്ടു് ശരിയായ മറുപടി കിട്ടുമെന്നു് എനിക്കാശിക്കാൻ വഴിയില്ല.

Mr. Speaker: As I said the other day, technically if I adhere to the rules, fifty per cent. of the questions should have been disallowed. But that would be a great injustice to the Hon. Members. Therefore a lot of work was done by the Speaker and the staff by way of editing the questions and making them admissible according to Rules. I should say that more than 75 per cent. of the questions had to be so edited. Of course some parts might have been disallowed in that process. Therefore instead of disallowing the whole question if even a part could be admitted under the Rules, that has been done.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: ഇതൊരു പരാതിയായിട്ടു പറഞ്ഞതല്ല. ഇപ്രകാരം ചോദ്യങ്ങൾ അയയ്ക്കുമ്പോൾ മന്ത്രിമാർ എവിടെയെങ്കിലും വല്ല ലൂപ്പ്ഹോൾസ് ഉണ്ടോ എന്നു നോക്കുക പതിവാണു്. അതുകൊണ്ടു് ചോദിച്ചതാണു്.

Mr. Speaker: The matter has been made very clear. When the question is allowed by the Speaker it is printed. There is no loophole for the Ministers.

ശുദ്ധജലക്ഷാമം.

* ൭വ്യ. [൫൮] ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: താഴെ പറയുന്ന ചോദ്യത്തിനു പി. ഡബ്ലിയു. വകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ?

കരുനാഗപ്പള്ളി താലൂക്കിലെ തീരദേശത്തെ ശുദ്ധജലക്ഷാമം പരിഹരിക്കാൻവേണ്ടി ഇക്കൊല്ലം മൊത്തത്തിൽ എത്ര കുഴൽക്കിണറുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടു്?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ): പ്രയാറിററി ലിസ്ററപ്രകാരം എത്ര ജോലി ചെയ്തു തീർക്കാൻ കഴിയുമോ അത്രയും ചെയ്തുതീർക്കാൻ ശ്രമിക്കുന്നുണ്ടു്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: എന്റെ ചോദ്യം എത്ര കുഴൽകിണർ അവിടെ സ്ഥാപിക്കാൻ പോകുന്നു എന്നാണു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിലേക്കാവശ്യമായ സാധനസാമഗ്രികൾ ഉള്ളപക്ഷം ഒരാണ്ടിൽ എട്ടിനും പത്തിനുംമദ്ധ്യേ കുഴൽ കിണറുകൾ ചെയ്തു തീർക്കാൻ സാധിക്കും.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: ഈ ആണ്ടിൽ കരുനാഗപ്പള്ളിയിൽ എത്രയെണ്ണം സ്ഥാപിക്കാൻ കഴിയുമെന്നു പറയുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതേപ്പററി അന്വേഷിച്ചതിനു ശേഷമേ മറുപടി പറയാൻ സാധിക്കയുള്ളു.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: ആ വിവരം അറിയണമെന്നുള്ളതുകൊണ്ടാണു് ഞാൻ ഈ ചോദ്യം അയച്ചിട്ടുള്ളതെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഓരോ താലൂക്കിലും എത്ര എണ്ണംവീതം സ്ഥാപിക്കണമെന്നുള്ളതിനെപ്പററി അന്വേഷിച്ച് ഇതിനു ഉത്തരം പറയാം.

ബസ്സപകടം.

*൫൯. [൧൫] ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ ?

(എ) സ്റ്റേററ ട്രാൻസ്പോർട്ട ആക്സിഡൻറുകൾ മൂലം ഇതുവരെ എത്ര ഡിപ്പാർട്ടുമെൻറ ജീവനക്കാർ മൃതിയടഞ്ഞിട്ടുണ്ട് ? എത്രപേർക്ക്, അംഗഭംഗമോ, ക്ഷതമോ പററുകമൂലം ജോലി വിടേണ്ടതായി വന്നിട്ടുണ്ട് ?

(ബി) അവരുടെ കുടുംബാംഗങ്ങൾക്കോ അവർക്കോ വല്ല നഷ്ടപരിഹാരവും നൽകിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ പേരുവിവരവും തുകയും എന്താണെന്നു വ്യക്തമാക്കുമോ ?

(സി) ആക്സിഡൻറിൽ മൃതിയടയുന്ന യാത്രക്കാരുടേയും ബസ്സ ജോലിക്കാരുടേയും കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനു വല്ല പദ്ധതിയും ഗവണ്മെൻറിനുണ്ടോ ?

മരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ) :

(എ) എട്ട്. ഒന്ന്.

(ബി) ഉണ്ട്. മൃതിയടഞ്ഞിട്ടുള്ളവരുടെ കുടുംബങ്ങൾക്കു കാമ്പൻസേഷൻ കൊടുത്തിട്ടുണ്ട്.

൧. നാണു (ഫിററർ) ഇ. രൂ. ൧,൦൫൦.
൨. എ. ചിന്നപ്പിള്ള (ഇൻസ്പെക്ടർ) സ. രൂ. ൩,൫൬൨-ച. ൧൪
൩. കെ. കെ. സൈമൺ (കൺഡക്ടർ) ഇ. രൂ. ൧,൫൦൦.
൪. സി. കെ. വാസുദേവൻപിള്ള (ഡ്രൈവർ) ഇ. രൂ. ൧,൨൦൦.
൫. ജോസഫ് ഡിക്രൂസ് (കൺഡക്ടർ) ഇ. രൂ. ൧,൫൦൦.
൬. പി. ഭാസ്കരൻ നായർ (ഡ്രൈവർ) ഇ. രൂ. ൧,൮൦൦.
൭. പി. കെ. കുഞ്ഞൻ (ലോറിഅററൻഡർ) ഇ. രൂ. ൧,൨൦൦.
൮. എസ്സ്. ഗണേശയ്യർ (ഇൻസ്പെക്ടർ) ഇ. രൂ. ൧,൫൦൦.
൯. ഗണപതിച്ചെട്ടിയാർ ൧൬-൯-൧൧൬ മുതൽ ൩൧-൮-൧൧൭ വരെ മാസംതോറും ൧൭ രൂപ വീതം പെൻഷൻ.

(സി) ഉണ്ട്.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : തിരുവനന്തപുരം-പനവൂർ ലൈനിൽ ഓടിക്കൊണ്ടിരുന്ന ഒരു സർവ്വീസ് ബസ്സിലെ കൺഡക്ടർ ആക്സിഡൻറുമൂലം മൃതിയടഞ്ഞതിൽ അയാളുടെ റാക്കിൽ ഉണ്ടായിരുന്ന ടിക്കററുകളുടെ വില അയാളുടെ സെക്യൂരിററി തുകയിൽ നിന്നും അഡ്വാൻസായി പിടിച്ചിട്ടുള്ളതറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആ ചോദ്യം ഇതിൽ നിന്നും ഉദിക്കുന്നില്ല. അതു നോട്ടീസുകൂടാതെ മറുപടി പറയാൻ നിവൃത്തിയില്ല.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: അദ്ദേഹത്തിന്റെ കുടുംബത്തിനും നഷ്ടപരിഹാരം കൊടുത്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനിപ്പോഴും മറുപടി പറയുന്നതിനു നിവൃത്തിയില്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഈ നഷ്ടപരിഹാരം കൊടുക്കുന്നതു വർക്കുമെൻസ് കോമ്പൻസേഷൻ ആക്ടിലെ വ്യവസ്ഥപ്രകാരമാണോ അതോ ഗവണ്മെന്റിന്റെ ഇഷ്ടപ്രകാരമുള്ള തുകയാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: വർക്കുമെൻസ് കോമ്പൻസേഷൻ ആക്ടിലെ വ്യവസ്ഥകളും ഒരു സ്റ്റാൻഡേഡായി വച്ചുകൊണ്ടു് അതനുസരിച്ചാണു് കൊടുക്കുന്നതു്.

ശ്രീ. എം. എം. അബ്ദുൽകാദർ: ആക്ടനുസരിച്ചു് എത്ര തുകവീതം കൊടുക്കണമെന്നുള്ളതു് ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിലെ വ്യവസ്ഥയനുസരിച്ചു് അതൊരു സ്റ്റാൻഡേഡായി വച്ചാണു് കൊടുക്കുന്നതു്.

ശ്രീ. എം. എം. അബ്ദുൽകാദർ: അതിൽ എന്തു തുകവീതം വേണമെന്നാണു പറയുന്നതു്?

Mr. Speaker: I should not be understood as curtailing the liberty of the Honourable Members. But if the hon. Members go on putting supplementary questions which are irrelevant we may not reach all the questions printed for the day. Now we have reached the 16th question within 45 minutes. Three-fourths of the questions have yet to be covered and there are only 15 minutes more. Therefore it is to the advantage of the hon. Members if they confine themselves to very necessary and pertinent questions as supplementaries.

സസ്പെൻഷനിൽ നിൽക്കുന്ന ജീവനക്കാർ.

* നം. [൧൩] ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെന്റിൽ ഇപ്പോൾ (൯-൩-൧൧൨൭) സസ്പെൻഷനിൽ നിൽക്കുന്ന ജീവനക്കാരുടെ എണ്ണം എത്ര?

(ബി) അവരിൽ കുറ്റം ചെയ്തുവരെന്നു തെളിഞ്ഞതുമൂലം സസ്പെൻഷൻ ശിക്ഷയായി അനുഭവിക്കുന്നവരെത്ര?

(സി) എന്തെങ്കിലും പരാതികളുടെ അടിസ്ഥാനത്തിൽ തെളിവെടുത്തു കുറ്റക്കാരാണെന്നു ബോദ്ധ്യം വരുന്നതിനുമുമ്പേ സസ്പെൻഷനിൽ

നിവത്തുന്ന നടപടി ഈ ഡിപ്പാർട്ടുമെൻറിൽ സ്വീകരിച്ചുവരുന്നുണ്ടോ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ: (എ) ൩൧.

(ബി) ൨൧.

(സി) ഇല്ല.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: ഒരേ കുററം ചെയ്യുന്ന പലേ ആളുകൾക്കും പലതരത്തിലുള്ള ശിക്ഷാനടപടിയാണ് ഈ ഡിപ്പാർട്ടുമെൻറിൽ നിന്നും കൊടുത്തുവരുന്നതെന്നറിയാമോ? അങ്ങനെ കുററം ചെയ്തിട്ടുള്ള ചിലർ ശിക്ഷിക്കപ്പെടാതിരുന്നിട്ടുള്ളതായും ഗവണ്മെൻറിനറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അങ്ങനെ ഒരു നടപടി ഉള്ളതായി ഗവണ്മെൻറിനറിവില്ല. കുററം ചെയ്യുന്ന ആളുകളുടെ പ്രീവിയസ് കാൺഡക്ടും നടപടികളുമനുസരിച്ച് അതിനെക്കൂടി അടിസ്ഥാനപ്പെടുത്തി ആയിരിക്കും അവർക്കു ശിക്ഷ നൽകുന്നതു്.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: പ്രീവിയസ് കാൺഡക്ടിനെ അല്ല സേവപിടിക്കുന്നതിനെ അടിസ്ഥാനപ്പെടുത്തിയാണ് ശിക്ഷ ലഭിക്കുന്നതു് എന്നറിയാമോ?

Mr. Speaker: That question is disallowed.

ശ്രീ. ടി. എസ്സ്. രാമസ്വാമി: കാൺഡക്ട് കോട്ട് പബ്ളിഷ് ചെയ്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഇല്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഫാക്ടറി ആക്ററപ്രകാരമുള്ള ഒരു സ്റ്റാൻഡിംഗ് ആർഡർ അനുസരിച്ചാണ് അവരെ ശിക്ഷിച്ചിട്ടുള്ളതു്. അപ്രകാരമൊരു സ്റ്റാൻറിംഗ് ആർഡർ പാലിക്കുന്നുണ്ടോ?

Mr. Speaker: That again is not a relevant question arising out of this question. That is why I have been often telling the hon. Members to put relevant questions as supplementaries which arise out of the answers given by the Ministers concerned

ஸ்ரீ. ஸி. சங்கர்: 50 முதல் இதுவரையில் ஆலப்புழை டிஸ்ட்ரிக்டில் பரமேஸ்வரன் என்பவர் சஸ்பென்ஷனில் நிறுத்தப்பட்டிருக்கிறார் என்பது தெரியவருமா?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതേപ്പററി ഇപ്പോൾ പറയാൻ നിവൃത്തിയില്ല. അതു് അന്വേഷിച്ചതിനു ശേഷമേ പറയാൻ നിവൃത്തിയുള്ളു.

ശ്രീ. പി. ചാക്കോ: കൈകാണിച്ചിട്ട് ബസ് നിർത്താത്തതിനാൽ ബസ്സിലെ ഉദ്യോഗസ്ഥന്മാരെ ശിക്ഷിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിയാൻ പാടില്ല. ചോദ്യം മുൻകൂട്ടി അയച്ചാൽ അതിനുത്തരം പറയാമായിരുന്നു.

കരിയം—പോത്തൻകോട്ട് റോഡ്.

* ൩൧. [൧൭] ശ്രീ. വി. ശ്രീധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഇപ്പോൾ ഗതാഗതയോഗ്യമല്ലാതായിക്കിടക്കുന്ന ഗ്രാമീണറോഡുകൾ ഗതാഗതയോഗ്യമാക്കിത്തീർക്കുവാൻ ഗവണ്മെൻറ ശ്രദ്ധിക്കുന്നുണ്ടോ?

(ബി) കരിയം—പോത്തൻകോട്ട റോഡിൻെറ പണി ആരംഭിച്ചിട്ട് ഇപ്പോൾ എത്ര വർഷങ്ങളായി?

(സി) ഈ റോഡിൻെറ ഇപ്പോഴത്തെ നില എന്ത്?

(ഡി) ഈ റോഡിൻെറ പണി ഈ വർഷത്തിൽ (൧൯൫൨–൫൩)തന്നെ പൂർത്തിയാക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ: (എ) ഉണ്ട്. രണ്ടു പഞ്ചവത്സരപദ്ധതിപ്രകാരം ഗ്രാമീണറോഡുകൾ നന്നാക്കുന്നതിന് ഒരു സ്കീം നടപ്പിൽ വരുത്തിയിട്ടുണ്ട്.

(ബി) രണ്ടുകൊല്ലം.

(സി) ഈ റോഡിൽ, പോത്തൻകോട്ടു നിന്നും ഒന്നരമൈൽ ദൂരം റോഡ് ൧൯൫൧ ജൂലയിൽ പൂർത്തിയായി. കരിയത്തു നിന്നും ഒരു മൈൽ ൩൪൯ അടി നീളം റോഡ് വേല നടന്നുകൊണ്ടിരിക്കുന്നു. പോത്തൻകോട്ടു നിന്നും ഒന്നരമൈലിനിപ്പുറമുള്ള ൩൩൯൦ അടിക്ക് ഉള്ള എസ്റ്റിമേററ് തിരുവനന്തപുരം എക്സിക്യൂട്ടീവ് എഞ്ചിനീയരാഫീസിൽ പരിശോധനയിലിരിക്കുന്നു.

(ഡി) ഈ കൊല്ലത്തിൽ പൂർത്തിയാക്കാമെന്നു പ്രതീക്ഷിക്കുന്നു.

മസൂരി ആസ്പത്രി.

* ൩൨. [൧൮] ശ്രീ. വി. ശ്രീധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പബ്ലിക് ഹെൽത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഈ സംസ്ഥാനത്ത് ആകെ എത്ര മസൂരി ആസ്പത്രികളുണ്ട്?

(ബി) ഐരാണിമുട്ടത്തു മസൂരി ആസ്പത്രിയുടെ നടത്തിപ്പ് ആർക്കാണ്?

(സി) ഈ ആസ്പത്രിയിൽ പ്രവേശിപ്പിക്കുന്ന രോഗികൾക്ക് വേണ്ടത്ര ചികിത്സാസൗകര്യം ലഭിക്കുന്നില്ലെന്നുള്ള വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ഡി) ഈ ആസ്പത്രിയുടെ നടത്തിപ്പുകാർ ഗവണ്മെൻറിൽ നിന്നും എന്തെങ്കിലും ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ?

(ഇ) ഉണ്ടെങ്കിൽ ഗവണ്മെൻറ് അത് അനുവദിച്ചുകൊടുത്തിട്ടുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ): ഈ ചോദ്യത്തിനുത്തരം മുഴുവൻ കിട്ടിയിട്ടില്ല. സ്പീക്കർ അനുവദിക്കുന്ന പക്ഷം ഈ സെഷനിൽതന്നെ അതിനു മറുപടി പറയാൻ ശ്രമിക്കുന്നതാണ്.

ബോട്ടപകടം.

* നം. ൩. [൫൯] ശ്രീ. പി. വി. അവിരാത്തരകൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

(എ) ചേർത്തലയിൽ നടന്ന ബോട്ടപകടത്തിൽ എത്രപേർ മരിച്ചു;

(ബി) മരിച്ചവരുടെ ലിസ്റ്റ് ഗവണ്മെൻറിന് എവിടെ നിന്നു ലഭിച്ചു;

(സി) ബോട്ടപകടത്തെപ്പറ്റി അന്വേഷിക്കുവാൻ പെൻഷൻ വാങ്ങുന്ന ഉദ്യോഗസ്ഥന്മാരെ നിയോഗിച്ചിട്ടുണ്ടോ; കാരണമെന്ത്;

(ഡി) ഈ അന്വേഷണക്കമ്മിററിയിൽ ചേർത്തലക്കാരല്ലാത്തവർ എത്ര പേരുണ്ട്; അവരുടെ സ്വദേശമെവിടെ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ): (എ) ൧൯.

(ബി) കൊല്ലം ഡിസ്ട്രിക്ട്മജിസ്ട്രേട്ടിൻെറ പക്കൽനിന്നും.

(സി) ഉണ്ട്.

(ഡി) രണ്ടുപേർ.—(1) ശ്രീ. ഐ. സി. ചാക്കോ റിട്ടയർഡ് ചീഫ്ഇൻജനീയർ, തിരുവല്ല. (2) ശ്രീ. പി. എൻ. മാധവൻ, റിട്ടയർഡ് ഡിസ്ട്രിക്ട് ജഡ്ജി, കൊല്ലം.

ശ്രീ. പി. വി. അവിരാത്തരകൻ: ഈ ബോട്ട് ഇൻഷ്വർ ചെയ്യപ്പെട്ടിട്ടുണ്ടായിരുന്നോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിഞ്ഞുകൂടാ.

ശ്രീ. ററി. കെ. കൃഷ്ണൻ: ഈ അപകടം സംബന്ധിച്ച് ചേർത്തല മെമ്പർമാരിൽ നിന്നും വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അങ്ങനെ കിട്ടിയതായി ഓർക്കുന്നില്ല.

ശ്രീ. എം. എം. അബ്ദുൽഖാദർ: എൻക്വയറികമ്മിററിയിൽ ചേർത്തലയിലുള്ള മെമ്പർമാർ ആരെങ്കിലും ഉണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇല്ലെന്നു പ്രത്യക്ഷമാണ്.

ചേർത്തല-അരൂക്കുററി റോഡ്.

* നം. ൪. [൨൦] ശ്രീ. ആർ. സുഗതൻ: താഴെ പറയുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

ചേർത്തല-അരൂക്കുററി റോഡിൽ മാക്കേക്കടവിനു പടിഞ്ഞാറുവശം റോഡു തകർന്ന്, മണൽ തെളിഞ്ഞ് ബസ്സുകളും കാറുകളും കടന്നുപോകാൻ പ്രയാസപ്പെടുന്ന നിലയിൽ കിടക്കുന്നതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ): ഉണ്ട്. അററകുററപ്പണികൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ആർ. സുഗതൻ: റോഡിന്റെ എവിടം മുതൽ എവിടംവരെയാണ് അററകുററപ്പണി നടന്നുകൊണ്ടിരിക്കുന്നത്?

ശ്രീ. കളത്തിൽ വേലായുധൻനായർ: റോഡിൽ അററകുററമുള്ള മാക്കേക്കടവിനു പടിഞ്ഞാറുവശം മുഴുവനും.

വാടകനിയന്ത്രണം.

*൩൪. [൨൧] ശ്രീ. പി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി പറയുമോ:—

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിൽ വാടകനിയന്ത്രണം നടപ്പിലാക്കിയിരിക്കുന്ന പട്ടണങ്ങൾ ഏതെല്ലാം;

(ബി) തിരുവല്ലാപട്ടണത്തിൽ വാടകനിയന്ത്രണം ഏർപ്പെടുത്താതിരിക്കുന്നതു നിമിത്തം എൻ. ജി. ഓ. ആദിയായ ഉദ്യോഗസ്ഥന്മാർ അനുഭവിക്കുന്ന ദുരിതം ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ?

ധനകാര്യവും സിവിൾസപ്ലൈയിസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) താഴെ വിവരിക്കുന്ന പട്ടണങ്ങളിലാണ് വാടകനിയന്ത്രണം നടപ്പിലാക്കിയിരിക്കുന്നത്. തിരുവനന്തപുരം, നാഗർകോവിൽ, കുഴിത്തുറ, കുളച്ചൽ, പത്മനാഭപുരം, നെയ്യാററിൻകര, ആററിങ്ങൽ, ആലപ്പുഴ, കൊല്ലം, കായംകുളം, ചെങ്കോട്ട, മാവേലിക്കര, തിരുവല്ലാ, ചെങ്ങന്നൂർ, കോഴഞ്ചേരി, അടൂർ, പത്തനംതിട്ട, പുനലൂർ, ചേർത്തല, ഹരിപ്പാട്, ചങ്ങനാശേരി, വൈക്കം, പാലാ, മൂവാററുപുഴ, കോട്ടയം, മട്ടാഞ്ചേരി, ഇരിങ്ങാലക്കുട, തൃശ്ശൂർ, എറണാകുളം, കുന്നംകുളം, ചിററൂർ, തത്തമംഗലം, ആലുവാ, പറവൂർ.

(ബി) എയ്ക്കു നൽകിയിട്ടുള്ള ഉത്തരത്തിൽനിന്നും തിരുവല്ലായിലും വാടക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടെന്നു കാണാവുന്നതാണ്.

Shri K. Balakrishna Menon: Why not extend it to other towns also?

Shri Panampilli Govinda Menon: There are no other towns.

Shri K. Balakrishna Menon: What, no towns?

Shri Panampilli Govinda Menon: No.

ഗ്രാമറോഡുകൾ.

*൩൫. [൨൨] ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പബ്ളിക്ക്വർക്ക്സ് വകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:—

(എ) കേന്ദ്ര റോഡ്റിസർവ്വ് ഫണ്ടിൽ നിന്നും തിരുവിതാംകൂർ-കൊച്ചി ഗ്രാമറോഡുകൾക്ക് ഈ കഴിഞ്ഞ വർഷങ്ങളിൽ എന്തെങ്കിലും തുക അനുവദിച്ചു കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ വർഷവും എത്ര തുകവീതം;

(സി) ആ സംഖ്യകൾ ഏതെല്ലാം റോഡുകൾക്കായി വിനിയോഗിച്ചു?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ): (എ) ഇല്ല.

(ബി) ആൻറ (സി) എയുടെ ഉത്തരത്തിൽ നിന്നും ഇതു ഉദിക്കുന്നില്ല.

മലംനിക്ഷേപകേന്ദ്രം.

* ൯൯ [വ. ൩] ശ്രീ. സി. അച്യുതമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) തൃശ്ശൂർ മുനിസിപ്പാലിററിയുടെ മലനിക്ഷേപകേന്ദ്രം ലാലൂരിൽ നിന്നു മാററണമെന്നു തദ്ദേശനിവാസികളുടെ നിവേദനം കിട്ടിത്തുടങ്ങിയിട്ട് എത്ര കാലമായി?

(ബി) ഇതേവരെ എത്ര തവണ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടു്? (കൊച്ചി ഗവണ്മെൻറായിരുന്നകാലം ഉൾപ്പെടെ);

(സി) അതു് അവിടെ നിന്നും മാററുവാൻ ഒരിക്കൽ ഉത്തരവുണ്ടായിട്ടുണ്ടോ?

(ഡി) നിവേദനങ്ങൾക്ക മറുപടി എന്താണ് കൊടുത്തതു്?

(ഇ) എന്തുകൊണ്ടാണ് ഇതേവരെയും അതു സ്ഥലം മാററാതിരുന്നതു്?

(എഫ്) മലംനിക്ഷേപകേന്ദ്രത്തിൻെറ എത്രദൂരം അടുത്തു വീടുകൾ ഉണ്ടു്; തൃശ്ശൂർ കാഞ്ഞാണി റോഡിൽ നിന്നു പ്രസ്തുതസ്ഥലത്തേയ്ക്കു് എത്ര ദൂരമുണ്ടു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ): വിവരങ്ങൾ ശേഖരിച്ചുവരികയാണ്.

കുഷ്ഠരോഗ ആശുപത്രി.

* ൯൧. [വ. ൪] ശ്രീ. സി. അച്യുതമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

(എ) തിരുവിതാംകൂർ-കൊച്ചി സ്റ്റേററിൽ കുഷ്ഠരോഗികളുടെ എണ്ണത്തെപ്പററി എന്തെങ്കിലും സ്ഥിതിവിവരക്കണക്കുകൾ ഉണ്ടോ?

(ബി) സ്റ്റേററിൽ ഒട്ടാകെ ഇന്നു എത്ര കുഷ്ഠരോഗികളുണ്ടു്?

(സി) സ്റ്റേററിൽ എത്ര കുഷ്ഠരോഗ ആശുപത്രികൾ ഉണ്ടു്? അവയിൽ എല്ലാം കൂടി എത്ര രോഗികളെ കിടത്തി ചികിത്സിപ്പിക്കാൻ സൗകര്യമുണ്ടു്; ഇന്നു് എത്ര രോഗികൾ ഉണ്ടു് അവയിൽ?

(ഡി) ഈ ആശുപത്രികൾ നടത്തുന്നതാരാണ്? അവയ്ക്കു് എന്തു ചെലവു വരും; ഗവണ്മെൻറിൽ നിന്നും അതിന് എന്തുചെലവുചെയ്യുന്നു?

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. വി. മാധവൻ) : (എ) തിരുവിതാംകൂർ-കൊച്ചി സ്റ്റേററിൽ കുഷ്ഠരോഗികളുടെ എണ്ണത്തെപ്പററി ശരിയായ സ്ഥിതിവിവരക്കണക്കുകളില്ല,

(ബി) സ്റ്റേററിൽ മട്ടാകെ ഏകദേശം അൻപതിനായിരത്തോളം കുഷ്ഠരോഗികൾ ഉണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഈ അനുമാനം ചില പ്രത്യേക ഗ്രാമങ്ങളിൽ നടത്തിയ ലെപ്രസിസർവെ അടിസ്ഥാനമാക്കിയിട്ടുള്ളതാണ്.

(സി) സ്റ്റേററിൽ ആകെ ൫ ആശുപത്രികളുണ്ട്. അവയിലെല്ലാംകൂടി ൧൭൪൦ കുഷ്ഠരോഗികളെ കിടത്തി ചികിത്സിക്കുന്നതിനു സൗകര്യമുണ്ട്. ഈ ആശുപത്രികളിൽ ആകെ ൧൭൫൯ രോഗികളുണ്ട്,

(ഡി) ഇവയിൽ നൂറനാട്ട് ലെപ്രസി സാനിറേറാറിയം ഒഴികെ ബാക്കിയുള്ളത് പ്രൈവററ് മാനേജുമെൻറിലാണ്. അവയ്ക്കു് ഗവണ്മെൻറിൽ നിന്നും ഗ്രാൻറ നൽകുന്നുണ്ട്. കളച്ചലിലും പുത്തൻകുരിശിലും ഉള്ള ആശുപത്രികൾക്ക് പ്രതിമാസം ഒരു രോഗിക്കു എട്ടര രൂപായെന്ന കണക്കിൽ ഗ്രാൻറ നൽകിവരുന്നുണ്ട്. കൊരട്ടിയിലുള്ള ആശുപത്രിക്കു ഒരാൾക്ക് പ്രതിമാസം ൨൪ രൂപായെന്ന കണക്കിൽ ഗ്രാൻറ നൽകിവരുന്നു. പുത്തൻകുരിശിൽ ഒരാൾക്ക് പ്രതിമാസം ൨൫ രൂപയും കളച്ചലിൽ ഒരാൾക്ക് ൧൪ രൂപയും ചെലവാകുന്നുണ്ട്. ഗവണ്മെൻറ നടത്തുന്ന നൂറനാട്ട് സാനിറേറാറിയത്തിലെ ൧൯൫൧-൫൨-ലെ ചെലവ് ൧,൨൪,൭൭൧ രൂപാ ൧൩ അണ. ൭ പൈസയാണ്. ചേർത്തലയിൽ റോമൻ കത്തോലിക്കർ നടത്തുന്ന ഒരു ആശുപത്രിയുണ്ട്. അതിനു ഗവണ്മെൻറ ഗ്രാൻറ നൽകാത്തതിനാൽ അതിലെ ചെലവ് സംബന്ധിച്ചുള്ള സ്ഥിതിവിവരക്കണക്കുകളും മററും ശേഖരിച്ചിട്ടില്ല.

ശ്രീ. എൻ. പി. വർഗ്ഗീസ് : ഗവണ്മെൻറ നടത്തുന്ന ആശുപത്രികളിൽ ഒരു രോഗിക്കു എന്തു ചെലവുവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ?

ശ്രീ. വി. മാധവൻ : ഗവണ്മെൻറ നടത്തുന്നതു് നൂറനാട്ട് ലെപ്രസി സാനിട്ടേറിയം ആണ്. അവിടെ ൧,൨൪,൭൭൧ രൂപാ ൧൩ ണ. ൭ സ. ഒരാണ്ടിൽ ചെലവായിട്ടുണ്ടെന്നു പറഞ്ഞല്ലോ. ബെഡ്ഡിന്റെ നമ്പരും തന്നിട്ടുണ്ട്. അതനുസരിച്ചു കണക്കാക്കാം.

കുഷ്ഠരോഗികളായ യാചകർ.

❋ ൩൪. [൨൫] ശ്രീ. സി. അച്യുതമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) തൃശ്ശിവപേരൂർ മുനിസിപ്പാലിററിക്കകത്തു, കൊക്കാല റയിൽവേസ്റ്റേഷനു സമീപമുള്ള അടയ്ക്കാച്ചന്ത കുഷ്ഠരോഗികളായ യാചകന്മാരുടെ താമസസ്ഥലമായി അവർ ഉപയോഗിച്ചുവരുന്നുണ്ടോ?

(ബി) ചന്തയ്ക്കു പിൻവശമുള്ളതും നാട്ടുകാർക്ക് ഉപയോഗത്തിനുള്ളതുമായ പൊതുക്കുളത്തിൽ ഈ രോഗികൾ യഥേഷ്ടം ഇറങ്ങി കുളിക്കാറുണ്ടെന്നു ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(സി) ഈ സംഗതികളെപ്പററി ഗവണ്മെൻറിലേയ്ക്കു എന്തെങ്കിലും പരാതി ലഭിക്കുകയുണ്ടായിട്ടുണ്ടോ; അതിന്മേൽ എന്തു നടപടി നടത്തി?

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. വി. മാധവൻ): (എ) ചിലപ്പോൾ ഉപയോഗിക്കാറുണ്ടു്.

(ബി) ചിലർ കളിക്കാറുണ്ടു്.

(സി) ഉണ്ടു്. ഈ സംഗതി ഗവണ്മെൻറിന്റെ പര്യാലോചനയിൽ ഇരിക്കുന്നു.

ശ്രീ. സി. അച്യുതമേനോൻ : ചിലപ്പോഴല്ല; ദിവസവും അവിടെ ൨൦൦-ൽ അധികം കുഷ്ഠരോഗികൾ താമസിക്കാറുണ്ടെന്നു ഞാൻ പറഞ്ഞാൽ അതു വിശ്വസിക്കാൻ തയാറുണ്ടോ?

ശ്രീ. വി. മാധവൻ. ബഹു: മെമ്പർ പറഞ്ഞതു വിശ്വസിക്കുന്നുണ്ടു്.

ശ്രീ. എം. എം. അബ്ദുൽഖാദർ : അതുപോലെ നാട്ടിന്റെ നാനാഭാഗങ്ങളിലും ധാരാളം ....

Mr. Speaker: It is a vague question. How does it advance the interests of the people ? I disallow the question.

Shri C. Achyutha Menon: Question No. 26, Sir.

Mr. Speaker: It is the fourth question of the hon. Member. That question will not therefore be called.

Shri C. Achyutha Menon: But one question was not answered, Sir.

Mr. Speaker: But the question was called anyway though the answer was not ready. According to the rules, the Speaker can call only three questions in the name of a Member.

Shri C. Achyutha Menon: I was under the impression......

Mr. Speaker: I have already made that provision very clear.

ശ്രീ. സി. അച്യുതമേനോൻ : ആദ്യത്തെ ചോദ്യം വരാത്തതുകൊണ്ടു പിന്നെയുള്ള ൩-ചോദ്യവും വരുമെന്നു ഞാൻ വിചാരിച്ചിരുന്നു. പക്ഷെ ....

Mr. Speaker: Nobody can help it now.

പെരിങ്ങൽകുത്തു് ഹൈഡ്രോ എലക്ട്രിക്കു് പദ്ധതി.

* ൩൯. (൨൧) ശ്രീ. എ. എൽ. ജേക്കബ് : താഴെ കാണുന്ന ചോദ്യത്തിനു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

പെരിങ്ങൽകുത്തു ഹൈഡ്രോ എലക്ട്രിക്കു് പദ്ധതിയിൽ നിന്നു വൈദ്യുതശക്തി വിതരണം എന്നുമുതൽ സാധിക്കുമെന്നാണു് ഗവണ്മെൻറു പ്രതീക്ഷിക്കുന്നതു്?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ): ൧൯൫൪-ലെ ആരംഭംമുതൽ,

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ൧൯൬൨-ൽ ഈ പണി പൂർത്തിയാക്കുമെന്ന് മുൻധനകാര്യമന്ത്രിയുടെ ബഡ്ജററ പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളതായി അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അങ്ങനെ പ്രസംഗിച്ചിട്ടുണ്ടായിരിക്കാം.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഈ പദ്ധതിയനുസരിച്ചുള്ള പണി പൂർത്തിയാകാതെയിരിക്കത്തക്കവണ്ണം ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാർ ജോലി നീട്ടിക്കൊണ്ടുപോകുന്നുവെന്നറിയാമോ?

ശ്രീ. കളത്തിൽവേലായുധൻനായർ: അറിഞ്ഞുകൂടാ.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: അവിടത്തെ ധാരാളം തൊഴിലാളികളെ പിരിച്ചുവിട്ടിട്ടുള്ളതായി അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ധാരാളം തൊഴിലാളികളെ പിരിച്ചുവിട്ടതായി അറിഞ്ഞുകൂടാ.

ശ്രീ. ടി. കെ. ദിവാകരൻ: മന്ത്രിമാരുടെ പ്രസ്താവനകൾക്കും ഗവണ്മെൻറിൻെറ പ്രവൎത്തനങ്ങൾക്കും വല്ല ബന്ധവും ഉണ്ടോ?

Mr. Speaker: The question itself should have been disallowed. For having allowed it, we are put to all this trouble. Next question please.

പുതുക്കാട്ട് ഡിസ്പെൻസറി.

*൭൦. [൨൮൨] ശ്രീ. വാറണ്ണി പുളിക്കൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മെഡിക്കൽ വകുപ്പു മന്ത്രി ദയവായി ഉത്തരം പറയുമോ?

(എ) പുതുക്കാട്ട് ഡിസ്പെൻസറിയിൽ മുൻകാലങ്ങളിൽ രണ്ടു ഡാക്ടർമാർ ഉണ്ടായിരുന്നോ?

(ബി) ഏതുകാലം മുതൽ ഏതു കാലം വരെ രണ്ടു ഡാക്ടർമാർ ഉണ്ടായിരുന്നു?

ശ്രീ. കെ. പി. കൃഷ്ണമേനോൻ : സർ, കഴിഞ്ഞ അസംബ്ലിയിൽ അവതരിപ്പിച്ചിട്ടുള്ള ബഡ്ജററ് റിവൈസ് ചെയ്ത ഒരു ബഡ്ജററ് ഈ നിയമസഭയിൽ അവതരിപ്പിക്കുമെന്നാണ് ഈ നിയമസഭയിലെ എല്ലാ ബഹുമാനപ്പെട്ട മെംബർമാരും വിചാരിച്ചിരുന്നത്. കഴിഞ്ഞ നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജററിനെപ്പററി ഭാഗികമായ പല നിരൂപണങ്ങളും വിമർശനങ്ങളും ചെയ്തുകഴിഞ്ഞതിനുശേഷം ഒരു സമഗ്രമായ വിമർശനം ചെയ്യുന്നതിനുവേണ്ടിയാണ് ഇന്ന് ഒരു ബഡ്ജററ നമ്മുടെ മുമ്പിൽ അവതരിപ്പിച്ചിട്ടുള്ളത്. അതിനെപ്പററി സാമാന്യമായി ചർച്ച ചെയ്യുന്ന അവസരത്തിൽ ഈ നാട്ടിലെ സാധുജനങ്ങൾക്ക് ഈ ബഡ്ജററ എത്രകണ്ടുപകരിക്കുമെന്നാണ് ആദ്യമായി നമുക്കാലോചിക്കുവാനുള്ളത്. ജനകീയമന്ത്രിസഭ വരുന്നതിനുമുമ്പു നമ്മുടെ ദിവാൻജിമാർ സമർപ്പിച്ചിട്ടുള്ള ബഡ്ജററുകളിൽനിന്നും വ്യത്യസ്തമായ യാതൊന്നുംതന്നെ ഈ ബഡ്ജററിൽ ഇല്ല. ജനങ്ങളോടുത്തരവാദിത്വമുള്ള ഒരു മന്ത്രിസഭ ഭരിക്കുമ്പോൾ അതിനേക്കാൾ മെച്ചമായ നിലയിൽ സാധുജനങ്ങൾക്കു പ്രയോജനപ്പെടാവുന്ന വിധത്തിൽ ഒരു ബഡ്ജററ അവതരിപ്പിക്കപ്പെടുമെന്നാണ് ഈ സഭയിലെ അംഗങ്ങൾ പ്രതീക്ഷിച്ചിട്ടുള്ളത്. എന്നാൽ ഈ ബഡ്ജററിൽ അങ്ങനെയുള്ള യാതൊരുവിധ ഉപാധികളും കാണുന്നില്ലെന്നു പറയുമ്പോൾ സ്വല്പം അതിശയം തോന്നുമായിരിക്കാം. അതെന്താണെന്നു മനസ്സിലാക്കുവാൻവേണ്ടി ഈ നിയമസഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയെ ഞാൻ ഒന്നുരണ്ടു കാര്യങ്ങളിലേയ്ക്കു പ്രത്യേകമായി

[ശ്രീ. കെ. പി. കൃഷ്ണ മേനോൻ.]

ക്ഷണിച്ചുകൊള്ളുന്നു. നമ്മുടെ ഗവൺമെൻറിൻെറ വലിയവലിയ തുകകൾ ഓഹരികളായും മററും കൊടുത്തു് പല കമ്പനികളും ഇന്നു തിരുവിതാംകൂർ-കൊച്ചിയിൽ നടത്തുന്നുണ്ടു്. ആ കമ്പനികളുടെ നടത്തിപ്പിനെപ്പററിയോ അവയുടെ മററു കാര്യവിവരങ്ങളെപ്പററിയോ ഈ സഭയ്ക്കു യാതൊന്നും അറിയുവാൻ കഴിയുന്നില്ല. ഇതു് ജനകീയ സിദ്ധാന്തങ്ങൾക്കു യോജിച്ചതാണോ എന്നു പ്രത്യേകം ആലോചിക്കേണ്ടതാണു്. പണ്ടു ദിവാൻജിമാർ ഭരിച്ചിരുന്ന കാലത്തു് ആ കമ്പനികളുടെ ഭരണമെല്ലാം നടത്തിവന്നിരുന്നതു് ഇവിടത്തെ ഉദ്യോഗസ്ഥന്മാർ ആയിരുന്നു. ജനകീയഭരണം നടപ്പിൽ വന്നതിനുശേഷം ഈ സഭയിലെ യഥാർത്ഥപ്രതിനിധികളോടു ഉത്തരവാദിത്വമുള്ള നിലയിലല്ല ആ കമ്പനികൾ ഇന്നു നടത്തിക്കൊണ്ടുപോകുന്നതു്. ജനകീയഭരണം നടപ്പിൽവന്നതിനുശേഷം ഈ സഭയോടുത്തരവാദിത്വമുള്ള പ്രതിനിധികൾ ആ കമ്പനികളെ പ്രതിനിധീകരിക്കുകയും അവിടെ നടക്കുന്ന എല്ലാ പ്രവൎത്തനങ്ങളുടേയും ഒരു ചുരുക്കം കാലാകാലങ്ങളിൽ ഈ സഭയിൽ അവതരിപ്പിക്കുകയും ചെയ്യുന്നതായാൽ ഈ സഭയ്ക്കു ഈ രാജ്യത്തിലെ വലിയ സ്വത്തുക്കൾ ഉൾപ്പെട്ടിരിക്കുന്ന ആ കമ്പനികളെപ്പററി ഏതാണ്ടു ഒരു വിവരം ധരിക്കുവാൻ കഴിയുന്നതാണു്. പണ്ടു ദിവാൻജിമാർ ഭരിച്ചിരുന്നപ്പോൾ ഒരു സ്റ്റേററു് എയിഡഡ് ബാങ്ക് ഉണ്ടായിരുന്നു. അതിൻെറ പ്രവൎത്തനം മന്ദീഭവിച്ചതിനുശേഷം ട്രാവൻകൂർബാങ്ക് എന്നപേരിൽ മറെറാരു ബാങ്ക് ഇപ്പോൾ പ്രവൎത്തനം നടത്തിവരുന്നുണ്ടു്. ട്രാവൻകൂർ ബാങ്ക് ഇന്നു ഭരിക്കുന്നതു് ഒരു യൂറോപ്യനാണു്. അദ്ദേഹത്തിൻെറ സ്ഥാനമാനങ്ങൾ നോക്കുമ്പോൾ അദ്ദേഹം മുമ്പു് ഇമ്പീരിയൽ ബാങ്കിൻെറ ഒരു ഏജൻറായിരുന്നു. ഈ ബാങ്കിനെ സംബന്ധിച്ചു് പ്രായോഗികപരിചയമുള്ള പല മാന്യന്മാരും ഇവിടെ ഉള്ളതുകൊണ്ടും മററു പല വലിയ വലിയ ബാങ്കുകൾ നാട്ടുകാർ നടത്തുവാൻ സാധിക്കുമെന്നുള്ളതുകൊണ്ടും ആ ബാങ്കിലെ ൫൧ ശതമാനം ഓഹരികൾ ഗവൺമെൻറു എടുത്തിട്ടുള്ളതുകൊണ്ടും ഈ നാട്ടിലെ ബഹുഭൂരിപക്ഷം ജനങ്ങളുടെ ഒരു നിക്ഷേപമായിരിക്കുന്ന ആ ബാങ്ക് സാധാരണ ജനങ്ങൾക്കു് കൂടുതൽ പ്രയോജനകരമാകത്തക്കവിധത്തിൽ ഗവൺമെൻറു ഒരു പദ്ധതി ഉണ്ടാക്കി അവരെക്കൊണ്ടു് അതു് ചെയ്യിക്കേണ്ടതാണു്. ഈ ബാങ്കിൽനിന്നും കൊടുക്കുന്ന അഡ്വാൻസുകൾ ഈ നാട്ടിലെ മുതലാളിമാർക്കും, ഈ നാട്ടിലെ വമ്പിച്ച മുതലാളി സ്ഥാപനങ്ങൾക്കും പ്രയോജനപ്പെടുന്നുണ്ടാവാം. ആലുവായിൽ ഒരു എഫ്. ഏ. സി.ടി-ക്കു മാത്രമാണു് ൫ ലക്ഷം രൂപ ഈ ബാങ്കിൽനിന്നു സഹായം ചെയ്യുന്നതു്. വ്യവസായത്തിനും കൃഷിക്കും പ്രയോജനപ്പെടുന്ന വിധത്തിൽ ഈ ബാങ്കിൽനിന്നു് പണം കൊടുക്കുന്നതായാൽ അതു് ഈ നാട്ടിലെ സാധാരണ ജനങ്ങൾക്കു് പ്രയോജനകരമായിരിക്കും. അതു് ഈ നാട്ടിലെ കൃഷിയേയും വ്യവസായത്തേയും കുടിൽവ്യവസായത്തേയും പരിപാലിക്കുന്നതിനു് പ്രയോജനകരമായിരിക്കും. അതുകൊണ്ടു് മുതലാളികളേയും മുതലാളിസ്ഥാപനങ്ങളേയും സഹായിക്കുന്നതിൽനിന്നു് അതിനെ പിന്നോട്ടു കൊണ്ടുവന്നു് സാധാരണ ജനങ്ങൾക്കു് പ്രയോജനപ്പെടത്തക്കവിധത്തിൽ ആ ബാങ്കിൻെറ മാനേജ്മെൻറിനെക്കൊണ്ടു് പ്രവൎത്തിപ്പിക്കണമെന്നാണു് എനിക്കു ഈ സഭയെ അറിയിക്കുവാനുള്ളതു്.

മുതലാളികളെയാണ് ഈ ഗവൺമെൻറ് സഹായിക്കുന്നത് എന്നുള്ളതിന് ഒന്നുരണ്ടു സംഗതികൾ ഇവിടെ പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ചാലക്കുടിയിൽ വലിയ വലിയ കാൺട്രാക്ററുകൾ നടത്തുന്നുണ്ടു്. ഓരോ കാൺട്രാക്ററിനും പ്രത്യേകം പ്രത്യേകം എണ്ണസ്ററമണി വയ്ക്കുക പതിവുണ്ടു്. അതു നിറുത്തി അഞ്ചൂറോ ആയിരമോ രൂപയുടെ ഒററ സെക്യൂറിററിയിന്മേൽ ടെൻഡർ ചെയ്യാൻ വ്യവസ്ഥചെയ്യണം. അതുമൂലം ആ കാൺട്രാക്ററുകൾ നടത്തുന്നതിന് കൂടുതൽ ആളുകൾ ഉണ്ടാകുകയും ചെയ്യും. സാധാരണക്കാരായ പലർക്കും ആ കാൺട്രാക്ടിൽ പങ്കെടുക്കുവാൻ സാധിക്കുകയും ചെയ്യും. എന്നാൽ ഇപ്പോൾ അതിലേയ്ക്കു് ലക്ഷക്കണക്കിനുള്ള തുക ഓരോ വേലയ്ക്കും സെക്യൂറിററിവച്ചു് ഈ നാട്ടിലെ മുതലാളികൾക്കുമാത്രം അതിൽ ഇടപെടുവാൻ തക്കവണ്ണം അതു വച്ചുകൊണ്ടിരിക്കുകയാണ്. സാധാരണ ജനങ്ങൾക്കുകൂടി അതിൽ പങ്കെടുക്കത്തക്കവിധം അതിനെ ക്രമീകരിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്.

കഴിഞ്ഞ നിയമസഭയിൽ ഇവിടത്തെ ലിഫ്ററജറിഗേഷനെപ്പററിയും ഇവിടത്തെ എഴുത്തുകുത്തുകളുടെ കാലതാമസത്തെപ്പററിയും പല ബഹുമാനപ്പെട്ട അംഗങ്ങളും ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അതിന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറഞ്ഞതു് അതൊക്കെ നിങ്ങൾ പറയേണ്ടതാണ്; ബഡ്ജററ് നിങ്ങൾ പാസ്സാക്കിത്തരിക; നിങ്ങൾ പറഞ്ഞ കാര്യങ്ങൾക്ക് എല്ലാം നിവാരണം ഉണ്ടാക്കാം എന്നാണ്. ദിവാൻജിമാർ ഇവിടെ ഇരുന്ന കാലത്തു്—ഒരു ചീഫ്സെക്രട്ടറിയെ വച്ചു് ഭരിച്ചുകൊണ്ടിരുന്ന കാലത്തു്—എഴുത്തുകുത്തുകൾക്കുണ്ടായിരുന്ന കാലതാമസം ഇന്നും ഉണ്ടു്. അതിലേയ്ക്കു് ഒരുകാര്യവും ഗവൺമെൻറ ചെയ്തിട്ടില്ല. അതിലേയ്ക്കു് മന്ത്രിസഭയുടെ സത്വരശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു. ഇന്ന് ഞങ്ങളുടെ നാട്ടിൽ ഒരു ലൈററുകണക്ഷൻ കിട്ടുന്നതിന് ഇലക്ട്രിക്കൽ അസിസ്റ്റൻറ ഇൻജിനീയരെയാണ് സമീപിക്കേണ്ടതു്. പണ്ടു് കൊച്ചിയിൽ ലൈററ കണക്ഷൻ കിട്ടുന്നതിന് ഒരു ലൈൻമാനെ സമീപിച്ചാൽ മതിയായിരുന്നു. അതുകൊണ്ടു് ഇങ്ങനെയുള്ള നിസ്സാര സംഗതികളെല്ലാം ചെയ്യുന്നതിന് കീഴുദ്യോഗസ്ഥന്മാർക്ക് അധികാരം കൊടുക്കുന്നതായാൽ ഇന്നുള്ള എഴുത്തുകുത്തുകളുടെ കാലതാമസം തീർക്കുന്നതിനും കാര്യനടത്തിപ്പിനും കൂടുതൽ എളുപ്പം ഉണ്ടാകുന്നതാണ്. അതുകൊണ്ടു് ഗവൺമെൻറിൻെറ ശ്രദ്ധ അതിൽ പതിയേണ്ടതാണ്. എനിക്കറിയാം ഒരു താസിൽദാർ റവന്യൂ ഡിമാൻറ് നോട്ടീസുപോലും അദ്ദേഹത്തിനു ഒപ്പു് ഇടുന്നതിന് അയയ്ക്കണമെന്നു പറഞ്ഞ കഥ. ഡെപ്യൂട്ടി താസിൽദാർ ഒപ്പിട്ടാൽ പോരാ, താസിൽദാർതന്നെ ഒപ്പിടണമെന്നു പറഞ്ഞതായി കേട്ടിട്ടുണ്ടു്. ചില കാര്യങ്ങൾ നടത്തുന്നതിനുള്ള അധികാരം കീഴുദ്യോഗസ്ഥന്മാർക്കു കൊടുത്തു അവരെക്കൊണ്ടു കാര്യങ്ങൾ നടത്തിക്കുന്നതിനു ഗവൺമെൻറ ശ്രദ്ധിക്കണം.

ഒരു സംഗതി ഇവിടെ വ്യക്തമാക്കാതെ നിവൃത്തിയില്ല. ഗവൺമെൻറിൻെറ സകലവിധ ആനുകൂല്യങ്ങളും വടക്കോട്ടു പോകുന്തോറും കുറഞ്ഞു കുറഞ്ഞാണു വരുന്നതു്. കുന്നത്തുനാട്, പറവൂർ മുതലായ സ്ഥലത്തുവരുമ്പോൾ ഗവൺമെൻറിൻെറ ആനുകൂല്യങ്ങൾ നിൽക്കുന്നതായിട്ടാണു കാണുന്നതു്. എതാണ്ടു കോട്ടയം വരുമ്പോൾ ഗവൺമെൻറിൻെറ ആനുകൂല്യങ്ങളെല്ലാം നിൽക്കുന്ന ഒരു പരിതഃസ്ഥിതിയുണ്ടു്. വടക്കൻദിക്കുകളിലേയ്ക്കും

[ശ്രീ. കെ. പി. കൃഷ്ണ മേനോൻ.]

കൂടി ഗവണ്മെൻറിൻെറ ആനുകൂല്യങ്ങൾ നീട്ടണമെന്നു എനിയ്ക്കൊരഭ്യർത്ഥനയുണ്ടു്. ആലുവായിലെ ഗസ്റ്റ്ഹൌസിൽ പണ്ടു് വ്വ അടിച്ചുതളിക്കുന്ന സ്ത്രീകളുണ്ടായിരുന്നു. അതു് നാലാക്കി കുറച്ചു. ഈ നാലുപേരുടെ ശമ്പളം 22 രൂപ വീതമാണു്. മററു ഗസ്റ്റ്ഹൌസിലെ അടിച്ചുതളിക്കാരുടെ ശമ്പളം 42 രൂപയാണു്. ആ സ്ഥിതിക്കു ആലുവായിൽ മാത്രം 22 രൂപവീതം കൊടുത്തുകൊണ്ടിരിക്കുന്നതു കഷ്ടമാണു്. ഇനിമേലാലെങ്കിലും ആലുവായിലും മററു വടക്കൻ പ്രദേശങ്ങളിലും അവിടത്തെ ഭരണം നടത്തുന്നതിൽ യാതൊരു ആനുകൂല്യക്കുറവും കാണിക്കരുതെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. ആലുവായിലെ എൻ. ജി. ഒ-മാക്കു് കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യം ഈ ഗവണ്മെൻറു നിറുത്തലാക്കി. എറണാകുളത്തോ തൃശ്ശൂരോ അവർ താമസിച്ചില്ല എന്ന ഒരൊററക്കാരണംകൊണ്ടു് അവക്കു കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യങ്ങൾ കുറച്ചതു് വളരെ കഷ്ടമാണു്. അതുകൊണ്ടു് വടക്കൻ പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറു് ഇന്നു കാണിക്കുന്ന ആനുകൂല്യക്കുറവു് മേലാൽ ഉണ്ടാകാതിരിക്കുന്നതിനു പ്രത്യേകം ശ്രദ്ധിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. കാൺഗ്രസ്സ് പാർട്ടിയോടു സഹകരിച്ചു് നിൽക്കുവാൻ മാത്രമല്ല, വേണ്ടിവന്നാൽ അതിനെ ജീവിപ്പിക്കുന്നതിനു വേണ്ടിയും അതിനോടു സഹകരിക്കുവാൻ ഞങ്ങൾ തയാറാണു്. പണ്ടു ദിവാൻജിമാർ ഭരിച്ചിരുന്ന കാലത്തു് നടന്നിരുന്നതിൽ കവിഞ്ഞു് യാതൊന്നും ഇവിടെ നടക്കുന്നില്ല എന്നുള്ള പരമാർത്ഥം വച്ചുകൊണ്ടുമാത്രമാണു് ഇന്നു കാൺഗ്രസ്സ് ഗവണ്മെൻറിനെ എതിർത്തു ചിലപ്പോൾ ഞങ്ങൾക്കു നിൽക്കേണ്ടിവരുന്നതു്. അതുകൊണ്ടു് ഗവണ്മെൻറു് എല്ലാ പ്രദേശക്കാരോടും ഒരുപോലെ അനുകമ്പയോടുകൂടി പെരുമാറണമെന്നു ഞാൻ ഉൽബോധിപ്പിക്കുന്നു. മൈനർ ഇറിഗേഷനു വേണ്ടി കൊള്ളിച്ചിട്ടുള്ള 9 ലക്ഷം രൂപ തീരെ പോരായെന്നും കൊള്ളിച്ചിട്ടുള്ള തുകയെങ്കിലും ആത്മാർത്ഥമായി ഓരോ പ്രദേശത്തേയും പൊതുജനങ്ങൾക്കു് ആവശ്യമായ തരത്തിൽ വിനിയോഗിക്കുന്നതിനു മന്ത്രിസഭ ശ്രദ്ധ പതിപ്പിക്കണമെന്നും പ്രസ്താവിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ നിയമസഭയിൽത്തന്നെ എൻെറ നിയോജകമണ്ഡലത്തിൽ വെട്ടിയിട്ടുള്ള 5 മൈൽ തോടിൻെറ കാര്യം ഈ സഭയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരികയുണ്ടായി. പരമാർത്ഥം പറഞ്ഞാൽ ഇന്നും ഒരിഞ്ചുവെള്ളംപോലും അവിടെ ഒഴുകുന്നില്ലെന്നു പറയുമ്പോൾ ഈ ഗവണ്മെൻറിൽനിന്നു ചെലവഴിക്കുന്ന എത്ര സംഖ്യയാണു് ഉപയോഗശൂന്യമായി പോകുന്നതെന്നു് അറിയുവാൻ സാധിക്കും. അതുകൊണ്ടു പുതിയതായി കൊള്ളിച്ചിട്ടുള്ള തുകകൾ കൂടുതൽ ആലോചനാപൂർവ്വം ചെലവു ചെയ്യണമെന്നു മാത്രമേ എനിക്കു ഈ അവസരത്തിൽ പറയുവാനുള്ളു. പണ്ടു് ദിവാൻഭരണകാലത്തു് ഏതെല്ലാം വിധത്തിൽ നടപടികൾ ഇവിടെ നടന്നിരുന്നുവോ അതുപോലെ ഇപ്പോഴും നടക്കുന്നു എന്നല്ലാതെ അതിനേക്കാൾ പുരോഗമനപരമായിട്ടുള്ള നടപടികൾ ഈ രാജ്യത്തു നടക്കുന്നതു് വളരെ കുറവാണു്. അതാതു താലൂക്കുകളിൽ വരുത്തുന്ന ഭരണപരിഷ്കാരങ്ങൾ അതാതു താലൂക്കിലെ നിയമസഭാസാമാജികന്മാരോടുകൂടി ആലോചിച്ചു് ചെയ്യുന്നതായാൽ അതു് പൊതുജനങ്ങൾക്കും ഈ നിയമസഭയോടു ഉത്തരവാദിത്വമുള്ള മന്ത്രിമാക്കും കൂടുതൽ നന്നായിരിക്കുമെന്നാണു് എനിക്കു ഈ അവസരത്തിൽ പറയുവാനുള്ളതു്.

ധനകാര്യമന്ത്രി കൊണ്ടുവന്നിട്ടുള്ള ബഡ്ജററും സപ്ലിമെൻററി ഗ്രാൻറും എല്ലാവരുടേയും പരിപൂർണ്ണസഹകരണത്തോടുകൂടി പാസാകുമെന്നു ഞാൻ വിശ്വസിക്കുന്നു.

Shri Nedumangad R. Kesavan Nair : Sir, I should like to submit that to facilitate discussion and to enable all the members of the different parties to take part in it, it would be well if we are asked to supply a list of the members intending to speak.

Mr. Speaker : I have already received a list from the Leader of the Opposition. The hon. Member also can submit his list.

ശ്രീ. ടി. വി. തോമസ്: സർ, കഴിഞ്ഞ തവണ ബഡ്ജററ് ഇവിടെ അവതരിപ്പിച്ചപ്പോൾ ഈ മന്ത്രിസഭ അധികാരത്തിൽ വന്നിട്ട് പതിമൂന്നു ദിവസം മാത്രമേ ആയുള്ളുവെന്നും അതുകൊണ്ട് സമഗ്രമായ ഒരു റിവ്യൂ നടത്തുവാൻ സാധിച്ചില്ലെന്നും അടുത്ത അസംബ്ലിയിൽ അതു നടത്തി ഒരു റിവൈസ്ഡ് ബഡ്ജററ് അവതരിപ്പിക്കാമെന്നും ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ പറഞ്ഞിരുന്നു. എന്നാൽ ഇന്നലെ അദ്ദേഹം ചെയ്ത പ്രസ്താവനയിൽനിന്നു ഞങ്ങൾ മനസ്സിലാക്കുന്നതു് അങ്ങനെ ഒരു റിവ്യൂ നടത്തുന്നതിനു് സാദ്ധ്യമല്ലാത്ത ഒരു പരിതഃസ്ഥിതി ഇവിടെ നിലനിൽക്കുന്നു എന്നുള്ളതാണ്. ഒരു റിവൈസ്ഡ് ബഡ്ജററ് അവതരിപ്പിക്കുന്നതിനു്, ഇവിടെ അവതരിപ്പിച്ചിട്ടുള്ള ബഡ്ജററ് റിവ്യൂ ചെയ്യുന്നതിനു്, കേന്ദ്രഗവൺമെൻറ അനുവദിക്കുന്നില്ല എന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നതു്. പാർട്ട് എ-യും, ബി-യും സ്റ്റേററുകൾ തമ്മിലുള്ള വ്യത്യാസം വെറും തേഡ്ഫാറം എ-യും, ബി-യും തമ്മിലുള്ള വ്യത്യാസംപോലെ മാത്രമേയുള്ളു എന്നു് ഈ സഭയുടെ മുമ്പാകെ പ്രസ്താവിച്ച വിരുതനായ ധനകാര്യമന്ത്രിക്കു് അദ്ദേഹം ആഗ്രഹിച്ചതുപോലെ ബഡ്ജററ് റിവൈസ് ചെയ്യുവാൻ സാദ്ധ്യമല്ലാത്ത നില വന്നുപോയില്ലേ എന്നു് ഞാൻ ചോദിക്കുന്നു. സഹിക്കവയ്യാത്ത അപമാനത്തോടും ദുഃഖത്തോടുംകൂടിയാണ് ആ വസ്തുത ഞങ്ങൾ മനസ്സിലാക്കുന്നതു്. ബ്രിട്ടീഷ് മേധാവിത്വത്തിനെതിരായി, അതിൻെറ നടത്തുണ് ആയിരുന്ന രാജവാഴ്ചയ്ക്കെതിരായി, ദിവാൻഭരണത്തിന്നെതിരായി, സമരം നടത്തിയ ഈ തിരുവിതാംകൂർ-കൊച്ചിയിലെ ജനങ്ങളെ ഈ നിലയിലേയ്ക്കു എത്തിച്ചതു് കാൺഗ്രസ്സ് മന്ത്രിസഭ ഈ നാടിനോട് ചെയ്ത ഏററവും വലിയ ഒരു അപരാധമാണെന്നു് അവർ മനസ്സിലാക്കേണ്ടതാണ്. കാശ്മീരിലേയ്ക്കു് ഒന്നു നോക്കണം. കാശ്മീർജനത നടത്തിയ സമരത്തേക്കാളും ലോകം മുഴുവൻ വിഖ്യാതി നേടിയിട്ടുള്ള സമരം നടത്തിയ തിരുവിതാംകൂർ-കൊച്ചിയിലെ ജനങ്ങൾക്കു് അവരുടെ സമരത്തിൻെറ ഫലമായി ഇതാണോ കിട്ടിയതു് എന്നു് ആലോചിക്കുമ്പോൾ ഞങ്ങൾക്കു് ലജ്ജയാണ് തോന്നുന്നതു്. കാശ്മീരിലെ ജനങ്ങൾ രാജവാഴ്ച അവസാനിപ്പിക്കുന്നു. കാശ്മീരിൽ നഷ്ടപരിഹാരം കൂടാതെ ജന്മിത്വം അവസാനിപ്പിക്കുന്നു. എന്നാൽ തിരുവിതാംകൂർ-കൊച്ചിയിൽ ഒരു ബഡ്ജററ് അവതരിപ്പിക്കണമെങ്കിൽ അതു് കേന്ദ്രത്തിൻെറ അനുവാദംകൂടാതെ സാദ്ധ്യമല്ല. നമ്മുടെ ബഡ്ജററ് ഒന്നു റിവൈസ് ചെയ്യണമെങ്കിൽകൂടി അതിനു് സാദ്ധ്യമല്ലാത്ത പരിതഃസ്ഥിതിയാണ് നമുക്കു് വന്നുകൂടിയിരിക്കുന്നതു്. അതുകൊണ്ട് സഹിക്കവയ്യാത്ത അപമാനത്തോടുകൂടിയാണ് ഞാൻ ഈ

[ശ്രീ. ടി. വി. തോമസ്.]

ബഡ്ജററിനെപ്പററി സംസാരിക്കുവാൻ പോകുന്നതു്. പാർട്ട് എ-യും, ബി-യും സ്റ്റേററുകൾ തമ്മിലുള്ള വ്യത്യാസം വെറും തേഡ്ഫോറം എ-യും, ബി-യും തമ്മിലുള്ള വ്യത്യാസംപോലെയല്ലെന്ന് ഇനിയെങ്കിലും സത്യസന്ധനായ ധനകാര്യമന്ത്രി സമ്മതിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അതിനു മൈസൂറിൽ സ്വീകരിച്ചതുപോലെ ഒരു നില സ്വീകരിച്ച് തിരുവിതാംകൂർ-കൊച്ചിയിലെ ജനങ്ങളുടെ അഭിമാനത്തെ രക്ഷിക്കുന്നതിന് എല്ലാവരും സഹകരിക്കുന്നതിനുള്ള ഒരു സാഹചര്യം ഇവിടെ ഉണ്ടാക്കുന്നതിന് ഞാൻ അഭിപ്രായപ്പെടുന്നു. ഇനിയെങ്കിലും പാർട്ട് എ-യും, ബി-യും സ്റ്റേററുകൾ തമ്മിലുള്ള വ്യത്യാസം തേഡ്ഫോറം എ-യും, ബി-യും തമ്മിലുള്ള വ്യത്യാസംപോലെ മാത്രമാണെന്നു പ്രചരിപ്പിക്കരുതെന്നും എനിയ്ക്കൊരഭ്യർത്ഥനയുണ്ട്.

നിയമസഭയിൽചെയ്ത ഈ അബദ്ധപ്രസ്താവന, പത്രങ്ങളിൽ പ്രസിദ്ധീകൃതമായി രണ്ടു മൂന്നു ദിവസം കഴിഞ്ഞപ്പോൾ ബഹുമാനപ്പെട്ട മന്ത്രിക്കു ഈ കാര്യത്തിൽ വലിയ പരിഭവമുണ്ടായെന്നു എനിക്കു അറിവാകയുംചെയ്തു. കുറെക്കഴിഞ്ഞു് അദ്ദേഹം ഡെൽഹിയിൽചെന്നപ്പോൾ അവിടെ തിരുവിതാംകൂർ-കൊച്ചിക്കാക്ക് തലപൊക്കി നടക്കാൻകൂടി സാധിച്ചില്ലെന്നും പറഞ്ഞുകേട്ടു. സർ, നമ്മുടെ വൻപിച്ച വരുമാനങ്ങളെല്ലാം കേന്ദ്രഗവണ്മെൻറിനു അടിയറവച്ചിട്ടു എന്തിനാണു ഇത്രവലിയ ദുർവ്വ്യഹമായ ചെലവു വഹിച്ചുകൊണ്ടു ഒരു ബഡ്ജററ ഫാഴ്സ് നടത്തുന്നതെന്നു ഞാൻ ചോദിക്കുന്നു. കുറച്ചു മുൻപു ഇവിടെ ഒരു ഫിനാൻഷ്യൽ ഇൻറിഗ്രേഷൻ നടത്തുകയുണ്ടായി. ആ ഇൻറിഗ്രേഷനെ സംബന്ധിച്ചിടത്തോളം കൂടുതൽ ചില അവകാശങ്ങളും മററും കിട്ടുന്നതിനുവേണ്ടി ഇവിടത്തെ മന്ത്രിസഭ തീവ്രയത്നം ചെയ്തിട്ടുണ്ടെന്നു പറയുകയുണ്ടായി. ഒടുവിൽ ഫലം എന്തായെന്നു അറിയുന്നതുതന്നെ പരിതാപകരമാണ്. രാജ്യനന്മയ്ക്കുവേണ്ടി ആത്മാർത്ഥതയോടുകൂടി അവർ പരിശ്രമിച്ചുവെങ്കിൽ, ഇൻറിഗ്രേഷനെ സംബന്ധിച്ചു മന്ത്രിസഭയുടെ സകല കഴിവുകളും പ്രയോഗിച്ചിട്ടു ആശിച്ച ഗുണം അതിൽനിന്നും ലഭിച്ചില്ലെന്നു കാണുന്നുവെങ്കിൽ നാട്ടിലുള്ള വിവിധ പാർട്ടികളിൽപ്പെട്ട ആളുകളുമായി ആലോചിക്കുകയും അവരുടെ അഭിപ്രായങ്ങൾ ആരായുകയും ചെയ്യാമായിരുന്നു. പക്ഷെ അവയ്ക്കൊന്നും മന്ത്രിസഭ തയ്യാറായില്ല. ഫിനാൻഷ്യൽ ഇൻറിഗ്രേഷൻ നടന്നതോടുകൂടി അതിനെ സംബന്ധിച്ച ഒരു മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായി എന്നാണ് ഞാൻ അറിഞ്ഞതു്. അങ്ങനെയുണ്ടായിരുന്നാൽ അതിൻെറ വിശദവിവരങ്ങളടങ്ങിയ ഒരു സ്റ്റേററമെൻറ നിയമസഭയിൽ സമർപ്പിക്കാത്തതു എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. ഈ കാര്യത്തെപ്പററി ഞാൻ സൂചിപ്പിച്ചതുകൊണ്ടു ഇൻറിഗ്രേഷൻ കാര്യങ്ങളെ സംബന്ധിച്ച് ഒരു മറുപടി ധനകാര്യമന്ത്രിയിൽനിന്നും ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു.

സർ, പത്തുമല വെടിവയ്പിനെപ്പററി ഇന്നലെ ചോദിച്ച ചോദ്യങ്ങൾക്ക് അവയുടെ ഗൗരവത്തെ അർഹിക്കാത്ത ഉത്തരങ്ങളാണ് നൽകപ്പെട്ടതു്. അവകളെല്ലാംതന്നെ അടിസ്ഥാനരഹിതങ്ങളാണെന്നും അതുകൊണ്ട് ഈ സംഗതികളെപ്പററി ഒരു പരസ്യാന്വേഷണം നടത്തേണ്ടതാവശ്യമാണെന്നും ബഹുമാനപ്പെട്ട പട്ടം താണുപിള്ളപോലും അഭി

പ്രായപ്പെടുകയുണ്ടായി. അതിനന്തരമായി ബഹുമാനപ്പെട്ട പോലീസ് മന്ത്രി പ്രസ്താവിച്ചതു് ഈ സംഭവത്തിന്റെ പിന്നിൽ ജനങ്ങൾ അണിനിരന്നില്ലെന്നും പോലീസുകാരുടെ കൃത്യനിർവ്വഹണത്തിൽ വിശ്വസിക്കുകയല്ലാതെ നിവൃത്തിയില്ലെന്നും ആ സ്ഥിതിക്കു് ഒരു പരസ്യാന്വേഷണത്തിന്റെ ആവശ്യംതന്നെ ഇല്ലെന്നുമാണു്. പോലീസുമന്ത്രിയുടെ ഈവിധ മറുപടി കാര്യങ്ങളുടെ സൂക്ഷ്മാവസ്ഥയെ മറച്ചുവച്ചുകൊണ്ടാണെന്നുള്ളതു് ഏവർക്കും അറിയാവുന്ന ഒരു കാര്യമാണു്. മന്ത്രിയുടെ ഈവിധ മറുപടി കേട്ടപ്പോൾ പഴയകാലത്തെ സർ സി. പി. തലപ്പാവില്ലാതെ ഇവിടെ പ്രത്യക്ഷപ്പെട്ടിരിക്കുന്നു എന്നു തോന്നിപ്പോയി. വാസ്തവത്തിൽ സർ സി. പി. ഇതുപോലെയുള്ള അവസരങ്ങളിൽ സ്വീകരിച്ചിട്ടുള്ള നിലപാടിനെക്കാൾ മോശമായ ഒരു രീതിയാണു് ഇപ്പോഴത്തെ പോലീസ്മന്ത്രിയുടെ രീതിയെന്നു് പറയേണ്ടിയിരിക്കുന്നു. പത്തുമല വെടിവയ്പിനെപ്പറ്റി പൊതുജനങ്ങളുടെ ഇടയിൽ ഉണ്ടായിട്ടുള്ള ഒച്ചപ്പാടിനെ സംബന്ധിച്ചു് പല പത്രങ്ങളും ഇടപെടുകയും അതനുസരിച്ചു ഗവണ്മെന്റു് ഒരു പ്രസ്കമ്മ്യൂണിക്കേ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. എന്നാൽ പ്രസ്കമ്മ്യൂണിക്കേയിൽ പറഞ്ഞിരിക്കുന്ന പല കാര്യങ്ങളും തെറ്റാണെന്നു് പൊതുജനങ്ങൾ ചൂണ്ടിക്കാണിച്ചിട്ടും അതു ചെവിക്കൊള്ളാൻ പോലീസ്മന്ത്രിക്കു് സന്മനസ്സുണ്ടാകാതെ പോയതിൽ ഖേദിക്കുക അല്ലാതെ മറ്റെന്താണു ചെയ്യുക. സർ, പത്തുമലയിൽ നടന്ന വെടിവയ്പിനെപ്പറ്റി ചില സംഗതികൾ ഈ സഭയിലുള്ള ബഹുമാനപ്പെട്ട മെംബറന്മാർകൂടി അറിഞ്ഞിരിക്കേണ്ടതാണു്. ഈ അനിഷ്ടസംഭവത്തിനു വിധേയരായ പാവപ്പെട്ട തൊഴിലാളികൾ അവിടെ ഉന്നയിച്ച വാദം എന്താണു്? ഒരാഴ്ചയിൽ ഏഴുദിവസത്തിലൊരിക്കൽ ഒരുദിവസമെങ്കിലും അവർക്കു് ആഹാരത്തിനു അരികൊടുക്കണമെന്നുള്ള ഒരപേക്ഷയാണു്. ഈ നിസ്സാരമായ ഒരപേക്ഷയാണു് വെള്ളക്കാരനായ ആ എസ്റ്റേറ്റിലെ മുതലാളിയുടെ മുൻപിൽ വച്ചതു്. ആ അപേക്ഷയുടെ വെളിച്ചത്തിൽ ഈ സർക്കാരിന്റെ പോലീസ്സൈന്യം അവരോടുകാണിച്ച നിഷ്ഠുരപ്രവൃത്തി എന്താണെന്നു നോക്കുക. ഒരുദിവസം അരിവേണമെന്നു് ആവലാതിപ്പെട്ട തൊഴിലാളികളുടെ നേരെ ഇവർ ഒൻപതു ചുററു് വെടികൾവച്ചു. കുറെ ആളുകൾ മരിച്ചു, കുറെ പേർക്കു് പരുക്കുകൾപറ്റി. മന്ത്രിയുടെ ഉത്തരം, ഒരാൾക്കു് പരുക്കുപറ്റിയെന്നും മൂന്നുപേർ മരിച്ചുവെന്നും ആണു്. സംഭവം അറിഞ്ഞ ഉടൻതന്നെ ഞങ്ങളിൽ ഏതാനും ആളുകൾ സ്ഥലത്തെത്തി, സൂക്ഷ്മാന്വേഷണം നടത്തി വിവരങ്ങൾ മനസ്സിലാക്കുകയുംചെയ്തു. സ്ഥലത്തുണ്ടായിരുന്ന മജിസ്ട്രേട്ടിനെക്കണ്ടു് വിവരങ്ങൾ പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞതു് ഇങ്ങനെയാണു്: "I regret I was under a certain misapprehension". അതിനുശേഷം അവിടത്തെ വെള്ളക്കാരൻ മുതലാളിയെ സമീപിച്ചു് ഈ കാര്യത്തെപ്പറ്റി സംസാരിക്കുകയുണ്ടായി. സമാധാനം എന്നോടുപറഞ്ഞതു് ഇപ്രകാരമായിരുന്നു: "I sent for the Police for abundant caution. They created the trouble". മുതലാളിയുടെ ഈവിധമായ മറുപടിയിൽനിന്നും പോലീസുകാർ അനീതി ചെയ്തുവെന്നതു് സ്പഷ്ടമാകുന്നു. എന്നിട്ടും പോലീസുമന്ത്രി ഇവിടെ ഇരുന്നുകൊണ്ടു പറയുകയാണു്, ഈ ദുരവസ്ഥയെ സംബന്ധിച്ചിടത്തോളം ഒരു പരസ്യാന്വേഷണം നടത്താൻ ഭാവമില്ലെന്നു്. ഈവിധമായമനോഭാവമാണു് പൊതുജനങ്ങളോടു് മന്ത്രിസഭ കാണിക്കുന്നതെങ്കിൽ ഞങ്ങൾ എങ്ങ

[ശ്രീ. ടി. വി. തോമസ്.]

നെയാണ് നിങ്ങളോട്ട സകരിക്കുന്നതു്? ഒരു മാസത്തിലൊരിക്കൽ എങ്കിലും കഞ്ഞികുടിക്കാൻ അരിവേണമെന്ന അപേക്ഷിച്ച തൊഴിലാളികളെ ഒൻപതുചുററ് വെടിവച്ചു കാര്യത്തെപ്പററി പൊതുജനങ്ങളുടേയും പൊതുജനപ്രതിനിധികളുടേയും ആവശ്യപ്രകാരം പരസ്യാന്വേഷണം നടത്താൻ തയ്യാറാകാത്ത കാൺഗ്രസ് മന്ത്രിസഭയുടെ ബഹുജനങ്ങളോടുള്ള മനോഭാവം ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിലും തെളിഞ്ഞു കാണാം. രാജ്യനന്മയുടെപേരിൽ അധികാരസ്ഥാനങ്ങളിൽ ഇരിക്കുന്ന മന്ത്രിമാർ യഥാർത്ഥമായും ആത്മാർത്ഥമായും പ്രവത്തിക്കേണ്ടതാണെന്നുള്ളതു് ഞാൻ ഈയവസരത്തിൽ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു.

സർ, മറെറാരുസംഗതി ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവരാനുള്ളതു് ഇവിടെ നടന്നുകൊണ്ടുവരുന്ന പച്ചത്തൊണ്ടുതൊഴിലാളി സമരമാണ്. അനവധി ബുദ്ധിമുട്ടുകളുടേയും ക്ലേശങ്ങളുടേയും കൊടുംപ്രഹരമേററ് കഷ്ടപ്പെടുന്ന ഈ തൊഴിലാളികൾ ഉന്നയിച്ചിരിക്കുന്ന വാദമുഖങ്ങൾ ന്യായമാണോ നീതിയാണോ എന്നു് അന്വേഷിക്കുന്നതിനുപോലും ഉള്ള സമയം ഇവിടത്തെ മന്ത്രിസഭയ്ക്കു് ഇല്ലാതെപോയതു് പരിതാപകരമാണ്. വിശേഷിച്ചും പോലീസ്മന്ത്രിക്ക് ഈ പച്ചത്തൊണ്ടു മുതലാളിമാരോടു വളരെ സ്നേഹമുണ്ടെന്നുമാത്രമല്ല പ്രേമവുമുണ്ടെന്നാണ് അനുഭവം തെളിയിക്കുന്നതു്. മാത്രമോ പച്ചത്തൊണ്ടു മുതലാളിമാരെ സംരക്ഷിക്കുന്നതിനും അവരെ പുലർത്തുന്നതിനും ആയി ഒരു മർദ്ദനനയംതന്നെ തുടന്നിരിക്കുകയാണ്. അതിനിടയിൽ ഇവിടത്തെ ലേബർമിനിസ്റ്റർ, അദ്ദേഹത്തിൻെറ രക്ഷയ്ക്കു വേണ്ടിയാണെന്നുതോന്നുന്നു, ഇതിൽനിന്നും ഒഴിഞ്ഞുപോകാൻ ശ്രമിക്കുകയാണ്. ആഭ്യന്തരമന്ത്രി ഈ കാര്യങ്ങളിൽ ഇടപെട്ടതുകൊണ്ടു് ലേബർമന്ത്രിക്ക് ഒഴിഞ്ഞുമാറിനിൽക്കാൻ സാധിക്കുമെന്നു് അദ്ദേഹം വിചാരിച്ചു എങ്കിൽ ഞാൻ അതിൽ ഒട്ടും അതിശയിക്കുന്നില്ല. തൊണ്ടുതൊഴിലാളികൾ ഉന്നയിച്ചിരിക്കുന്ന അവകാശവാദങ്ങൾ സാധൂകരിക്കത്തക്കതാണോ എന്നുപോലും നോക്കാതെ ലേബർമിനിസ്റ്റർ ഒഴിഞ്ഞുകളഞ്ഞതു് എത്രത്തോളം ഉചിതമായിയെന്നു് അദ്ദേഹംതന്നെ ചിന്തിച്ചുനോക്കട്ടെ. സമാധാനവും സംതൃപ്തിയും നിലവരുത്തുകയാണിന്നു നമുക്കാവശ്യം. രാജ്യത്തു അസ്വസ്ഥതയും കലാപവും ഉണ്ടാകുന്ന അന്തരീക്ഷങ്ങൾ ഉണ്ടായാൽത്തന്നെയും അധികൃതർ അതിൽ ഇടപെട്ടു് സമാധാനം പുലത്താൻ ശ്രമിക്കേണ്ടതാണ്. ഭരണപരമായ കാര്യങ്ങൾക്കുവേണ്ടി മേൽനോട്ടം വഹിക്കാൻ ഒരു കാൺസലറെ കേന്ദ്രഗവണ്മെൻറ് നിയമിക്കാൻ പോകുന്നുവെന്ന വാത്തയെ സംബന്ധിച്ചു് ചോദിച്ചപ്പോൾ അങ്ങനെ ഒരു നിയമനം തിരുവിതാംകൂറിൽ നടക്കാൻ പോകുന്നില്ലെന്നാണ് മന്ത്രിസഭയിൽനിന്നും കിട്ടിയ മറുപടി. അതു ശരിയാണ്. വാസ്തവത്തിൽ കാൺസലറെ ഇവിടെയല്ല നിയമിച്ചിട്ടുള്ളതു്, ഡെൽഹിയിലാണ്. ഡെൽഹിയിൽ ഒരു കാൺസലർ ഉണ്ടു്. അങ്ങനെ ഒരു കാൺസലർ അവിടെ ഇല്ലായിരുന്നുവെങ്കിൽ ഒരു റിവൈസ്ഡ് ബഡ്ജററ് അവതരിപ്പിക്കാൻ നമുക്കവകാശമുണ്ടായിരിക്കുമായിരുന്നു. ആ അവകാശം നിഷേധിക്കപ്പെട്ടിരിക്കുകയാണ്. അങ്ങനെ നമ്മുടെ ബഡ്ജററ് ഒന്നു പുതുക്കുന്നതിനുപോലും നമുക്ക അവകാശമില്ലാത്ത സ്ഥിതിയിൽ ഈ സ്റ്റേററ വെറും ഒരു മുനിസിപ്പാലിററിയെപ്പോലെ അധഃപതിച്ചുപോയല്ലോ എന്നു ഞാൻ ഖേദിക്കുന്നു.

(Hon. Members : Shame, shame.)

Mr. Speaker : Order, order. Calling out "shame" is unparliamentary.

ശ്രീ. ടി. വി. തോമസ്: അതുകൊണ്ട് ഈ സ്റ്റേററിന് ഒരു കാൺസലർ ഉണ്ടെന്നുതന്നെ വിചാരിക്കണം. സർ, മറെറാരുകാര്യം പറയാനുള്ളത് ഇവിടത്തെ കയറുവ്യവസായമാന്ദ്യത്തെപ്പററിയാണ്. സർ, വടക്ക ചെറായി മുതൽ തെക്കോട്ട ചിറയിൻകീഴ് വരെയുള്ള തീരപ്രദേശങ്ങളിലെ തൊഴിലാളികൾ തൊഴിലില്ലാതെ പട്ടിണികിടക്കുകയാണ്. ഈ വ്യവസായമാന്ദ്യത്തിനു യാതൊരു പരിഹാരവും ഇതുവരെ ഗവൺമെൻറിൽനിന്നും കണ്ടുപിടിച്ചിട്ടില്ല. സാമ്പത്തികമായ കാര്യത്തെസംബന്ധിച്ചിടത്തോളവും കയറുവ്യവസായം ഒട്ടും അപ്രധാനമല്ല. ഈ വ്യവസായത്തിൻെറ പ്രോത്സാഹനം രാജ്യത്തിന് അത്യന്താപേക്ഷിതമായ ഒന്നാണെന്നു ഫ ഫ ഫ ഫ-ലെ ജാർജ്ജ് കമ്മിററിയിൽത്തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. എങ്കിലും ഈ വർഗ്ഗത്തിൽപ്പെട്ട തൊഴിലാളികളുടെ അവശതകൾക്കും ദുരിതങ്ങൾക്കും ഒരു പോംവഴിയും ഗവൺമെൻറിൽനിന്നും ഉണ്ടാക്കിയിട്ടില്ല. ഇതിനുംപുറമേ ഇവരുടെ ദുരിതനിവാരണത്തിനുവേണ്ടി കേന്ദ്രഗവൺമെൻറിൽനിന്നും നമുക്കു തരാമെന്നു പറഞ്ഞിട്ടുള്ള ധനസഹായംപോലും വാങ്ങിത്തരുന്നതിനു മന്ത്രിസഭ വിസമ്മതമാണ് പ്രകടിപ്പിച്ചത്. അങ്ങനെ നോക്കിയാലും ജനങ്ങളോടുള്ള ഒരു വെല്ലുവിളിയാണ് ഈ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതെന്ന് നമുക്ക് കാണാൻ സാധിക്കും.

ശ്രീ. എ. ജെ. ജോൺ: കേന്ദ്രഗവൺമെൻറിൽനിന്നും തരാമെന്നു പറഞ്ഞ സഹായം ഗവൺമെൻറ് വാങ്ങിച്ചുതന്നില്ലായെന്നു പറയുന്നു. എന്തു സഹായമാണ്, ആരാണ് ആ സഹായവാഗ്ദാനം ചെയ്തിട്ടുള്ളത്.

ശ്രീ. ടി. വി. തോമസ്: ആലപ്പുഴ, ചേർത്തല മുതലായ സ്ഥലങ്ങളിലുള്ള കയറുതൊഴിലാളികളുടെ ദുരിതാശ്വാസത്തിനുവേണ്ടി ജനപ്രതിനിധികളും തൊഴിലാളിപ്രതിനിധികളുമായി ഡെൽഹിയിൽവച്ച് ശ്രീ. ദേശമുഖുമായി നടത്തിയ നിവേദനത്തിനു അദ്ദേഹമാണ് പറഞ്ഞത് ഈ ഗവൺമെൻറു തൊഴിലാളികൾക്ക് സൗജന്യറേഷൻ വിതരണം ചെയ്യുന്നപക്ഷം അതിൻെറ അൻപതുശതമാനം കേന്ദ്രത്തിൽനിന്നും വഹിക്കാമെന്ന്. അന്നത്തെ നിവേദകസംഘത്തിൻെറ കൺവീനർ മി. എ. എം. തോമസ്സായിരുന്നു. അങ്ങനെ ഈ ഗവൺമെൻറ് ഈ കാര്യത്തിൽ മുൻകൈ എടുത്തു പ്രവർത്തിക്കുന്നു എങ്കിൽ അതിൽ ചെലവാകുന്ന തുകയുടെ പകുതിഭാഗം കേന്ദ്രം വഹിക്കുന്നതാണെന്നും അതനുസരിച്ച് വേണ്ട എഴുത്തുകുത്തുകൾ നടത്തിക്കൊള്ളുന്നതിനും ശ്രീ. ദേശമുഖ് അനുവാദം നൽകിയിരുന്നു.

Shri Panampilli Govinda Menon : That is not correct. There is no such letter under which the Government of India have agreed to do anything like that.

Mr. Speaker : Let us not go on making assertions and counter-assertions. As the Finance Minister has denied the existence of such a letter there is no point in the hon. Member labouring on that matter.

Shri Panampilli Govinda Menon : I deny the existence of any such offer from the Government of India.

<u>ശ്രീ. ടി. വി. തോമസ്</u>: പാർട്ട് എ-യും, ബി-യും സ്റ്റേറ്റുകൾ തമ്മിൽ തേഡ്ഫോറം എ-യും ബി-യുംപോലുള്ള വ്യത്യാസമേയുള്ളുവെന്ന് ഒരു കസർത്തുപ്രസംഗത്താൽ സമർത്ഥിച്ച ധനകാര്യമന്ത്രിയുടെ വിശാലമനസ്ഥിതിയേയും കക്ഷിബുദ്ധിയേയും എങ്ങനെ വിസ്മരിക്കാൻ സാധിക്കും? മറ്റൊരു കാര്യം ഈ സഭയുടെ മുൻപാകെ എനിക്കു കൊണ്ടുവരാനുള്ളതു് നമ്മുടെ നാട്ടിൽ നേരിട്ടിട്ടുള്ള അടിയന്തിരപ്രശ്നമായ ഭക്ഷണപ്രശ്നവും തൊഴിലില്ലായ്മയുമാണ്. ഇവ പരിഹരിക്കുന്നതിനുവേണ്ടി ഒരു നിർദ്ദേശവും ഈ ബഡ്ജററിൽ ഞാൻ കാണുന്നില്ല. ഭക്ഷണക്ഷാമം നിവാരണം ചെയ്യുന്നതിനു മന്ത്രിസഭയും ഗവണ്മെൻറും സദാ സന്നദ്ധമാണെന്ന് വളരെ ഉച്ചത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ യഥാർത്ഥത്തിൽ ഭക്ഷണക്ഷാമം ഏതുവിധത്തിലാണ് പരിഹരിക്കേണ്ടതെന്ന് മനസ്സിലാക്കാൻ അവർ രാഷ്ട്രങ്ങളുടെ ചരിത്രം വായിച്ചുനോക്കേണ്ടതാണ്. അതല്ലാതെ രാജ്യത്തിൻെറ ചില ഭാഗങ്ങളിൽ ഒന്നുരണ്ടു കലുങ്കുകളും പാലങ്ങളും ഉണ്ടാക്കിയതുകൊണ്ടോ മൂന്നുനാലു കുളംകുഴിച്ചതുകൊണ്ടോ ഇതു നിർവ്വഹിക്കാൻ പോകുന്നില്ല. യഥാർത്ഥ കൃഷിക്കാരനു കൃഷിചെയ്യാൻ ഭൂമി കൊടുത്തില്ലെങ്കിൽ, വൻപിച്ച പാട്ടഭാരത്തിൽനിന്നും കർഷകനെ മോചിപ്പിച്ചില്ലെങ്കിൽ, ഭക്ഷണക്ഷാമപരിഹാരം ഉണ്ടാകാൻ പോകുന്നില്ല. അതുപോലെതന്നെ തൊഴിലില്ലായ്മയ്ക്കും പരിഹാരമെന്താണെന്ന് മന്ത്രിസഭ പഠിക്കേണ്ടതുണ്ട്. ഒരു ശരിയായ വ്യവസായപദ്ധതി രാജ്യത്തു നടപ്പിൽ വരുത്തിയില്ലെങ്കിൽ തൊഴിലില്ലായ്മയ്ക്കും പരിഹാരമുണ്ടാകുന്നതല്ല.

ഒരു ധീരമായ വ്യവസായീകരണപദ്ധതി അംഗീകരിച്ചില്ലെങ്കിൽ തൊഴിലില്ലായ്മയ്ക്കു പരിഹാരംകാണാൻ സാധിക്കയില്ല. ഇന്ന് ഏതൊരു വിഭാഗത്തിലാണ് അസംതൃപ്തിയില്ലാത്തതെന്നു ഞാൻ ചോദിക്കുന്നു. ഇടത്തരക്കാരുടെ നില നോക്കുകയാണെങ്കിൽ ഏററവും ശോചനീയമായ ഒരു നിലയെയാണ് അവർ അഭിമുഖീകരിക്കുന്നതു്. ജീവിതസൂചിക ഇപ്പോൾ നാനൂറോ അഞ്ഞൂറോ ആയി നിൽക്കുകയാണ്. ൧൯൫൧-ൽ ഇരുപതോ ഇരുപത്തഞ്ചോ രൂപ വരവുണ്ടായിരുന്ന ഒരാൾക്കു ഇന്ന് ൧൦൦ രൂപയെങ്കിലും വരുമാനമുണ്ടെങ്കിലേ അന്നത്തെ തോതിൽ കഴിഞ്ഞുകൂടാൻ സാധിക്കയുള്ളൂ. ഇന്നതു കിട്ടുന്നുണ്ടോ എന്നും അതു കിട്ടാനുള്ള സാഹചര്യമുണ്ടോ എന്നും നോക്കേണ്ടതാണ്. ഇല്ലെന്നു തീർത്തുപറയാം. അതിനു പ്രതിവിധിയായി ഒരു നടപടിയും ഈ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടില്ലെന്നു കാണാവുന്നതാണ്. മൂലധനത്തിൻെറ കുറവുണ്ടെന്നു പറയുന്നു. മൂലധനം ഈ നാട്ടിൽതന്നെയുണ്ടെന്നു ഞാൻ ഉറപ്പു പറഞ്ഞുകൊള്ളുന്നു. അമേരിക്കൻസായ്പിൻെറ കയ്യിൽ മാത്രമല്ല മൂലധനമുള്ളതു്. ഈ നാട്ടിൽതന്നെയുണ്ട്. മൂലധനത്തിൻെറ അഭാവമെന്ന പേരിൽ വ്യവസായം നടത്താൻ സാദ്ധ്യമല്ലെന്നു പറയുന്നതു പ്രത്യേകിച്ചു ജനങ്ങളുടെ പ്രതിനിധികൾ അധികാരത്തിൽ വന്നതിൻെറ ശേഷം ഈ രാജ്യത്തെ ആക്ഷേപിക്കയാണെന്നു നാം മനസ്സിലാക്കണം.

സർ, ഇദ്ദേഹം പറയുന്ന ഒരു വെൽഫെയർ സ്റ്റേററു രൂപീകരിക്കുന്നതിനു നിലകൊള്ളുന്നു എന്ന്. ഒരു പ്രോഗ്രസ്സീവ് ടാക്സേഷൻ പാളിസിയില്ലാതെ എങ്ങനെയാണ് ഒരു വെൽഫെയർ സ്റ്റേററ് ഉണ്ടാകുന്നതു്. ഇവിടത്തെ റവന്യൂ നോക്കുകയാണെങ്കിൽ ൧൩ കോടി രൂപയുള്ളതിൽ

൫൦ കോടിയാണ് പ്രിൻസിപ്പൽ റവന്യൂആയി കാണുന്നത്. അതിൽ സെയിൽസ്ടാക്സ് ഇനത്തിൽ രണ്ടരകോടിയോളം വരുന്നു. അതുപോലെതന്നെ എക്സൈസ് ഇനത്തിലും രണ്ടരക്കോടിയോളം രൂപ വരുന്നു. ഇതെല്ലാം സാമാന്യജനങ്ങളിൽ നിന്നും ഉണ്ടാകുന്ന നികുതിയാണ്. കഴിഞ്ഞ ഒരവസരത്തിൽ ശ്രീ. പി. എസ്സ്. നടരാജപിള്ള ചൂണ്ടിക്കാണിച്ചതുപോലെ സാമാന്യജനങ്ങളുടെ വരുമാനത്തിൽ നൂറു ശതമാനത്തിൽ കൂടുതൽ നികുതി ഈടാക്കുകയും പണക്കാരിൽനിന്നും ഒരുശതമാനംപോലും നികുതി ഈടാക്കാതിരിക്കുകയും ചെയ്യുന്നു എന്നുള്ളതാണ് പരമാർത്ഥം. (Bell)

Shri P. S. Nataraja Pillai: Sir, I think practically this is the first Budget Session under the new Constitution. That being the case Sir, I think I may be excused if I may make one or two general statements on that. Sir, the Travancoreans stood for an United India. They had to fight against the misguided aspirations of an administrator for an independent Travancore. They stood for a common Indian nationality. We had to face real peril in those days of unsettlement. In 1947 when the British decided to quit India and to surrender the sovereignty to the people, the Travancoreans rose to a man and said that the sovereignty should rest with the people of the State. Not only that but we wanted Travancore to be an integral part of India. We were able to achieve that. Now as a citizen of India it should be the endeavour of everyone of us to strive hard to evolve a common nationality so that we may live in this world as a proud nation.

Sir, this discussion is to talk something about the Budget. It is a little difficult for me to enter into that-task, because on a previous occasion the hon. Minister for Finance said that the discussion that takes place on the Budget is more or less conventionality. The Finance Minister will give some estimates, revised estimates and actuals, and certain allocations according to the needs and conveniences of the Government. Although the members may point out some variations here and there they are all mere conventional fault findings according to the Finance Minister. That attitude will not help the discussion of the Budget. After hearing that statement, I was a little bit anxious to see how my hon. friend would come again before the House and give a lead to this House as to how the Budget is to be approached and reviewed. I was trying to the best of my ability to follow the speech made by my hon. friend yesterday. But unfortunately, I must confess Sir, that that statement did not convey any new idea on the methods of Budget discussion nor did it conform to the old tradition of giving exact figures. My friend has taken up the position that after all this discussion over the Budget is only a conventionality.

Then Sir, the one thing that surprised me was the provisional actuals for 1951-52. Under the head 'Principal Heads of Revenue' we had really an excess of 50 lakhs though in the Budget speech made by my hon. friend the variation under revenue is only of the order of Rs. 36 lakhs. I would invite the attention of my

[Shri P. S. Nataraja Pillai.]

friend to the Financial statement on page 6, where we find under the Principal Heads of Revenue an increase of 54·21 lakhs. Perhaps while dealing in crores my friend thought that a deduction of some 19 lakhs is a matter of small value. The Revised Estimate presented for 1951-52 was for 942 lakhs. The excess is nearly one crore and 23 lakhs in receipts alone. I do not know Sir, after eight months' calculation how this wide disparity could occur. In the Agricultural Income Tax alone the excess is about 28 lakhs. In the receipts under Motor Vehicles Act the increase is 30 lakhs and in the Sales Tax the increase is 45 lakhs. So I am forced to come to the conclusion and I hope you will agree, that in making this estimate no care was taken. It is only as my friend has said, a kind of conventional habit of putting some figures in the receipt column to meet the necessity of a Budget, Another disparity that I found is in the receipt from industries. Even in the revised estimate there is difference of minus one lakh and 32 thousand. The actual receipt comes to plus 18 lakhs and 59 thousand. Sir, that is a matter which we cannot understand. These are all very important matters which the Finance Minister should have explained to the House so that people like me who do not understand the matter may know it. The estimated receipt of 59 lakhs of rupees from industries comes down to 49·73 lakhs. We have invested crores of rupees in these industries and the people of this country have a right to know whether these industries are properly managed and receipts properly accounted. This is one aspect as far as the receipts are concerned. As far as the expenditure side is concerned the revised estimate exceeded the budget estimate by 64 lakhs. Now we have not been given any figure for expenditure according to the provisional actuals for 1951-52.

Mr. Speaker : Order, order. The Member may continue aftr lunch.

The House rose for lunch at 1 p. m. and re-assembled at 2 p. m. with Mr. Speaker in the Chair.

2 P. M.]

Shri P. S. Nataraja Pillai : Sir, I was pointing out how these budget figures are unreliable. I am not going into the details, but I wish to point out one more figure. On page 6 of the Financial Statement given previously in March, under the revised estimate column for receipts under Industries and Supplies, the sum is Rs. 6.59 lakhs, which itself is Rs. 1,32,000 less than the estimate. Now, Sir, on page 14 of the New Memorandum, under Industries and Supplies, the figure is Rs. 41.73, that is, Rs. 18.59 lakhs less than the revised estimate. Is there any possibility of explaining that, I do not know. I would now refer to the Memo also given along with the budget. On page 37 of the Memo, it is said: "The decrease in the revised estimate is mainly on account of less receipts from the Ceramic concerns, Rubber Factory, etc",

The estimate in the revised statement itself was Rs. 59 lakhs. The actual expenditure has gone down to Rs. 41 lakhs. During the course of the four months, there has been a loss of nearly Rs. 18 lakhs, in running these Industries. That proposition seems to me to be very surprising.

On the question of the variation of the revised estimate and expenditure also, I would like to point out that the normal expenditure itself has increased by Rs. 64 lakhs, and expenditure on capital works has decreased by Rs. 154 lakhs. We provided Rs. 654 lakhs for capital works, but the actual expenditure came only to Rs. 500 lakhs. That is mentioned in the Finance Minister's speech and the reason given by the hon. Finance Minister is: "Under Irrigation and Electricity, the savings are due to the delay in works on account of non-receipt of machinery, tools and plant, etc." But, Sir, I was curious to know whether it was really due to the non-receipt of machinery. At page 311 of the budget, you will find no provision for tools and plant, under Capital Outlay on Irrigation. At page 322, under Hydro-Electric Schemes, there is a provision only for Rs. 40,000 in the revised estimate, and in the budget estimate only Rs. 4 lakhs was provided. The lapse of funds under these items was to the tune of more than Rs. 17 lakhs. What I am at is that when hon. Members who are in charge of administration are dealing with the budget and when they have absolute control over the finances of the Government, it is in the interests of every body concerned, to see that the full facts are placed before the House, and the opinion of the Members taken. As I previously referred to, our actual receipts to have decreased, and as no revised actual expenditure has been shown, naturally the cash balances should increase. We do not know to what extent that cash balance has increased I am not going into the details of the budget estimate for the coming year. That will be done by my hon. friends on this side of the House.

One other important factor which I shall now dwell upon is food production and grow more food campaign. We have received as loan from the Government of India from 1949 to 1951, Rs. 38.75 lakhs and as grant, a sum of Rs. 116.01 lakhs. Taken together, it comes to Rs. 154.76 lakhs. We have incurred a liability or a debt of Rs. 200 lakhs for Peechi Scheme. Thus, in all, we have spent on grow more food campaign somewhere about Rs. 3½ crores. That is in addition to the expenditure incurred from the State Revenue. So, in the last three years, Sir, we have incurred expenditure on grow more food schemes, inclusive of capital irrigation, nearly Rs. five to six crores, and not less than Rs. 2 crores must have been from the Revenues of the State. That is only an estimate; I have not made exact calculations. Thus Rs. 5 crores have been spent on grow more food campaign in the country during the last three years. I would request this House and the Government to institute an enquiry to ascertain where we are, to know how this money

[Shri. P. S. Nataraja Pillai.]

has been spent, and what effect it had on the food production in this country. What is the good of our spending money endlessly on schemes which do not actually benefit the country, and do not increase the production in the country? We have at any rate been given this aid by the Government of India, because of the peculiar circumstances in which we are. But I have my own doubt, whether the money so far set apart and spent on those schemes, has produced results which we expect out of them. I have heard so many stories about it. I am not going into the details, but I wish to put it seriously to the House to consider whether it is not time to get down a very efficient accountant-engineer who will be able to go through these figures and analyse and assess how far the expenditure has been useful for increasing the productivity in this country and given benefit to the people.

In the same way, I have only to refer to the industrial undertakings of the Government. I have already pointed out that industrial receipts are going down. We have invested a good amount in industrial undertakings. We have invested, if my memory is correct, nearly Rs. 5 crores on shares in industrial undertakings. This budget also contains figures to the tune of Rs. 67 lakhs to be invested in certain industrial schemes. They have given that in the schedule. So, from year to year, we are investing a good amount on industrial undertakings. I wish to know —I have been trying to get at some information, and have sent in an interpellation and when it is answered we will be able to know more accurately—what is the value of the shares Government have in all the companies in which they have invested money? Where do we stand really? Are we getting any return on the money invested? We have invested lakhs and lakhs in those companies and some of them are said to be on the brink of a crash. Obviously the Government have invested money in those companies to patronise them. Even now, this budget contains nearly a crore of rupees to finance industrial concerns. That is another source of corruption under the cover of industrial development in this country. The Government have at their disposal a good lot of money for taking shares, the finance industrial undertakings and patronise as they please. But who is benefited by that, I ask. This year's budget provides a sum for the Sri Chitra Mill. The argument may be advanced that we are providing this sum for the mills to give work for our labourers. If that be the case, that mill ought to be taken over and run by Government. There is no meaning in advancing money to Alagappa Textiles or Chitra Mills. (Speaker's Bell) I know the Government will make the plea that they are encouraging industries in this country and to provide work for labour. With these words, I close.

Shri Ambat Eachara Menon: I thank the Finance Minister on the dexterity he has shown in parcelling out the surplus amount in rateable proportion to all the items in the mother budget. There is a defect in having no surplus amount as it

should be found impossible to allot, if necessary urgent works be brought to the notice of the Government. To quote one example the erstwhile Cochin State. had an irrigation project in hand, of which only a reservoir was constructed when the integration came. It was not looked into, since then, as in everything else. By spending four or five lakhs of rupees, drought can be made a thing of the past in Chittur, and more than 500 acres of single crop lands may be made double crop lands, and at least 300 acres into one crop land, thus producing a lakh of paras of paddy more than what is produced now. Since there is no surplus, I would earnestly request the Government to allot a moiety of it now from the amount set apart for irrigation, and begin the work, and meet the balance by a Demand later. It is said that no grain of paddy is shown as having increased by spending lakhs of money under the grow more food campaign in these parts, but this will give immediate response within a year—not like the other schemes now.

A word about the heartless, callous indifference of the officers in the execution of the work in hand. A College is being built in Chittur. The work began three years back, and is to be completed this year but only a third of the work is finished. It is not entirely due to the neglect of the contractor. For some time he was given no cement. I had to go there and get the cement through the Chief Secretary, from Tinnevelly. In this connection, I may say that the cement produced here is not even sufficient for P. W. D. works. The Government insists on the people of Chittur buying Travancore cement at a higher price, even higher than that of Madukara price which if not superior is surely not inferior. This the Government should consider. Again the work was at a stand still for want of iron rods. The rods are got down either from Calcutta or from Mysore. Those from Calcutta come by ship at Cochin. It could very well be stocked at Cochin and distributed to various places; instead of that it is taken to Trivandrum and stocked.

Another example from Chittur is in the textile department. The yarn for Chittur is taken to Trichur and from there to Chittur. Even when the yarn comes from Coimbatore which is only 25 miles to Chittur, the yarn is taken to Trichur about 80 miles away and then to Chittur another 45 miles. And the transport charges have to be borne by the weavers. What a waste! These are two examples from Chittur. Similar wastages will surely be seen in every taluk and in every department.

A word about control and I shall have done. There is no use sitting ruminating at headquarters. You must go to places where the control has been removed, make enquiries and see for yourself, the position of the people who were living under ration till then.

Go to the outskirts of the Municipality of Pollachi. You can see gunnies of paddy and rice stocked in the verandas of houses and the people happy. I called some time back a meeting at the market place of Chittur where about 500 people attended. I

[Shri Ambat Eachara Menon]

explained to them that if control is removed there is every possibility of the price shooting up. Their unanimous opinion was that I was mistaken and that if control was removed they could get paddy from where it could be found and if the price is raised by a small amount it will not be worth considering the quality and quantity of the stuff.

So there is no use of theorising. The practical condition should be faced. If the Government think that there is difficulty they would do well to remove it from Chittur which is bounded on all sides by decontrolled areas taking the analogy from the fact that Chittur was brought under prohibition owing to its position amidst prohibited areas. Further it is there only to corrupt the morale of the public by the numerous employers under it who are utterly dishonest. The ration shops are now deserted for they get rice from the neighbouring State. The Cabinet would do well to seriously consider the same and remove the control from Chittur at least. Chittur can afford to stand security for its success. The Government have been pleased to answer to a question that they have issued orders to see that no chaff is purchased and they also have averred that there is report of having chaff in the paddy.

This mode of dealing with the malcontents would not do. Unless and until you cleanse that augeanstable, the Secretariat, of corruption and lethargy a Government for the people is *non-est.*

ശ്രീ. സി. അച്യുതമേനോൻ: സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ച ബഡ്ജററിനെ സംബന്ധിച്ചു ഒരു കാര്യത്തിൽ മാത്രം എനിക്കു് അദ്ദേഹത്തെ അനുമോദിക്കേണ്ടതുണ്ടു്. എനിക്കു തോന്നുന്നതു് ഇത്രയും ചെറിയ ഒരു ബഡ്ജററുപ്രസംഗം പാർലമെൻററി ചരിത്രത്തിൽത്തന്നെ ഉണ്ടായിട്ടില്ലെന്നാണു്. ആ ഒരൊററ കാര്യത്തിൽ മാത്രമാണു് ഞാൻ അദ്ദേഹത്തെ അനുമോദിക്കുന്നതു്. പക്ഷെ അതേ അവസരത്തിൽത്തന്നെ ഈ ബഡ്ജററു തയാർചെയ്യുന്നതിലും അതു് അവതരിപ്പിക്കുന്നതിലും അദ്ദേഹം കാണിച്ചിട്ടുള്ള മനോഭാവത്തെ പരാമർശിച്ചു ആദ്യമായി രണ്ടു വാക്കു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. സർ, ഈ സഭയുടെ അവകാശങ്ങളും അധികാരങ്ങളും സംബന്ധിച്ചും ഈ സഭയിലെ ജനപ്രതിനിധികളുടെ ഉത്തരവാദിത്വത്തെ സംബന്ധിച്ചും അദ്ദേഹം വേണ്ടപോലെ ആലോചിച്ചിട്ടില്ലെന്നാണു് എനിക്കു തോന്നുന്നതു്. ബഡ്ജററിൽ അടങ്ങിയിരിക്കുന്ന തത്വങ്ങളെ സംബന്ധിച്ചു്—അതിൽ സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങളെ സംബന്ധിച്ചു—എന്തു് അഭിപ്രായവ്യത്യാസം ഉണ്ടായാലും കൊള്ളാം എനിക്കു് ഇതിനുമുമ്പു് ഈ സഭയിൽത്തന്നെ അവതരിപ്പിച്ചിട്ടുള്ള ബഡ്ജററുപ്രസംഗങ്ങളെ സംബന്ധിച്ചു ഒരു മതിപ്പുണ്ടായിട്ടുണ്ടു്. ൧൯൫൦—൫൧-ലും ൧൯൫൧—൫൨-ലും ഉണ്ടായ ബഡ്ജററുപ്രസംഗങ്ങൾ ഞാൻ സശ്രദ്ധം വായിച്ചു നോക്കി. ഇന്നു് പ്രധാനമന്ത്രിയായിരിക്കുന്ന അദ്ദേഹംതന്നെ അവതരിപ്പിച്ച പ്രസംഗം ഞാൻ വായിക്കുകയുണ്ടായി. ഈ രാജ്യത്തിൻെറ സാമ്പത്തികനിലയെന്താണെന്നു മനസ്സിലാക്കുന്നതിനുവേണ്ടിയാണു് ഞാൻ

ആ പ്രസംഗങ്ങൾ വായിച്ചു. എനിക്ക് അവയിൽനിന്ന് പല സംഗതികളും മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ടെന്നു പ്രസ്താവിക്കുവാൻ സന്തോഷമുണ്ട്. എന്നാൽ നേരെമറിച്ച് അഖിലേൻഡ്യാ പ്രശസ്തനായിട്ടുള്ള ഇന്നത്തെ ധനകാര്യമന്ത്രിയുടെ പ്രസംഗം വായിച്ചുനോക്കിയതിൽ എനിക്ക് യാതൊന്നും മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ലെന്നുകൂടി പറയുവാൻ ഞാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു. സർ, എന്താണ് ഈ ബഡ്ജററു പ്രസംഗത്തിൽ കാണുന്നതു്. ഈ സഭയെ സംബന്ധിച്ച് എത്ര അവഹേളനപരമായിട്ടാണ് അദ്ദേഹം വീക്ഷിക്കുന്നതെന്ന് അതിൽ വ്യക്തമാകുന്നുണ്ട്. ഈ സഭയിലുള്ള ആളുകളെ വെറും കഴുതകളെപ്പോലെ കരുതിയാണ് അതായതു് ഇവക്കു് ഒന്നും മനസ്സിലാക്കുവാൻ സാധിക്കുകയില്ലെന്നോ അതിനു അവരെ സമ്മതിക്കുകയില്ലെന്നോ ഉള്ള ഉദ്ദേശത്തോടുകൂടി, അത്ര അവഹേളനപരമായിട്ടാണ് അദ്ദേഹം ബഡ്ജററു പ്രസംഗം നടത്തിയിട്ടുള്ളതെന്ന് കാണാവുന്നതാണ്. യാതൊരു വിവരവും മനസ്സിലാക്കുവാൻ സാധിക്കാത്തവിധത്തിൽ അത്ര ഔദ്ധത്യത്തോടുകൂടിയാണ് അദ്ദേഹം പ്രസംഗിച്ചിട്ടുള്ളതു്. നാലു മാസങ്ങൾക്കു മുൻപു ഈ സഭയിൽ ഒരു ബഡ്ജററു അവതരിപ്പിച്ചപ്പോൾ അദ്ദേഹം പറഞ്ഞു ഞങ്ങൾ അധികാരത്തിൽ വന്നിട്ടു ഏതാനും ദിവസങ്ങളെ ആയുള്ളു, അതുകൊണ്ടു ബഡ്ജററു പരിശോധിക്കുന്നതിനും മററും സമയം കിട്ടിയിട്ടില്ല. അതുകൊണ്ടു ഒരു Vote on account കൊണ്ടുവന്നിരിക്കുകയാണ്, നിങ്ങൾ ഇതു പാസ്സാക്കിത്തരണം, വിശദമായ പരിപാടികൾ ഉൾക്കൊള്ളുന്ന ഒരു വിശദമായ ബഡ്ജററു നാലു മാസം കഴിഞ്ഞു സമർപ്പിക്കുന്നതാണ് എന്നു്. നാലു മാസങ്ങളായി എന്തെല്ലാം പ്രതീക്ഷകളോടുകൂടിയാണ് ഞങ്ങൾ ഈ ബഡ്ജററിനെ കാത്തിരുന്നതു്. എന്നിട്ടു് ഇപ്പോളാകട്ടെ യാതൊരു പുതിയ പദ്ധതികളും ഇല്ലാത്ത ഒരു ബഡ്ജററ് ആണ്—ഒരു ചെറിയ കടലാസുകഷണമാണ്—ഞങ്ങളുടെ മുഖത്തു അദ്ദേഹം വലിച്ചെറിഞ്ഞിട്ടുള്ളതു്. സർ, ഈ രാജ്യത്തിലെ സാധു ജനങ്ങളുടെ നീറന്ന കഷ്ടപ്പാടുകൾക്കു തെല്ലെങ്കിലും ആശ്വാസമുണ്ടാക്കാൻ പററിയ പരിപാടികളോടുകൂടി, രാജ്യത്തിലെ നാനാഭാഗങ്ങളിലും ഉള്ള ജനവിഭാഗങ്ങളുടെ മുറവിളിക്കു പരിഹാരം ഉണ്ടാക്കത്തക്കവണ്ണമുള്ള പദ്ധതികളോടുകൂടി, ആസൂത്രണം ചെയ്യപ്പെട്ട ഒരു ബഡ്ജററു പ്രതീക്ഷിച്ചിരിക്കെ അതിനു നേരെ വിപരീതമായ ഒരു ബഡ്ജററാണ് അദ്ദേഹത്തിനു സമർപ്പിക്കുവാൻ സാധിച്ചതു്", എന്നു് എനിക്കു തോന്നിപ്പോകുന്നുണ്ട്. സർ, നാലു മാസമല്ല നാലു കൊല്ലം കഴിഞ്ഞാൽപ്പോലും അദ്ദേഹത്തിനാകട്ടെ അദ്ദേഹം അംഗമായിരിക്കുന്ന ഈ പാർട്ടിക്കാകട്ടെ ആ വിധത്തിലുള്ള ഒരു ബഡ്ജററു അവതരിപ്പിക്കുവാൻ സാധിക്കുകയില്ലയെന്നാണ് എനിക്കു തോന്നുന്നതു്.

കാരണം എന്താണെന്നുള്ളതു ഈ ബഡ്ജററും ഇതിനു മുൻപുണ്ടായിട്ടുള്ള ബഡ്ജററുകളുംതമ്മിൽ പരിശോധിച്ചാൽ അറിയാൻ കഴിയുന്നതാണ്. ബഹുമാനപ്പെട്ട ഡെപ്യൂട്ടിസ്പീക്കർ പറഞ്ഞതുപോലെ സർ സി. പി. രാമസ്വാമിഅയ്യർ ഭരിച്ചിരുന്ന കാലത്തും കൊച്ചിയിൽ ഷൺമുഖം ചെട്ടിയും ഡിക്സനും ഭരിച്ചിരുന്നകാലത്തും ഉണ്ടായിട്ടുള്ള ബഡ്ജററുകളുടെ അതേ മൂശയിൽത്തന്നെ കരുപ്പിടിപ്പിച്ച ഒരു ബഡ്ജററാണിതു്.

[ശ്രീ. സി. അച്യുത മേനോൻ]

ബ്രിട്ടീഷുസാമ്രാജ്യത്തിന്റെ അടിമത്വത്തിൻകീഴിൽ നാട്ടുരാജ്യങ്ങൾ ഭരിച്ചിരുന്നകാലത്തു് ഉണ്ടായിരുന്നതിൽനിന്നും സാമ്പത്തികമായി ഇന്നത്തെ ബഡ്ജററിൽ യാതൊരു വ്യത്യാസവും കാണുന്നില്ല. കിരാതൻ എന്നു് ഉൽഘോഷിക്കപ്പെട്ട സർ സി. പി.-യുടെ ബഡ്ജററും, ഇന്നത്തെ ജനകീയമെന്നു ഘോഷിക്കുന്ന കാൺഗ്രസ്സുബഡ്ജററും രണ്ടും ഒരേ അച്ചിൽ വാർത്തെടുത്തതുതന്നെയാണു്. ബ്രിട്ടീഷുസാമ്രാജ്യത്തിന്റെ ഭരണത്തിൻകീഴിൽ ഭരിച്ചിരുന്ന നിലയിൽനിന്നും ഒരു വ്യത്യാസവും ഇതിലുണ്ടെന്നു പറയുവാൻ നിവൃത്തിയില്ല.

സർ, ഈ ബഡ്ജററു ഒരു വളർന്നുവരുന്ന ജനസമുദായത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ചുള്ള ഒരു ബഡ്ജററാണെന്നു പറയുവാൻ തരമില്ല. സാമ്പത്തികനില നന്നാകുമ്പോൾ ഗവണ്മെൻറിന്റെ വരവിനങ്ങൾ വർദ്ധിക്കുവാനുള്ള സാഹചര്യങ്ങളും സൃഷ്ടിക്കപ്പെടും. ജനക്ഷേമകരങ്ങളായ മാറ്റങ്ങൾക്കു പണമില്ലെന്നു പല്ലവി എല്ലാ കൊല്ലവും പോലെ ഈയാണ്ടും നടത്തി കാണുന്നുണ്ടു്. ജനങ്ങളുടെ സാമ്പത്തികസ്ഥിതി നന്നാകുവാൻവേണ്ടി പണം ബഡ്ജററിൽ കൊള്ളിക്കണമെങ്കിൽ, ജനങ്ങളിൽനിന്നും കൂടുതൽ നികുതി ഈടാക്കേണ്ടിവരും; അതു സാദ്ധ്യമല്ല എന്നു പറയുന്നതു വാസ്തവത്തിൽ ശരിയാണെങ്കിലും ഇന്നത്തെ സാഹചര്യത്തിൽ മാത്രമാണു് അതു് അനിവാര്യമായിത്തീരുന്നതെന്നു ഞാൻ പറയുന്നു. ഇങ്ങനെ പ്രകൃതിസ്വഭാവമനുസരിച്ചു വെയിലും മഴയുമുണ്ടാകുന്നതുപോലെ, ഒരു ബഡ്ജററു് ഈപ്രകാരമായിക്കൊള്ളണമെന്നും, വികസനക്ഷമമല്ലാതായിരിക്കണമെന്നും, യാതൊരു നിർബന്ധവുമില്ല. അപ്രകാരം വികാസക്ഷമമല്ലാതെ ഒരു ബഡ്ജററു് കൊണ്ടുവന്നിട്ടുണ്ടെങ്കിൽ അതു് ഈ കാൺഗ്രസ്സ്പാർട്ടി അനുവർത്തിക്കുന്ന നയത്തിന്റെ ഒരു പരിണതഫലമായിട്ടാണു്. ശ്രീ. ഏ. ജെ. ജാൺ ധനകാര്യമന്ത്രിയായിരുന്നപ്പോൾ ൧൧൨൬-ലെ ബഡ്ജററു് അവതരിപ്പിച്ചുകൊണ്ടുചെയ്ത പ്രസംഗത്തിൽ ഈ രാജ്യത്തിലെ വരവിനത്തിൽ ഒരു തുക ആപ്ലിഗേററി എക്സ്പെൻഡിച്ചർ ആയി മാററിവയ്ക്കേണ്ടിവരുമെന്നു പറയുകയുണ്ടായി. അങ്ങനെ മാററിവയ്ക്കുന്ന തുകയുടെ അവകാശികൾ ആരാണെന്നുള്ളതിനെപ്പററി നാം അറിഞ്ഞിരിക്കേണ്ടതാണു്. ഈ രാജ്യത്തിലെ രാജവാഴ്ചയേയും തിരുവിതാംകൂറിലേയും കൊച്ചിയിലേയും രാജകുടുംബാംഗങ്ങളേയും മററുള്ള നാടുവാഴിസ്ഥാപനങ്ങളേയും നിലനിർത്തുന്നതിനുവേണ്ടി വളരെ പണം ചെലവഴിച്ചുകാണുന്നുണ്ടു്. ഇതിന്റെ ആവശ്യമെന്താണെന്നുള്ളതു് എനിക്കു മനസ്സിലാകുന്നില്ല. വാസ്തവത്തിൽ അതിന്റെ ആവശ്യമില്ലെന്നു മാത്രമല്ല, അതെല്ലാം അവസാനിപ്പിക്കാൻ വേണ്ട നടപടികളാണു് ഗവണ്മെൻറു നടത്തുവാൻ സന്നദ്ധമാകേണ്ടതു്. ശ്രീ. ടി. വി. തോമസ്സ് കാശ്മീരിൽ നടക്കുന്ന സംഭവങ്ങളെപ്പററി ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. കാശ്മീരിൽ രാജവാഴ്ചയില്ലാതാക്കുവാൻവേണ്ടിയും ജന്മിത്വസമ്പ്രദായം അവസാനിപ്പിക്കുവാൻവേണ്ടിയും ഉള്ള ഒരു വലിയ സ്വാതന്ത്ര്യസമരമാണു് നടക്കുന്നതു്. കൃഷിക്കാർക്കെല്ലാം ഭൂമി കൊടുക്കണമെന്നും അങ്ങനെ നാട്ടിലെ ഭക്ഷ്യനില സുഭിക്ഷമാക്കണമെന്നുമാണു് ആ സമരത്തിനു അടിസ്ഥാനമായ തത്വമെന്നു നമുക്കു് മനസ്സിലാക്കുവാൻ പ്രയാസമില്ല. ആ

സ്ഥിതിക്ക ഇങ്ങനെയുള്ള പഴയ പാരമ്പര്യങ്ങളെ കെട്ടി പുലത്തുവാൻ വേണ്ടി കുറെയധികം സംഖ്യ ഇവിടെ ചെലവു ചെയ്യുവരുന്നുണ്ടെന്നു നാം ഓക്കണം. ഈ നാട്ടിലെ സ്വാതന്ത്ര്യസമരത്തെക്കറിച്ചു് പറയുകയാണെങ്കിൽതന്നെയും നമുക്ക മറെറാരു രാജ്യത്തിൻെറ മുൻപിൽ തല കുനിക്കേണ്ടതില്ല. കാശ്മീരിൽ ഉള്ളതിൽ ഒട്ടും കുറവല്ലാത്ത ഒരു പാരമ്പര്യം നമുക്കും ഉണ്ടു്. നാടുവാഴിവ്യവസ്ഥയും രാജവാഴ്ചയും നില നിത്തണമോ എന്ന കായ്യത്തെപ്പററി ഇവിടെ ഒരു വോട്ടെടുപ്പ് നടത്തുകയാണെങ്കിൽ, അതിൻെറ ഫലം എന്തായിരിക്കുമെന്നതിനെപ്പററി എനിക്ക സംശയമില്ല.

ഈ സന്ദർഭത്തിൽ തിരുവിതാംകൂർ-കൊച്ചിയിലെ ജനതയുടെ സുധീരമായ സമരചരിത്രത്തെപ്പററിയുള്ള സ്മരണയാണു് എൻെറ മനസ്സിലുദിക്കുന്നതു്. ൧൧൪-ലെ സമരത്തിൽ വെടിയുണ്ടയുടെ നേക്കു് വിരിമാറുകാട്ടി വീരചരമം വരിച്ച നെയ്യാററിൻകര രാഘവൻെറയും, പാലിയം സമരത്തിൽ നാടുവാഴിത്തത്തിനും ജന്മിത്തസമ്പ്രദായത്തിനും എതിരായി സമരം ചെയ്ത എൻെറ സഖാവും സഹപ്രവത്തകനുമായ എ. ജി. വേലായുധൻേറയും, കാൺഗ്രസ്സു് ജയിലുകളിലെ പോലീസിൻെറ ക്രൂരവും പൈശാചികവുമായ മദ്ദനമേററ മരണമടഞ്ഞ കോട്ടാത്തല സുരേന്ദ്രൻെറയും എന്നു വേണ്ടാ അതുപോലെയുള്ള നൂറുനൂറു രക്തസാക്ഷികളുടെ പവിത്ര രക്തം വീണ കുതിന്ന ഈ മണ്ണിൽ സ്വേച്ഛാധിപത്യത്തിനും രാജവാഴ്ചയ്ക്കും സ്ഥാനമില്ല. നേരേമറിച്ചു് കാൺഗ്രസ്സ് സർക്കാർ അതിനെ കെട്ടിപ്പുണർന്നു കൃത്രിമമായി നിലനിറുത്തുന്ന ഒരു നയമാണ ഇന്നവലംബിച്ചിരിക്കുന്നതു്. കരിഞ്ഞ തുളസിച്ചെടി വീണ്ടും നട്ടുപിടിപ്പിക്കാനുള്ള ഒരു ശ്രമം പോലെയാണിതു്. ഈ വക കായ്യങ്ങൾക്കവേണ്ടി ഈ ഗവണ്മെൻറ് അനവധി ലക്ഷം രൂപ ചെലവുചെയ്തു കഴിഞ്ഞിട്ടുണ്ടു്. സർ, ഈ രാജ്യത്തെ സമ്പത്തു വദ്ധിക്കണമെങ്കിൽ—ഈ രാജ്യത്തു ക്ഷേമം വർദ്ധിക്കണമെങ്കിൽ—ഒരൊററമാഗ്ഗമേയുള്ളു. അതായതു ജന്മിത്വം അവസാനിപ്പിക്കുക, കൃഷിക്കാക്കു് ഭൂമികൊടുക്കുക. ഇതു രണ്ടുമല്ലാതെ ഈ രാജ്യത്തെ സമ്പത്തു വർദ്ധിപ്പിക്കുവാനും ഈ രാജ്യം വ്യവസായീകരിക്കുവാനും മറെറന്തുമാഗ്ഗമാണുള്ളതു്? ഈ രാജ്യത്തെ കർഷകനു് പർച്ചയിസിംഗ് പവ്വർ ഇല്ല. അവൻ ഉണ്ടാക്കുന്ന സാധനങ്ങൾ വിററു് അവനു ആവശ്യമുള്ള യാതൊരു സാധനങ്ങളും വാങ്ങുവാൻ തരമില്ല. ഈ രാജ്യത്തെ അഭിവൃദ്ധിക്കവേണ്ടി അവൻ എത്ര കണ്ടു ഉൽപ്പന്നങ്ങൾ ഉണ്ടാക്കിയാൽപ്പോലും അവനു ഒരു മുറിമുണ്ടു വാങ്ങി നാണം മറയ്ക്കുവാൻ നിവൃത്തിയില്ലാത്ത ഒരു പരിതഃസ്ഥിതിയാണ ഇന്നുള്ളതു്. നമ്മുടെ മുതലാളിമാർ മുണ്ടു് മാക്കററിൽ വിററഴിക്കാൻ സാധിക്കാതെ കുന്നുകൂടി കിടക്കുന്നുവെന്നും, അതുകൊണ്ടു മുണ്ടിനു എക്സ്പോർട്ടു് ലൈസൻസു തരണമെന്നും മററും മുറവിളി കൂട്ടിക്കൊണ്ടിരിക്കുന്നു. ഇന്നു മാർക്കററിൽ മുണ്ടു വിററഴിയാത്തതിനുള്ള പ്രധാനകാരണം ഇൻേറർണൽ മാർക്കററിൻെറ കുറവാണു്. ഈ രാജ്യത്തു ൭൫ ശതമാനം വരുന്ന കർഷകക്ക അവർക്കാവശ്യമുള്ള മുണ്ടു വാങ്ങുവാൻ കഴിവുണ്ടാകുമെങ്കിൽ ഇന്നുള്ള ഫാക്ടറികളിലെ മുണ്ടുമാത്രമല്ല ഇനിയും ഒരു ൧൦൦ ഫാക്ടറികൾ മുണ്ടുണ്ടാക്കിയാൽക്കൂടി അവരുടെ ആവശ്യത്തിനു മതിയാകാതെ വരുന്നതാണു്. എന്നാൽ ഇന്നു് അതു കർഷകനു വാങ്ങുവാനുള്ള കഴിവില്ല. ജന്മിമാക്കുമാത്രമെ അതിനു്

[ശ്രീ. സി. അച്ചുത മേനോൻ.]

കഴിവുള്ളു. അതുകൊണ്ടു ഇന്നുള്ള സാമ്പത്തികവ്യവസ്ഥ, നാടുവാഴിത്ത സംപ്രദായം അവസാനിപ്പിച്ചാൽ മാത്രമെ ഈ രാജ്യത്തെ ജനങ്ങൾക്ക് സാമ്പത്തികക്ഷേമം കൈവരുവാൻ പോകുന്നുള്ളു. സാമ്പത്തികക്ഷേമം കൈവന്നാൽ നാം നിർബന്ധിക്കാതെതന്നെ കൂടുതൽ പണം നികുതിയായി ഗവണ്മെൻറിനു പിരിക്കുവാൻ സാധിക്കും. ഉദാഹരണത്തിന് ഇവിടത്തെ സെയിൽസ് ടാക്സുതന്നെ നോക്കാം. ഈ വിൽപ്പനനികുതിയുടെ കാര്യത്തിൽ ധനകാര്യമന്ത്രിക്കു സംതൃപ്തിയുണ്ടു്. പക്ഷെ ആ സംതൃപ്തി നിലനിൽക്കാൻ പോകുന്നില്ല. ഈ രാജ്യത്തെ സാമ്പത്തികസ്ഥിതി വീണ്ടും വീണ്ടും അധഃപതിച്ചുകൊണ്ടാണിരിക്കുന്നതു്. നേരേമറിച്ചു കൃഷിക്കാർക്കെല്ലാം കൃഷിഭൂമികളുടെ ഉടമസ്ഥാവകാശവും, അവർ കൃഷി ചെയ്തുണ്ടാക്കുന്ന വിളവുകൾ അവർക്കുതന്നെ യഥേഷ്ടം ഉപയോഗിക്കുവാനുള്ള അവകാശവും ലഭിച്ചാൽ വിൽപ്പനനികുതിയുടെ ഭാരം ഇന്നത്തേക്കാൾ കുറച്ചാൽക്കൂടി, നിരക്കു കുറച്ചാൽക്കൂടി കൂടുതൽ പണം പിരിക്കുവാൻ സാധിക്കും.

ഇനി ചെലവിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ അതു ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തെപ്പററിയാണ്. ഏതാണ്ടു ൩൫ ശതമാനത്തോളം ഈ ഇനത്തിൽ ചെലവുകാണുന്നുണ്ടു്.

Mr. Speaker: The hon. Member will try to conclude.

ശ്രീ. സി. അച്യുതമേനോൻ: സർ, എനിക്കു് മറെറാരു സംഗതിയെപ്പററി പ്രധാനമായി പറയുവാനുള്ളതു ഈ രാജ്യത്തെ മുതലെടുപ്പു വർദ്ധിപ്പിക്കുവാൻ ഏററവും മൗലികമായ മാററങ്ങൾ ഉണ്ടെന്നാണ്. അതിനെ സംബന്ധിച്ചു കൂടുതൽ വിസ്തരിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. മുതലെടുപ്പു വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ഇന്നത്തെ സാഹചര്യങ്ങൾവച്ചുകൊണ്ടു നാട്ടിന്റെ ഉത്തമതാൽപ്പര്യങ്ങളെ സംരക്ഷിക്കുന്നതിനും ശരിയായ ചുമതലകൾ നിറവേററുന്നതിനും ആവശ്യമായ പരിപാടികൾ ഗവണ്മെൻറ അംഗീകരിച്ചിട്ടുണ്ടോ, എന്നു നോക്കിയാൽ അതും അവർ ചെയ്തിട്ടില്ല. ഇന്നുകാലത്തു ഞാൻ ചൂണ്ടിക്കാണിച്ചതുപോലെ ഫൈനാഷ്യൽ ഇൻറിഗ്രേഷനെപ്പററി പത്രങ്ങളിലും മററും ധാരാളം പ്രസ്താവനകൾ പുറത്തുവന്നിട്ടുണ്ടു്. ഈ രാജ്യത്തെ ഫൈനാൻസിനെയും, രാജ്യത്തിന്റെ ഭാവിഭാഗധേയത്തിന്നാധാരമായ പദ്ധതികളെയും കാൺഗ്രസ്സുഗവണ്മെൻറ കൈകാര്യം ചെയ്യുന്നതു അവരുടെ തറവാട്ടുസ്വത്തുപോലെയാണ്. എത്രയും പ്രധാനപ്പെട്ട ഒരു കാര്യത്തെക്കുറിച്ചു ഇൻഡ്യാഗവണ്മെൻറിന്റെ അടുത്തു നിവേദനംചെയ്യു അവസരത്തിൽ ഈ രാജ്യത്തെ പ്രധാന പാർട്ടികളിൽപ്പെട്ട ഞങ്ങളെക്കൂടി ക്ഷണിക്കേണ്ടതായിരുന്നു. ഈ വക സംഗതികളിൽ സംബന്ധിക്കുവാൻ ഞങ്ങൾക്കും അവകാശമുണ്ടു്. ഞങ്ങളും അവരെപ്പോലെതന്നെ തിരഞ്ഞെടുക്കപ്പെട്ടു വന്നിട്ടുള്ളവരാണ്. അല്ലാതെ ആരുടെയും ഓശാരംകൊണ്ടു ഇവിടെ വന്നിരിക്കയല്ല. ഈ രാജ്യത്തെ ബഹു ജനങ്ങളെ പ്രതിനിധീകരിക്കുന്നവരാണു ഞങ്ങളും. തിരഞ്ഞെടുപ്പിൽ ജനങ്ങളുടെ യഥാർത്ഥവിശ്വാസം നേടിക്കൊണ്ടു വന്നിട്ടുള്ളവരാണു ഞങ്ങൾ; ഞങ്ങളോടാലോചിക്കാതെ ഈ രാജ്യത്തെ സംബന്ധിക്കുന്ന കാര്യങ്ങൾ നടത്തുന്നതു് ഞങ്ങളിൽ വിശ്വാസം അർപ്പിച്ചിട്ടുള്ള വലിയൊരു വിഭാഗം ജനങ്ങളെ അവഹേളിക്കുന്നതിനു തുല്യമാണ്; അവരുടെ

താല്പ്പര്യങ്ങളെ അവഗണിക്കുന്നതിനു തുല്യമാണു്. അതു സഹിക്കുവാൻ ഞങ്ങൾക്കു നിവൃത്തിയില്ല. ഒരു നല്ല കാര്യംചെയ്തതിനു ധനകാര്യമന്ത്രിയെ അനുമോദിക്കേണ്ടതുണ്ടു്. ഇവിടെ ധനകാര്യക്കമ്മിഷൻ വന്ന അവസരത്തിൽ പാർട്ടിക്കുപുറത്തുള്ള ചില ആളുകളെക്കൂടി ക്ഷണിക്കുകയുണ്ടായി. ഡാക്ടർ പി. ജെ. തോമസ്സിനേയും ഇവിടത്തെ ഭരണകാര്യങ്ങളിൽ പരിചയമുള്ള ശ്രീ. ജി. പരമേശ്വരൻപിള്ളയേയും ക്ഷണിക്കുകയുണ്ടായി. അതൊരു നല്ല കാര്യംതന്നെ. അതിൽ ഞങ്ങൾക്കു കുറെ ആശ്വാസമുണ്ടു്. എന്നാൽ പ്രതിപക്ഷവുമായി കൺസൾട്ടു ചെയ്യുന്ന ഉത്തരവാദത്തിൽനിന്നും, ഒഴിഞ്ഞുമാറുകയാണെങ്കിൽ അതു ഒരിക്കലും ശരിയായിട്ടുള്ളതല്ലെന്നാണു ഞാൻ പറയുന്നതു്. രാജ്യത്തിന്റെ താല്പ്പര്യത്തെ സംരക്ഷിക്കുന്നതിനുവേണ്ടി ബുദ്ധിപൂർവ്വമായും തന്റേടത്തോടുകൂടിയും കാൺഗ്രസ്സ് ഗവണ്മെന്റോ ഇന്നത്തെ ധനകാര്യമന്ത്രിയോ പെരുമാറിയിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുന്നു?

ഒരു സംഗതി എന്റെ ഓർമ്മയിൽ വരുന്നുണ്ടു്. ഈ രാജ്യത്തിന്റെ വിധിനിർണ്ണായകഘട്ടങ്ങളിലും പ്രതിസന്ധിഘട്ടങ്ങളിലും എല്ലാംതന്നെ ഇന്നത്തെ ധനകാര്യമന്ത്രി ഒരു പ്രധാനപങ്കു് വഹിക്കുന്നതായി കാണ്മാനുണ്ടു്. ഈ രാജ്യത്തിന്റെ ഭാഗ്യരാശിയിൽ ഒരു പാപഗ്രഹത്തിന്റെ ഉദയം പോലെയാണദ്ദേഹത്തിന്റെ ആവിർഭാവം. ഈ രാജ്യത്തെ സെക്ഷൻ ൩൭൧-ാം വകുപ്പിൽ നിന്നു ഒഴിവാക്കേണ്ട പ്രശ്നം ഉണ്ടായ ഘട്ടത്തിൽ പാർലമെന്റിൽ ഉണ്ടായിരുന്നതു അദ്ദേഹമാണു്. അന്നദ്ദേഹം പറഞ്ഞു, സർദാർ പട്ടേലിന്റെ പക്കൽനിന്നും ഈ ൩൭൧-ാം വകുപ്പിൽനിന്നു ഈ സ്റ്റേററിനെ ഒഴിവാക്കാമെന്നുള്ള ഉറപ്പു കിട്ടീട്ടുണ്ടെന്നു്. ഈ സംഗതിയെ സംബന്ധിച്ചു ഇന്നത്തെ ധനകാര്യമന്ത്രി പല പ്ലാററുഫാറങ്ങളിൽനിന്നുകൊണ്ടു പ്രസംഗിക്കുകകൂടി ചെയ്തിട്ടുണ്ടു്. ഈ രാജ്യത്തെ ജനങ്ങൾ ഒററക്കെട്ടായി നിന്നുകൊണ്ടു് ഈ സെക്ഷൻ ൩൭൧-ൽനിന്നു തിരുവിതാംകൂർ-കൊച്ചിയെ ഒഴിവാക്കണമെന്നു പറയുമ്പോൾ, അതേ അവസരത്തിൽതന്നെ കാൺഗ്രസ്സ് പാർട്ടിയിലെ ഒരു പാർലമെന്റു മെംബർ ലജ്ജയില്ലാതെ പ്രസംഗിക്കുന്നു ഞങ്ങൾക്കൊരു അഡ്മിനിസ്ട്രേട്ടറെ വേണം ഇവിടെ ഒരു അഡൈ്വസർഭരണം ആവശ്യമുണ്ടു് എന്നു്. മൈസൂറിനെപോലെയോ മററു നാട്ടുരാജ്യങ്ങളെ പോലെയോ തിരുവിതാംകൂർ-കൊച്ചിയെ ൩൭൧-ാം വകുപ്പിന്റെ പരാധീനതയിൽനിന്നു ഒഴിവാക്കേണ്ട കാര്യത്തിൽ ഇന്നത്തെ ധനകാര്യമന്ത്രി എന്തുചെയ്തിട്ടുണ്ടെന്നു ഞാൻ ചോദിക്കുന്നു. അദ്ദേഹം മറെറാരു സന്ദർഭത്തിൽ പറഞ്ഞതുപോലെ കാൽ പതറാതെ, മുട്ടുകുത്താതെ, മുഖം നോക്കാതെ, നട്ടെല്ലുവളയാതെ ഉത്തരവാദിത്വത്തോടുകൂടി രാജ്യത്തിന്റെ ഉത്തമതാല്പ്പര്യങ്ങൾക്കുവേണ്ടി വാദിക്കേണ്ട സന്ദർഭങ്ങളിൽ അദ്ദേഹം അതു ചെയ്തിട്ടില്ലെന്നും, പ്രത്യുത രാജ്യതാല്പ്പര്യങ്ങൾ വിൽക്കപ്പെടുകയാണു ചെയ്തതെന്നും പറയുവാൻ ഞാനാഗ്രഹിക്കുന്നു.

അവസാനമായി ഒന്നുരണ്ടുചോദ്യങ്ങൾ ചോദിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. എനിക്കു എല്ലാ സംഗതികളെപ്പററിയും വിവരമുണ്ടെന്നു ഞാൻ അഭിമാനിക്കുന്നില്ല. അതുകൊണ്ടു ഞാൻ ചോദിക്കുന്ന ചോദ്യങ്ങൾ ചിലതു അസ്ഥാനത്തായിരിക്കാം. ഇവിടെ അസററ്സ് ആൻറു ലയബിലിററീസ് കാണിക്കുന്നുണ്ടു്. നമുക്കു വളരെ കംഫർട്ടബിൾ പൊസിഷനാ

[ശ്രീ. സി. അച്യുതമേനോൻ]

ണ്ടുള്ളതെന്നു പറഞ്ഞു. ഒട്ടാകെ ൨൩ കോടിയിൽ ചില്വാനം അസററ്സ് ഉണ്ടെന്നു പറയുന്നു. അതിൽ ഷെയേഴ്സു ഇൻവെസ്ററുമെൻറായിട്ട് ൧൩ കോടി ൮൧ ലക്ഷത്തിൽ ചില്വാനം ഉണ്ടെന്നു പറഞ്ഞിട്ടുണ്ട്. അതു എവിടെയൊക്കെയാണെന്നുള്ളതിൻെറ വിവരം അദ്ദേഹത്തിൻെറ മറുപടി പ്രസംഗത്തിൽ കേട്ടാൽകൊള്ളാം. ഷെയേഴ്സിൻെറ പെയിഡ് വാല്യു ആയിരിക്കും ഇതിൽ കാണിച്ചിട്ടുള്ളതു്. അതുമാത്രം അറിഞ്ഞാൽപോരാ. ഇൻവെസ്ററുമെൻറ്സ് ഏതെതാണെന്നും അവ എവിടെയാണെന്നും അറിഞ്ഞാൽകൊള്ളാം. സർ സി. പി-യുടെ കാലത്തുണ്ടായിരുന്ന ഇൻവെസ്ററുമെൻറ അതേപടി സ്വീകരിച്ചിട്ടുണ്ടോ; അതു റീ വാല്യുചെയ്തിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം. മറെറാരു സംഗതിയും വിശദമായി അറിയേണ്ടതുണ്ട്. ഗവൺമെൻറിൻെറ ഇൻവെസ്ററുമെൻറ് ഓവർഡ്രാഫ്ററ്അക്കൗണ്ട് ഇംപീരിയൽബാങ്കിൽ എത്രയുണ്ട്? അതിനു എന്തു പലിശയുണ്ടായിരുന്നു എന്നുള്ള സംഗതികളെല്ലാം വിവരമായി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ஸ்ரீ. பி. ராமஸ்வாமி பிள்ளை: ஸர், இந்தியக் குடியரசு திட்டம் அமுலில் வந்த பிறகு முதன் முதலாக தேர்ந்தெடுக்கப்பட்ட இந்த சபையில் நமது நிதிமந்திரியவர்கள் அவதரிப்பித்திருக்கும் இந்த பட்ஜெட்டைக் குறித்துப் பேசுவதற்கு எனக்கு ஒரு வாய்ப்பு கிடைத்தது பற்றி நான் சந்தோஷப்படுகிறேன். சில மாதங்களுக்கு முன்பு இங்கு ஒரு ஸர்ப்ளஸ் பட்ஜெட்டாக அவதரிக்கப்பட்ட இந்த பட்ஜட்டு தற்போது ஒரு டெபிஸிட் பட்ஜெட்டாக மாறி அமையப்பட்டிருக்கின்றது. மக்களின் நலனுக்காக ஆங்காங்கு சிற்சில வேலைத்திட்டங்களை நிறைவேற்ற வேண்டுமென்ற கருத்துடன் நமது நிதிமந்திரியவர்கள் அந்த பட்ஜெட்டை இப்படி மாற்றி அமைத்தார்கள் என்று நேற்று நம்மிடம் சொன்னார்கள். பொதுவாக இந்த பட்ஜெட்டால் திருவிதாங்கூர்-கொச்சி மக்களுக்கு என்ன பயன் என்பது பற்றி சீர்தூக்கி அலசிப் பார்ப்பதற்கு இங்கு ஏராளம் ஆட்கள் இருக்கின்றார்கள். ஆதலால் பொதுவாக ஒரு சிறுபான்மையரான எங்களுக்கு இந்த பட்ஜெட்டால் என்ன விதமான நன்மை இருக்கிறது என்பதைப் பற்றி மட்டும் நான் எடுத்துக்காட்ட ஆசைப்படுகிறேன். நமது திருவிதாங்கூர்-கொச்சிக்கு கிடைக்கும் மொத்த வருமானங்களை பிரிவினையாக எடுத்துக்கொண்டு பார்த்தால் முக்கியமாக மூன்றுவித இலாகாக்களிலிருந்து தான் வருமானம் வருகிறது என்பது தெரியவரும். அவைகள், லாண்ட் ரெவன்யூ, எக்ஸைஸ், ஸேல்ஸ்டாக்ஸ் இவைகள்தாம். லாண்ட் ரெவன்யூவை பொறுத்தளவில் இந்த பட்ஜெட்படி தென் திருவிதாங்கூரின் மேல் ஒரு மாற்றான்தாய் மனப்பான்மையைத் தான் இச்சர்க்கார் காட்டிக் கொண்டிருக்கிறது என்று மிகவும் வருத்தத்துடன் எடுத்துச் சொல்லிக்கொள்கிறேன். வட திருவிதாங்கூரில் இல்லாத சில கரங்கள் தென் திருவிதாங்கூரில் ஏற்படுத்தப் பட்டிருக்கிறதென்பது இந்தச் சபையில் இதற்கு முன் எவ்வளவோ தடவைகள் அறிவிக்கப்பட்ட விஷயமாகும். அக்கரங்களில் ஒன்று மணியங்கரமாகும்.

3 P. M.]

மணியங்கரம் என்பது மிகவும் கொடுமையானதொரு கரமாகும். இம்மணியம் நிலங்களிலிருந்து பத்துக்கோட்டை நெல் விளைந்தால் அதில் ஆறும், ஏழும் கோட்டை நெல்லை இம் மணியங்கரத்திற்காக கொடுக்க வேண்டியிருக்கிறது. இம்மாதிரிப்பட்ட கரம் திருவிதாங்கூர்-கொச்சியில் பல பாகங்களிலும் கிடையாது. இந்த மணியங்கரத்தை ஒழிக்க வேண்டுமென்று அங்கு இருக்கிற ஜனங்கள் முயன்று கொண்டிருக்கிறார்கள், கிளர்ச்சியும் செய்து கொண்டிருக்கிறார்கள். இது சம்பந்தமாக இந்த அரசாங்கத்தை அணுகினார்கள். மத்திய அரசாங்கத்தை அணுகினார்கள் ராஜப்பிரமுகர் அவர்களையும் அணுகினார்கள். ஆனால் பயனொன்றுமில்லை. அதைநினைக்கும்போது எனக்கு ராமாயணத்தில் வரும் சூர்ப்பனகையின் நினைவுதான் வருகிறது. தன்னை மணந்து கொள்ளும்படி சூர்ப்பனகை இராமனிடம் சென்றபோது, என்னால் முடியாது, லக்ஷ்மணனிடம் போ என்றார். அவரிடம் போனபோது இராமரிடம் செல் என்றார். அந்தக் கதையைப் போல்தான் இருக்கிறது இதுவும். இங்கிருக்கும் அரசாங்கத்தாரையோ அல்லது மந்திரி சபையையோ அணுகினால் அவர்கள் சொல்கிறார்கள், மணியங்கரம் என்பது பத்மநாபஸ்வாமிக்குச் சேர்ந்தது, எங்களுக்கு ஒன்றும் அதில் செய்யமுடியாது என்று சொல்கிறார்கள். ராஜப்பிரமுகர் அவர்களிடம் சொன்னால், அவர் எனக்கு இதில் அக்கறையில்லை; மத்திய அரசாங்கம் இதில் ஈடுபடுமானால் ஏதாவது நிவர்த்தி செய்யலாம் என்று சொல்கிறார். பத்மநாபஸ்வாமி கோவிலிற்கென்று தனிப்பட்ட ஒரு Trust இருப்பதாகச் சொல்கிறார்கள். ஆனால் அப்படி ஒன்றும் இருப்பதாக எனக்குத் தெரியவில்லை. இந்த மணியங்கரம் வசூல் செய்து கொண்டிருக்கும் மேல் ஆபீஸர்களிடம் சொன்னால், அவர்களும் சொல்கிறார்கள் எங்களால் ஒன்றும் செய்யமுடியாதென்று. ஆக யார்தான் இதைச் செய்வார்களென்று தெரியாமல் மக்கள் மிகவும் கஷ்டப்படுகிறார்கள். ஆக இதற்கு ஒரு பரிகாரம் கண்டு பிடிக்க வேண்டியது அரசாங்கத்தினுடையவும் பொது மக்களுடையவும் ஒரு கடமையாகும். எந்த விதத்தில் இதை நிவர்த்தி செய்யலாமென்பது பற்றி பரிசீலனை செய்வது மிக மிக ஆவசியமாயிருக்கிறது. அடுத்தாற் போல், "பேஸிக் டாக்ஸ்" இந்த பட்ஜெட்டில் புதிதாக எந்தவிதக் கரமும் சுமத்தப்படவில்லை என்று சொல்லப்பட்டது. அது உண்மை. ஆனால் முன்னிருந்தபடியுள்ள "பேஸிக் டாக்ஸ்" இரட்டிப்பாக அதிகரிக்கப்பட்டுள்ளது. அதற்கு யாதொரு காரணமும் காண்பிக்கப்படவில்லை. இப்பொழுது கொண்டு வரப்பட்டிருக்கும் பட்ஜெட் Surplus பட்ஜெட்டாய் இருந்தாலும் சரி, அல்லது Deficit பட்ஜெட்டாய் இருந்தாலும் சரி பேஸிக்டாக்ஸை இரட்டியாய் அதிகப்படுத்தியதை மாற்றி முன்பிருந்ததுபோல் கொண்டுவர முயற்சி எடுத்துக்கொள்ள வேண்டும். இல்லாவிடில் அது மக்களுக்குச் செய்யும் ஒரு பெரிய அநீதியாகும் என்று எடுத்துச் சொல்ல ஆசைப்படுகிறேன்.

[ஸ்ரீ. பி. ராமஸ்வாமி பிள்ளை]

அடுத்தபடியாக நான் சொல்ல விரும்புவது, தென் திருவிதாங்கூரில் வேறொரு கரம் இருக்கிறது. தண்ணீர் கரம் என்று சொல்வார்கள். பேச்சிப்பாறை, (கோதையார் Project) வந்தபோது இந்த Water Cess, அதாவது தண்ணீர் கரம் சுமத்தப்பட்டது. சில இடங்களில் சில ரோடுகள் புதிதாகப் போட்டால், அதற்குச் செலவு செய்த பணத்தை பிரித்தெடுப்பதற்கென்று Toll-gate போடுவார்கள். அதேபோல் இந்த கோதையார் Project வந்தபோது அதற்கு எவ்வளவு பணம் செலவாயிற்றோ அப்பணத்தையும் அதற்குள்ள வட்டியையும் சேர்த்து எடுப்பதற்காக, Wet Land-ய் இருந்தால் ஏக்கர் ஒன்றுக்கு ஏழு ரூபாயும், ஆயகட்டு நிலங்களாய் இருந்தால் இரண்டு ரூபாயும் கரமாக வசூலிக்கப்பட்டு வருகிறது. அங்ஙனம் இக்கரம் பல வருடங்களாக வசூலிக்கப்பட்டு வருகிறது. கோதையார் Project-க்கு எவ்வளவு பணம் செலவு செய்யப்பட்டதோ அதைவிட மூன்று மடங்கு கூடுதலாக வசூல் செய்தாய்விட்டது. ஆனபோதிலும் அந்தக் கரத்தை இதுவரை குறைவு செய்யவில்லை. இப்படிப்பட்ட ஒரு அநீதியை தென் திருவிதாங்கூருக்கு மட்டும் காட்டுவது சரியல்ல என்று சொல்லிக்கொள்ள நான் ஆசைப்படுகிறேன். வேறு எந்த நீர்ப்பாசனத் திட்டங்களுக்காவது இது மாதிரி வரி வசூல் செய்யப்படுகிறதா என்பதைப் பற்றி நீங்கள் சற்று ஆலோசித்து இதற்கு ஒரு நிவாரணம் செய்ய வேண்டுமென்று கேட்டுக்கொள்கிறேன்.

அடுத்ததாக, ஊடுகூர் ஸெட்டில்மென்ட் விளவங்கோடு, கல்குளம் தாலுகாக்களை எடுத்துப்பார்த்தால், அதற்கு ஒரு Oodukoor-Settlement Officer-யையும், இரண்டு பார்ட்டி ஆபீஸர்களையும் நியமிக்கப்பட்டிருக்கிறது. ஆனால் ஒவ்வொரு பார்ட்டி ஆபீஸர்களும் சொல்கிறார்கள், இன்னும் 20000 கேஸ்கள் Pending-ல் இருக்கிறதென்று. அந்த ஆபீஸர்கள் அதை சமாளிக்க முடியாத நிலையில் இருக்கின்றார்கள். இதைப்பற்றி அரசாங்கத்தினிடம் பல முறை சொல்லி இருக்கிறோம், பயன் ஒன்றும் காணப்படவில்லை. ஆகையால் இதற்கு வேண்டிய, ஆவன செய்ய வேண்டுமென்று அரசாங்கத்தினிடம் கேட்டுக் கொள்கிறேன்.

அடுத்தது, Excise மதுவிலக்குத் திட்டம் நமது திருவிதாங்கூரில் அமுலில் வந்தது, கொச்சியிலும் அமுலில் வந்தது. அப்பொழுதிருந்த அரசாங்கம் மிகக் காருண்யமான முறையில் மதுவிலக்குத் திட்டத்தை முதன் முதலாக தென் திருவிதாங்கூரில் நடப்பாக்கினார்கள். அதற்காக அப்பொழுதிருந்த அரசாங்கத்தைப் பாராட்டிக் கொள்கிறேன். ஆனால் இப்பொழுது, அந்த மதுவிலக்குத் திட்டம் அமுலில் இருந்தாலும் இல்லாததுபோல்தான் இருக்கிறது. எங்கு பார்த்தாலும் சாராயம்வடிக்கப்படுகிறது, கள்ளும் இறக்கப்படுகிறது. மதுவிலக்குக்கென்று தனிப்பட்ட பல ஆபீசர்கள் இருந்தாலும் அதை கண்டு பிடிக்க முயற்சி எடுக்காமல் இருப்பது மிகவும் வருந்தத்தக்கதொரு காரியமாகும். ஆகவே இந்த ஆபீசர்கள்

சரியான முறையில் தங்கள் வேலைகளைக் கவனிக்கும்படிச் செய்ய வேண்டுமென்று இவ்வரசாங்கத்திடம் கேட்டுக்கொள்கிறேன்.

பின்னர், 'ஸேல்ஸ் டாக்ஸ்' இந்த Sales Tax என்பது மிகவும் மோசமானதொரு கரம் என்பது எல்லோரும் ஒப்புக்கொள்ளக் கூடிய ஒரு விஷயமாகும். இந்த Sales Tax என்பது தென் திருவிதாங்கூருக்கு என்று ஏற்படுத்தப்பட்ட கரம் என்று சொல்லவில்லை. ஒரு பொருள் வாங்கவோ, அல்லது விற்கவோ வேண்டுமானால் எத்தனையோ பாயின்டில் இந்தக்கரம் கொடுக்கவேண்டி வருகிறது. Sales Tax இருக்க வேண்டுமென்று நிர்பந்தமானால் ஒரு பாயின்டில் மட்டும் அவ்வரிவசூல் செய்யுங்கள் என்று சொல்லிக்கொள்கிறேன். பின்னர், செலவினத்தைப் பார்த்தால், சில மேஜர் ஒர்க்ஸ் தென் திருவிதாங்கூரில் செய்யப்பட்டது. அதில் ஒன்று ஆகிய பெருஞ்சாணி அணைத் திட்டத்தை எடுத்துக் கொள்வோம். இந்த பெருஞ்சாணித் திட்டத்தைப் பற்றி இந்த சபையில் எத்தனையோ கேள்விகள் கேட்கப்பட்டிருக்கிறது. பெருஞ்சாணித் திட்டத்தைத் துவக்கிப் பல வருஷங்கள் ஆகின்றன. அதைத் துவக்கிய காலத்தில், சுமார் மூன்று வருடங்களில் அந்தத் திட்டத்தைப் பூர்த்தி செய்து விடலாம் என்று சொல்லப்பட்டது. சென்ற வருடத்திலும், அதற்கு முந்திய வருடத்திலும், பெருஞ்சாணித் திட்டம் எப்பொழுது பூர்த்தி அடையும் என்று இந்த சபையில் கேட்டபோது, Shutter-கள் இன்னும் வரவில்லை, வந்தவுடன் வேலை பூர்த்தியாகி விடுமென்று பதில் கூறப்பட்டது. Shutter-கள் வந்து விட்டதோ, இல்லையோ இன்னும் அந்தத் திட்டம் அப்படியேதான் பூர்த்தியாகாமல் இருந்து கொண்டிருக்கின்றது. ஆகவே, கூடிய சீக்கிரம் அந்தத் திட்டத்தை பூர்த்தி செய்து விடவேண்டுமென்று பணிவுடன் கேட்டுக் கொள்கிறேன். அடுத்ததாக நெய்யார் டாமைப் பற்றி ஒன்றிரண்டு வார்த்தைகள் சொல்ல ஆசைப்படுகிறேன்.

வட திருவிதாங்கூரிலுள்ள மக்கள், இந்த நெய்யார் அணைத் திட்டம் தென் திருவிதாங்கூரிலுள்ள மக்களுக்குப் பயன் அளிக்கக் கூடியதொரு திட்டமென்று சொல்வார்கள். ஆனால் உண்மை அதுவல்ல. உண்மையாக நடப்பதென்னவென்றால், Right Bank Channels வெட்டி அந்த அணையிலுள்ள தண்ணீரை திருவனந்தபுரத்திற்கும் அதற்கு பக்கத்திலுள்ள இடங்களுக்கும் கொண்டு போகப்போகிறார்கள் என்று கேள்விப்படுகிறேன். இங்கு கரமனை ஆற்றின் தெற்கு வசமுள்ள ஏராளமான பிரதேசங்கள் தென்னந் தோப்புகளால் நிரம்பப்பட்டவை. தென்னந்தோப்புகளை வயல்களாக மாற்றினால் அதன் கதி என்னவாகுமென்று யோசிக்க வேண்டும். ஆனால் நெய்யார் டாமின் இடது பக்கமாக Left Bank சான்ல்கள் வெட்டி விளவங்கோடு தாலுகாவிலும், நெய்யாற்றின் கரை தாலுகாவிலுமுள்ள மரச்சீனிப் பிரதேசங்களை விளை நிலங்களாக மாற்றினால் அது மிகவும் பயன் படும். ஆகையினால் Right Bank Channel-களுக்குப் பதில் Left Bank Channel-களை வெட்டி வேலை செய்து பூர்த்தியாக்கினால்தான் அந்த டாமினால் பயன் ஏற்படும் என்று இந்த இடத்தில் சொல்லிக்கொள்கிறேன்.

[ஸ்ரீ. பி. ராமஸ்வாமி பிள்ளை]

அடுத்ததாக, Community Project Items· இதில் கல்குளம் விளவங்கோடை ஒரு Centre ஆக தேர்ந்தெடுத்தார்கள். விளவங்கோடு-நெய்யாற்றின்கரையை ஒரு Centre ஆக தேர்ந்தெடுத்ததற்காக நான் மிகவும் சந்தோஷப்படுகிறேன். கல்குளம்-விளவங்கோடு என்று சொன்னேன், அதிலும் ஓரளவு உண்மையில்லாமலில்லை. எந்தெந்த Centre களில் இந்த Project-யை துவக்க வேண்டுமென்ற பிரச்னை எழும்பியபொழுது அப்பொழுதிருந்த மந்திரி சபை கல்குளம்-விளவங்கோடையும் ஒரு Centre ஆக எடுக்கவேண்டுமென்று ஒரு Suggestion கொடுத்ததாக அறிந்தேன். ஆனால் எப்படியோ அது கல்குளத்திலிருந்து நெய்யாற்றின் கரைக்குச் சாடிவிட்டது. எதுவாயிருந்தாலும் சரி, சரியான முறையில் அதை நிறைவேற்றி மக்களுக்குப் பயன் அளிக்கக்கூடிய முறையில் செய்ய வேண்டும். ஆனால் அந்த வேலைத் திட்டங்களில் வைத்திருக்கும் ஆபீஸர்களைப்பற்றி ஒன்று சொல்ல ஆசைப்படுகிறேன். இந்த Project-யை எந்தெந்த இடங்களில் துவக்குகிறார்களோ அந்தந்த இடங்களிலுள்ள ஆட்களை, அதாவது அந்தந்த இடங்களைப்பற்றி நன்றாகத் தெரியக்கூடியவர்களை நியமிப்பதுதான் நன்றாக இருக்கும். இல்லாவிடில், அந்தந்தயிடங்களிலுள்ள Local Conditions-களைப் பற்றி சரியான முறையில் தெரியாத காரணத்தால் அவர்களால் சரியாக வேலை செய்ய முடியாது. ஆகவே, நான் சொல்வதென்னவென்றால் சிறிய உத்தியோகஸ்தர்களானாலும்சரி அல்லது பெரிய உத்தியோகஸ்தர்களானாலும் சரி அந்தந்த இடங்களில் உள்ளவர்களையே அந்த உத்தியோகங்களுக்கு எடுக்கவேண்டும். மேலும், அங்கு நடக்கும் வேலைகளை மேற்பார்வை செய்ய அந்தந்த இடங்களிலுள்ள ஜனப்பிரதிநிதிகள் அடங்கிய ஒரு Non Official Committee-யை நிறுவ வேண்டுமென்றும் ஒரு ஆலோசனை கூறுகிறேன்.

அடுத்தபடியாக, Education Department. இந்த டிப்பார்ட்மென்டார் தென் திருவிதாங்கூரில் செய்துவரும் அநீதிகளைப் பற்றி ஒன்றிரண்டு வார்த்தைகள் சொல்ல நினைக்கிறேன். திருவிதாங்கூர்-கொச்சியில் உள்ள ஆக மக்களின் ஐந்தில் ஒரு பங்கு தமிழர்களாவார்கள், என்பதை எல்லோரும் அறிவார்கள். 1941 ஸென்ஸஸ்படி இந்நாட்டிலுள்ள 65,00000 ஜனங்களில் சுமார் 15,00000 ஜனங்கள் தமிழர்களாகள். இப்பொழுதுள்ள Census படி ஐந்தில் ஒரு பாகம் தமிழர்வார் களாயிருந்தும், Education டிப்பார்ட்மென்டிலிருந்து என்ன செய்யப்படுகிறது என்பது பற்றி ஒன்றிரண்டு வார்த்தைகள் சொல்ல நான் ஆசைப்படுகிறேன். இங்கு இரு பாஷைகள் பேசும் ஜனங்களிருந்தும் பல பாஷைகளுக்காக ஏனைய கல்லூரிகள் இருக்கின்றன. சமஸ்கிருதத்தை எடுத்துக்கொள்வோம். Sanskrit is a dead Language என்று சொல்வார்கள். அதாவது, சமஸ்கிருதம் ஒரு இறந்துபோன பாஷையாகும் என்று. அது பேசும் பாஷையல்ல. அப்படிப்பட்ட அந்த பாஷைக்குக் கூட நாம் ஒரு காலேஜை வைத்

துக் கொண்டிருக்கிறோம். உண்மையில் மக்களுக்குப் பயன் அளிக்கும் ஒரு காலேஜ் அல்ல இந்த சம்ஸ்கிருத காலேஜ். மிகவும் தாராளமாக நாம் அந்த காலேஜை நிறுவியிருக்கிறோம். 450 ரூபாய் முதல் 750 ரூபாய் வரை சம்பளம் வாங்கும் ஒரு பிரின்ஸிபால் இருக்கிறார் அந்த காலேஜிற்கு. University College லும் கூட சமஸ்கிருதத்திற்கென்று 450 முதல் 750 ரூபாய் சம்பளம் வாங்கும் ஒரு Professor இருக்கிறார். அங்கு மலையாளத்திற்கென்றும் ஒரு தனி Professor-ம் இருக்கிறார், 450 முதல் 750 ரூபாய் சம்பளத்தில். ஆனால் இதேபோல் தமிழிற்கென்று ஒரு Professor இங்கு இருக்கிறாரா? இல்லை. ஏன்? ஏன் இம்மாதிரிப்பட்ட வித்தியாசம் பாராட்டுகிறீர்கள் என்று நான் கேட்கிறேன். மொத்த ஜனத்தொகையில் ஐந்தில் ஒரு பங்கு ஜனத்தொகை இருக்கும் தமிழர்கள் பேசும் பாஷையாகிய தமிழ் இருந்தும் அதற்கென்று இங்குள்ள University College லோ, Intermediate College-லோ தனி Professor இருக்கிறாரா? இல்லை. ஒரு Second Grade Professor ஆவது இருக்கிறாரா? அதுவும் இல்லை. ஆனால் ஒரு Lecturer இருக்கிறார். அதுவும் Pandit-ஆய் இருந்தவரை Lecturer ஆய் ஆக்கியிருக்கிறார்கள், ஒரு பெரிய சகாயம் செய்தது போல். மற்ற பாஷைகளுக்கு வழங்கும் நீதியை ஏன் தமிழிற்கும் அளிக்கக்கூடாது. ஆகவே, உடனடி நமது Government கல்லூரியில் தமிழிற்கென ஒரு தனி Professor நியமிப்பதற்கு வேண்டிய நடவடிக்கைகள் எடுக்க வேண்டுமென்று கேட்டுக்கொள்கிறேன். திருவனந்தபுரத்திலிருக்கும் அரசாங்கக் கல்லூரியில் தமிழர்களை சரியான முறையில் சேர்க்கவில்லையென்ற பராதி இருந்து கொண்டிருக்கிறது. Intermediate College-ல் 400 பேரைச் சேர்த்தால் தமிழர்களில் சுமார் 15 பேர்களுக்கு மேல் சேர்க்கப்படவில்லை. இதற்காக நமது மந்திரியவர்களிடம் அநேக மனுக்கள் கொடுத்திருக்கிறோம். திருவிதாங்கூர்-கொச்சியில் அரசாங்கக் கல்லூரி திருவனந்தபுரத்தில் மட்டுந்தான் இருக்கிறது. ஆக தமிழர்கள் சரியான முறையில் இவ்வரசாங்கக் கல்லூரியில் சேர்க்கப்படாததால், தமிழ் பிள்ளைகளுக்கு கல்லூரியில் சேர்ந்து படிக்கவேண்டுமானால் ஒரு ஹிந்து காலேஜிலோ அல்லது ஒரு மிஷன் காலேஜிலோதான் சேர்ந்து படிக்க வேண்டியிருக்கிறது. உங்களுக்கு ஏன் இப்படிப்பட்ட மனப்பான்மை? ஆகையினால் கூடிய சீக்கிரம் தமிழ் பிள்ளைகளை, ஆக ஜனத்தொகையில் ஐந்தில் ஒரு பங்கு தமிழர்கள் இருக்கிறார்கள் என்ற முறையில் அவர்களை கல்லூரியில் சேர்க்கும்படியானதொரு கட்டளை பிறப்பிக்க வேண்டுமென்று கேட்டுக்கொள்கிறேன்.

அடுத்தபடியாக, தென் திருவிதாங்கூரில் Compulsory Primary Education நடப்பிலிருக்கிறது. அதற்காக நான் பெருமைப் படுகிறேன். அங்கிருக்கும் பள்ளிக்கூடங்களின் நிலைமை என்னவெனில், அப்பள்ளிக்கூடங்கள் இருப்பது ஓலைக் கட்டிடங்களிலாகும். அக்கட்டிடங்களிலுள்ள ஓலைகளெல்லாம் பிய்ந்து அப்படி இப்படிப் போய்விட்டது. திரும்ப அதற்கு ஓலை கட்டுவதற்கு இந்த கல்வி

[ஸ்ரீ. பி. ராமஸ்வாமி பிள்ளை]

இலாகா ஒரு சிரத்தையும் காண்பித்ததாகத் தெரியவில்லை. மழைக் காலங்களில் அந்தக்கூரைகள் யார் தலையில் விழப்போகிறதோ என்ற நிலைமையில் இருக்கிறது. வேறு சில இடங்களில் பள்ளிக்கூடங்களுக்கென்று L. M. S. அதிகாரிகளிடமிருந்து சில கட்டிடங்களை வாடகைக்கு எடுத்துக்கொண்டிருக்கிறார்கள். அங்ஙனம் எடுத்துக் கொண்டபோதுள்ள ஒப்பந்தப்படி, 12 வருடங்கள் கழிந்த பின்பு, எந்த ஸ்திதியில் அக்கட்டிடங்கள் எடுக்கப்பட்டதோ அந்த ஸ்திதியில் கொடுக்கப்பட வேண்டுமென்று நினைக்கிறேன். இரணியலில் இருக்கும் நெய்யூர் L. M. S. பிரைமறி பாடசாலையைப் பற்றிச் சொல்கிறேன். அக்கட்டிடத்திலுள்ள ஓடுகளெல்லாம் உடைந்து, பட்டீல்கள் எல்லாம் கெட்டுப்போய் ஒவ்வொருவர் தலையிலும் விழுந்துகொண்டு இருக்கின்றது. இதைப் பற்றி Education Director யிடமும், அரசாங்கத்தினிடமும் தெரிவித்ததாக அந்த ஸ்கூல் அதிகாரிகள் என்னிடம் சொன்னார்கள். இதைப் பற்றி அரசாங்கத்தினிடம் சொன்னால், அவர் L. M. S. கார் அதை ரிப்பயர் செய்யவேண்டுமென்றும், L. M. S. காரிடம் சொன்னால் அவர்கள், அரசாங்கம் தான் அதை ரிப்பெயர் செய்து தரவேண்டுமென்றும் சொல்கிறார்கள். அப்பள்ளிக்கூடத்தில் சுமார் 600 மாணவர்கள் படித்துக்கொண்டிருக்கிறார்கள். இவர்களது உயிர் அக்கட்டிடத்தின் நிலைமையில் தான் இருக்கிறது. ஆகவே அதை ரிப்பயர் செய்ய முடியவில்லையானால் அந்தப் பள்ளிக்கூடத்தை விட்டு விட்டு வேறொரு ஷெட் கட்டி அதில் படிப்பிக்க வேண்டுமென்று கேட்டுக்கொள்கிறேன்.

அடுத்தபடியாக நான் சொல்ல விரும்புவது என்னவென்றால், தென் திருவிதாங்கூரிலுள்ள நாடார் சமுதாயத்தைச் சேர்ந்தவர்களின் ஒரு தொழிலாகும், பனையேறும் தொழில். குடில் விவசாயம் என்ற முறையில் அதற்கு ஆவன செய்ய வேண்டுமென்றும் கேட்டுக்கொள்கிறேன். இந்த Community Project வரும்போது கருப்புக்கட்டி எடுக்கும் விதத்தைப் பற்றி கற்றுக் கொடுக்கப்படுமென்று சொல்லப்படுகிறது. இந்த கருப்புக்கட்டியைப் பற்றியும் பனையேறுவதைப் பற்றியும் சொல்லிக்கொடுக்கும் ஆபீஸர்களைப்பற்றி ஒன்று சொல்ல ஆசைப்படுகிறேன். இவர்களில் இரண்டு பேர் பிருமணர்கள், மற்றொருவர் வேறு ஜாதியைச் சார்ந்தவர். மேற்சொன்ன காரியங்களைப் பற்றி படிப்பித்துக்கொடுப்பவர்கள், அந்த ஜாதியைச் சேர்ந்தவர்களாய் இருந்தால் நல்லது. இம்மாதிரிப்பட்ட காரியங்களை நன்றாக யோசித்து ஆவன செய்ய வேண்டுமென்றும் கேட்டுக்கொண்டு எனது பேச்சை முடித்துக் கொள்கிறேன்.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: സർ, ഈ ബഡ്ജറ്റിന്റെ അവതരണവേളയിൽതന്നെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി രണ്ടു പോരായ്മകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ഒന്നാമത്തേതു് കഴിഞ്ഞകൊല്ലത്തെ വരവിനെ അടിസ്ഥാനപ്പെടുത്തിയാണ് ഈക്കൊല്ലത്തെ റവന്യൂ

കണക്കാക്കിയിരിക്കുന്നതു്. കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവും വ്യവസായമാന്ദ്യവും നിമിത്തം ഫോറസ്റ്റ്, എക്സൈസ്, സെയിൽസ്ടാക്സ് ഈ ഇനങ്ങളിൽ ഉള്ള വരവുകൾ കുറയുമെന്നും പ്രതീക്ഷിക്കപ്പെട്ടിരുന്നു. ചെലവിനങ്ങളെപ്പററി കഴിഞ്ഞ തവണ ഉണ്ടായിട്ടുള്ള വാദമുഖങ്ങൾക്ക് ധനകാര്യമന്ത്രി നൽകിയ മറുപടിയെന്തെന്നാൽ, പഴയനയവും പരിപാടികളും അനുസരിച്ചാണ് ഈ ഇടക്കാലബഡ്ജററ് അവതരിപ്പിച്ചിട്ടുള്ളതെന്നും കാര്യങ്ങൾ ശരിയായി ഒന്നു പരിശോധിച്ചുനോക്കി ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള അവസരം ഉണ്ടായിട്ടില്ലെന്നും, ഫിനാൻസുമന്ത്രിയായി ചാർജ്ജെടുത്തിട്ടുതന്നെ ഏതാനും ദിവസങ്ങളെ ആയുള്ളു എന്നും, അടുത്ത തവണ അവതരിപ്പിക്കപ്പെടുന്ന ബഡ്ജററ് ചെലവിനങ്ങളെ സംബന്ധിച്ചിടത്തോളം ഒരു പുതുക്കിയ ബഡ്ജററായിരിക്കുമെന്നും ആയിരുന്നു. എന്നാൽ ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിലും യാതൊരു പുതുമയും കാണുന്നില്ല. വരവിൻെറയും ചെലവിൻെറയും കാര്യത്തിൽ ഈ നാട്ടിലെ യാഥാർത്ഥ്യങ്ങളുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു ബഡ്ജററ് ആണ് ധനകാര്യമന്ത്രി അവതരിപ്പിച്ചിരിക്കുന്നതു്. കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവും വ്യവസായമാന്ദ്യവുംനിമിത്തം വരവിനു സാരമായ കുറവു വന്നുകൊണ്ടിരിക്കവെ ബഡ്ജററിൽ പ്രതീക്ഷിച്ചിരിക്കുന്ന ഈ വരവ് എങ്ങനെയുണ്ടാകുമെന്നുള്ളതു് ധനകാര്യമന്ത്രി വെളിവാക്കേണ്ടതാണ്. കൂടാതെ, അസ്സററിൻെറയും ലയബിലിററിയുടെയും ചില കണക്കുകളെ സംബന്ധിച്ച് പല വിശദവിവരങ്ങളും ധനകാര്യമന്ത്രി വ്യക്തമാക്കേണ്ടതുണ്ടു്. അതായതു്, എസ്. ബി. ഇനത്തിൽ ൨ കോടി രൂപ ഉണ്ടെന്നു കാണുന്നു. പോസ്റ്റൽ ഡിപ്പാർട്ടുമെൻറും സേവിംഗ്സ് അക്കൗണ്ടും കേന്ദ്രത്തിനു വിട്ടുകൊടുത്തതിനുശേഷം ഈ ഫണ്ടു് എങ്ങനെ പ്രതീക്ഷിക്കുന്നു ? ഈ ഫണ്ടു് എവിടെ നിക്ഷേപിച്ചിരിക്കുന്നു ? അതുപോലെതന്നെ പോസ്ററ വാർ റീകൺസ്ട്രക്ഷൻ ഡവലപ്പുമെൻറ ഫണ്ടു് എന്ന ഇനത്തിൽ ൨൭൬ ലക്ഷം രൂപ കൊള്ളിച്ചിട്ടുണ്ടെന്നു കാണുന്നു. ഇവകൂടാതെ, വില്ലേജ്പഞ്ചായത്തു ഫണ്ടു്, സിങ്കിംഗ്ഫണ്ടു്, ഇറിഗേഷൻഫണ്ടു് ഇങ്ങനെ കുറെ ഫണ്ടുകൾക്കുവേണ്ടി കുറെയധികം തുകയുള്ളതായും കാണുന്നു. എന്നാൽ ഈ തുകകളെല്ലാം കടലാസിൽ മാത്രമേയുള്ളോ, അതോ എവിടെയെങ്കിലും നിക്ഷേപിച്ചിട്ടുണ്ടോ എന്നും അറിയേണ്ടിയിരിക്കുന്നു. അസ്സെററിൻെറ കൂട്ടത്തിൽ പോസ്ററ വാർ റീ കൺസ്ട്രക്ഷൻ ഫണ്ടിനുവേണ്ടി ൨൭ ലക്ഷം രൂപയെ കാണുന്നുള്ളൂ. ബാക്കിയുള്ളതു് എവിടെ പോയി മറഞ്ഞു എന്നുള്ളതും ഞങ്ങൾക്ക് അറിയേണ്ടിയിരിക്കുന്നു. ഇതുകൂടാതെ വ്യവസായസ്ഥാപനങ്ങൾക്കുവേണ്ടി കുറെയധികം തുക മുടക്കിയിരിക്കുന്നതായി ഈ ബഡ്ജററ് വെളിപ്പെടുത്തുന്നു. വ്യവസായസ്ഥാപനങ്ങൾക്കുവേണ്ടി ഗവൺമെൻറിൽനിന്നും കൊടുത്തിരിക്കുന്ന ഈ വമ്പിച്ച തുകകളെപ്പററി പല കഥകളും ഞങ്ങൾക്കു കേൾക്കാൻ കഴിഞ്ഞിട്ടുണ്ടു്. അതായതു്, പല കമ്പനികൾക്കും ഗവൺമെൻറിൽനിന്നും വമ്പിച്ച തുകകൾ കടം കൊടുത്തിട്ടുള്ള കൂട്ടത്തിൽ ൯൫ ലക്ഷം രൂപ എഫ്. എ. സി. ററി. കമ്പനിക്കും വായ്പ ഇനത്തിൽ കൊടുത്തു. കൊടുത്തിട്ടുള്ള വായ്പ സംഖ്യയുടെ ഒരംശംപോലും അടയ്ക്കുകയോ, അല്ലെങ്കിൽ അവയുടെ പലിശപോലും ഗവൺമെൻറിനു കൊടുക്കുകയോ ചെയ്യാത്തതുനിമിത്തം അത്രയും തുകയ്ക്കു ഗവൺമെൻറ ഷെയർ ആക്കി മാററുകയാണു ചെയ്തിട്ടുള്ളതു്. ഇതുപോലുള്ള

[ശ്രീ. എം. എൻ. ഗോവിന്ദൻ നായർ]

സ്ഥാപനങ്ങളിലാണോ ഗവണ്മെൻറ പണം നിക്ഷേപിച്ചിട്ടുള്ളതെന്നും അറിയേണ്ടതുണ്ടു്. ഇതുകൂടാതെ പ്രഞ്ചി ക്ലെ മൈൻസും റിഫൈനറിയും ഫണ്ടു് എന്നൊരിനം കാണുന്നു. കോസ്റ്റൽട്രാൻസ്പോർട്ടു് എന്നു പറഞ്ഞു കുറെ തുക കാണുന്നു. ഇവകളുടെ വിശദവിവരങ്ങൾ കൂടി ധനകാര്യമന്ത്രിയിൽനിന്നും പ്രതീക്ഷിക്കുന്നു. ഇവയ്ക്കുപുറമെ ലോൺസ് എന്ന ഐററത്തിൽ ധാരാളം തുക കൊടുത്തിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. എനിക്കറിയാൻ കഴിഞ്ഞിട്ടുള്ളതു്, മുൻപു് ഗവണ്മെൻറിൽനിന്നും ഷെയർ എടുത്തിട്ടുള്ള കമ്പനികൾക്കാണു് ലോൺ കൊടുത്തിട്ടുള്ളതെന്നാണു്. മുൻപു് കൊച്ചി ഗവണ്മെൻറിൽനിന്നും കടംവാങ്ങിയ പണത്തിൻെറ പലിശയും ആദായനികുതിയുംപോലും കൊടുക്കാൻതയ്യാറാകാത്ത ഒരു വ്യവസായപ്രമുഖനു് അതിനുശേഷം, ഈ ഗവണ്മെൻറിൽനിന്നും ൫൦ ലക്ഷം രൂപകൂടി കടമായി കൊടുത്തുവെന്നു് ഞാൻ കേട്ടു. അതു നേരാണോ എന്നും അതുപോലെയുള്ള ലോൺസും അഡ്വാൻസും ആണോ നമ്മുടെ അസെററ്സ് ആയി കാണിച്ചിട്ടുള്ളതെന്നും ധനകാര്യമന്ത്രി വ്യക്തമാക്കണമെന്നു് അദ്ദേഹത്തോടു ഞാൻ അപേക്ഷിക്കുന്നു. അതുപോലെ ഗവണ്മെൻറിൻെറ അസെററ്സിൽ റബ്ബർഫാക്ടറി ക്ലേ റിഫൈൻ ആൻഡു് പോർസലൈൻ ഫാക്ടറി ഇങ്ങനെ പല സ്ഥാപനങ്ങളെപ്പററി പ്രസ്താവിച്ചിട്ടുണ്ടു്. ബഡ്ജററ മെമ്മോറാണ്ഡത്തിൽ മറെറാരുഭാഗത്തു് വ്യാവസായികരംഗത്തു വരവു കുറയുന്നതിനുള്ള കാരണങ്ങളെപ്പററി പറയുന്ന കൂട്ടത്തിൽ ഈ കമ്പനികളിൽ ഒന്നിൽനിന്നും തന്നെ കാര്യമായ വരുമാനം കിട്ടുന്നില്ലെന്നു മാത്രമല്ല നഷ്ടത്തിലാണു നടക്കുന്നതെന്നും പറഞ്ഞിട്ടുണ്ടു്. ഏതെങ്കിലും ഇൻക്രീസ് കാണുന്നുവെങ്കിൽ അതു് മൈനിംഗിൽ പ്രൈവററ കമ്പനിയിൽനിന്നും കിട്ടുന്ന ലാഭമാണു്. ഗവണ്മെൻറിൻേറതെന്നു പറയുന്ന ഈ കമ്പനികളെല്ലാം വളരെ നഷ്ടത്തിലാണു നടക്കുന്നതെന്നു ബഡ്ജററിൽ നിന്നുതന്നെ മനസ്സിലാകുന്നുണ്ടു്. വളരെനാളായി നഷ്ടത്തിൽതന്നെയാണു നടന്നുപോരുന്നതും. ഇതിൻെറ കാരണമെന്താണു്? ഈ കമ്പനികളെയെല്ലാം വിദഗ്ദ്ധന്മാരെക്കൊണ്ടുപരിശോധിപ്പിച്ചു് ഇതിൽനിന്നു് എത്ര തുക റൈററു് ഓഫ് ചെയ്യാമെന്നു് കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെയെല്ലാം ഉള്ളതാണു് നമ്മുടെ മുതൽ ആയി എടുത്തുകാണിക്കുന്നതു്. അതുപോലെതന്നെ നാലുകോടിയിൽപ്പരം രൂപ സ്റ്റേററു് ട്രെയിഡിംഗിൻെറ ഫലമായി നഷ്ടംവന്നിട്ടുണ്ടെന്നു കാണുന്നു. ഇതിനെപ്പററി അന്വേഷിക്കുന്നതിലേയ്ക്കായി ഒരാളെ നിയമിച്ചിരുന്നു എന്നും അദ്ദേഹം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും അതനുസരിച്ചു് ഈ നഷ്ടത്തിനു് ഉത്തരവാദികളായി കുറെ ആളുകളെ കണ്ടുപിടിച്ചിട്ടുണ്ടെന്നും കേട്ടിട്ടുണ്ടു്. ആ റിപ്പോർട്ടു് ഈ സഭയുടെ മുമ്പിൽ വയ്ക്കുന്നതിനും അതിൻെറ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ നഷ്ടത്തിനു് ഉത്തരവാദികളായ ആളുകളുടെ മേൽ എടുക്കുന്നതിനും ഈ ഗവണ്മെൻറ തയ്യാറുണ്ടോ എന്നുള്ള വസ്തുതയും വ്യക്തമാക്കണമെന്നു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോടു് അപേക്ഷിച്ചുകൊള്ളുന്നു. നമ്മുടെ സ്റ്റേററിലെ വരുമാനത്തെ വളരെ കാര്യമായി ബാധിക്കുന്ന ഒന്നാണു് സാമ്പത്തികസംയോജനം സംബന്ധിച്ചു് നമ്മുടെ ഗവണ്മെൻറും കേന്ദ്രഗവണ്മെൻറും തമ്മിൽ ഉണ്ടാക്കിയിട്ടുള്ള വ്യവസ്ഥകൾ. ഈ അടുത്ത കാലത്തുവന്ന ഫൈനാൻസ് കമ്മിഷനു് നൽകിയ

മെമ്മോറാണ്ടത്തെപ്പററി ഇവിടെ പരാമർശിക്കുകയുണ്ടായി. എനിക്ക് ഈ സഭയുടെ ശ്രദ്ധയിൽപെടുത്താനുള്ളതു് ഈ സംഗതിയെപ്പററിയാണ്. അതിലെ നിർദ്ദേശങ്ങളനുസരിച്ച് ഫൈനാൻസ് കമ്മീഷൻ അംഗീകരിക്കുന്ന വ്യവസ്ഥകൾക്കൊത്ത് നമുക്ക് സാമ്പത്തികസംയോജനം സംബന്ധിച്ച് എന്തെങ്കിലും ആനുകൂല്യങ്ങൾ കിട്ടുന്നുവെങ്കിൽ തന്നെയും അതിനു ഇനിയും രണ്ടോ മൂന്നോ കൊല്ലം കഴിയും. ഇപ്പോൾ ഒരു എഗ്രിമെൻറുണ്ട്. അതായതു് കൃഷ്ണമാചാരികമ്മിററിയുടെ ശുപാർശയനുസരിച്ച് ഉണ്ടാക്കിയിട്ടുള്ള എഗ്രിമെൻറ്. ആ എഗ്രിമെൻറ് എന്താണെന്നും അതിലെ വ്യവസ്ഥകൾ എന്തെല്ലാമാണെന്നും ഗവണ്മെൻറ ഈ സഭയെ അറിയിക്കേണ്ടതായിട്ടുണ്ട്. അതു് ഈ സഭയുടെ മുമ്പിൽ സമർപ്പിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

നമ്മുടെ ബഡ്ജററ പരിശോധിച്ചാൽ ഏഴു കോടിയിൽപരം രൂപ വരവുള്ളതായി കാണാം. അതിൽ മൂന്നുകോടി അഞ്ചുലക്ഷം രൂപയാണ് കേന്ദ്രത്തിൽനിന്നും നമുക്കു കിട്ടുന്നതു്. കേന്ദ്രത്തിൽനിന്നും ഇതിൽകൂടുതൽ തുക കിട്ടുന്നതിനു നമുക്ക് അവകാശമുണ്ടോ; ഉണ്ടെങ്കിൽ ആ അവകാശങ്ങൾ വേണ്ടവണ്ണം കേന്ദ്രഗവണ്മെൻറിന്റെ ദൃഷ്ടിയിൽക്കൊണ്ടുവരേണ്ടതു് ഒരു പ്രത്യേക പാർട്ടിയുടെമാത്രം കാര്യമല്ല; ഈ രാജ്യത്തെ മുഴുവൻ ആളുകളേയും ബാധിക്കുന്ന ഒരു കാര്യമാണ്. കാരണം നമ്മുടെ സ്റ്റേററിന്റെ വരുമാനത്തിന് മുമ്പുമുതൽതന്നെ ചില പ്രത്യേക ഇനങ്ങളുണ്ടായിരുന്നു. ഇതെല്ലാം പറയുമ്പോൾ സ്വതന്ത്ര തിരുവിതാംകൂറിന്റെ മണം അടിക്കുന്നു എന്നു പറയുന്നതുകൊണ്ടു കാര്യമില്ല. സ്വതന്ത്ര തിരുവിതാംകൂർ വേണമെന്നു വാദിച്ചിട്ടുള്ളവരോ വാദിക്കുന്നവരോ അല്ല ഞങ്ങളെന്നു ധനകാര്യമന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവന്നുകൊള്ളുന്നു. നേരെമറിച്ച് ഇൻഡ്യയുടെ ഒരു ഭാഗമായി തിരുവിതാംകൂർകൊച്ചിയും നിലകൊള്ളണമെന്നും ഭാഷാപരമായി ഒരു ഐക്യകേരളപ്രവിശ്യയായി മററ പ്രവിശ്യകളോടു തുല്യനിലയിൽ ഉയരണമെന്നും ആഗ്രഹിക്കുകയും അതിലേയ്ക്കു് പ്രവർത്തിക്കുകയും ചെയ്യുന്നവരാണു ഞങ്ങളെന്ന് അറിയിച്ചുകൊള്ളുന്നു. എന്നാൽ ചരിത്രപരമായും ഭൂമിശാസ്ത്രപരമായും ചില കാരണങ്ങൾകൊണ്ടു് ഈ സ്റ്റേററിന് ചില പ്രത്യേകതകൾ ഉണ്ടു്. ഇവിടത്തെ കഴിഞ്ഞകാലങ്ങളിലെ ബഡ്ജററുകൾ നോക്കുകയാണെങ്കിൽ സ്റ്റേററിന്റെ വരുമാനത്തിൽ നല്ല ഒരു ഭാഗം കസ്റ്റംസ് തുടങ്ങി സെൻട്രൽ ഗവണ്മെൻറിനു കൊടുത്തിട്ടുള്ള ഇനങ്ങളിൽനിന്നാണ് കിട്ടുന്നതെന്നു കാണാൻ കഴിയും. ഈ വരവിനങ്ങളെല്ലാംതന്നെ വർദ്ധിച്ചുവരുന്ന വരവിനങ്ങളാണ്. ഇൻഡ്യാഗവണ്മെൻറുമായി ചെയ്തിട്ടുള്ള എഗ്രിമെൻറിൽ കണക്കാക്കിയിട്ടുള്ള ബേസിസ് ൧൯൪൮-ലേയും ൧൯൪൯-ലേയും വരവുകളായിരുന്നു. ആ അടിസ്ഥാനത്തിലാണ് മൂന്നുകോടി അഞ്ചുലക്ഷം രൂപായെന്നു തീരുമാനിച്ചിട്ടുള്ളതു്. ആ നിലയിൽ നമുക്ക് ഭീമമായ ഒരു നഷ്ടമാണ് വന്നുകൊണ്ടിരിക്കുന്നതു്. അതിനൊരു ചെറിയ ഉദാഹരണം ഞാൻപറയാം. ഈ നാട്ടിൽ നിന്നു പോകുന്ന കുരുമുളകിൽ നിന്നു തന്നെ കേന്ദ്രത്തിനു മൂന്നരകോടി രൂപ എക്സ്പോർട്ടു് ഡ്യൂട്ടിയിനത്തിൽ കിട്ടുന്നുണ്ടു്. എന്നാൽ നാം വിട്ടുകൊടുത്തിട്ടുള്ള ഇൻകംടാക്സ്, കറൻസി, ടെലഫോൺ, അഞ്ചൽ മുതലായ എല്ലാ ഇനങ്ങളിലുംകൂടി കിട്ടുന്ന തുകയാണ് മൂന്നുകോടിയിൽചില്വാനം രൂപ. ഇൻഡ്യയിലെ വിവിധ സ്റ്റേററുകൾ തമ്മിൽ വ്യത്യാസമുണ്ടെന്നു ഭരണഘടനയിൽതന്നെ അംഗീക

[ശ്രീ. എം. എൻ. ഗോവിന്ദൻനായർ]

രിച്ചിട്ടുള്ളതാണ്. തിരുവിതാംകൂറും കൊച്ചിയും മററു സ്റ്റേററുകളും തമ്മിൽ വളരെ വ്യത്യാസമുണ്ട്. മൈസൂറിലാണെങ്കിൽ എക്സ്പോർട്ട് ഡ്യൂട്ടിയിൽനിന്നും ഒരു കാശുപോലും കിട്ടാനില്ല. നമ്മെപോലെ നഷ്ടംവന്നിട്ടുള്ള സ്റ്റേററുകൾ ഒന്നുംതന്നെയില്ല. ബാക്കിയുള്ള സ്റ്റേററുകൾക്കെല്ലാം ലാഭമാണുണ്ടായിട്ടുള്ളതു്. തിരുവിതാംകൂറിലും, കൊച്ചിയിലും, മൈസൂറിലും അല്ലാതെ മറെറങ്ങും ഇൻകംടാക്സ് മുമ്പെങ്ങും ഏർപ്പെടുത്തിയിരുന്നില്ല. ഈ വക കാര്യങ്ങളൊക്കെ കാണിച്ച് നട്ടെല്ലുനിവർന്നുനിന്നു അവകാശവാദം നടത്തിയിരുന്നെങ്കിൽ ഇപ്പോഴുള്ള വ്യവസ്ഥ അംഗീകരിക്കയില്ലായിരുന്നു. ഇതേ അനുഭവം തന്നെ ബ്രിട്ടീഷ്സാമ്രാജ്യത്തിന്റെ കയ്യിൽ നിന്ന് ഈ രാജ്യത്തിന് മുമ്പൊരിക്കൽ അനുഭവപ്പെട്ടിട്ടുണ്ട്. വളരെ കുപ്രസിദ്ധമായിത്തീർന്നിട്ടുള്ള ഇൻറർ പോർട്ടൽ കൺവെൻഷൻ എന്നൊന്ന് അന്നിരുന്ന ഗവൺമെൻറ ഉണ്ടാക്കിയിരുന്നു. ഇംപോർട്ട് ഡ്യൂട്ടിക്ക് തിരുവിതാംകൂറിന് നാല്പതിനായിരംരൂപ നൽകുമെന്നാണ് ബ്രിട്ടീഷുകാർ സമ്മതിച്ചതു്. പിന്നീടിരുന്ന ദിവാൻജിമാർ ആ വ്യവസ്ഥ മാററണമെന്ന് എഴുതീട്ടുണ്ട്. എന്നാൽ അതു മാറിയില്ല. അതുപോലെയുള്ള ഒരു തെററുതന്നെയാണ് നമ്മൾ കൃഷ്ണമാചാരികമ്മിററി വന്നപ്പോഴും ചെയ്തിട്ടുള്ളതു്. കൃഷ്ണമാചാരിക്കമ്മിററി തന്നെ തിരുവിതാംകൂർ–കൊച്ചിയെ പററി ചിലതു് പ്രത്യേകമായി എഴുതിയിരുന്നതായി കാണുന്നുണ്ട്. അതു പോലും കേന്ദ്രഗവൺമെൻറിനെക്കൊണ്ട് നടപ്പിൽവരുത്താൻ നമ്മുടെ മന്ത്രിമാർക്ക് കഴിഞ്ഞില്ല. അഞ്ചൽ ഡിപ്പാർട്ടുമെൻറിന്റെ സംയോജനം ഒരു പ്രത്യേകനിലയിൽ പരിഗണിക്കേണ്ടതാണെന്ന് ആ റിപ്പോർട്ടിൽ പ്രത്യേകം പറഞ്ഞിട്ടുണ്ടായിരുന്നു. ഇപ്പോൾ അതങ്ങു മാറിക്കഴിഞ്ഞു. ഇവിടെയുള്ള മെററീരിയൽ അസററ്സ് എല്ലാം യാതൊരു പ്രതിഫലവുംകൂടാതെയാണ് കൊടുത്തിട്ടുള്ളതു്. ഉദാഹരണം, പട്ടാളം കേന്ദ്രത്തിന്റെ കീഴിൽ ആയതോടുകൂടി പാങ്ങോട്ടുള്ള സ്ഥലം മുഴുവൻ അവർക്ക് ആവശ്യമുണ്ടെങ്കിലും ഇല്ലെങ്കിലും പ്രതിഫലം കൂടാതെ കൊടുത്തിരിക്കുകയാണ്. ഈ രീതിയിൽ ടെലഫോൺവകുപ്പ് ൪൦ ലക്ഷംരൂപ വിലപിടിപ്പുള്ള സാധനസാമഗ്രികളോടുകൂടി വിട്ടുകൊടുത്തിട്ടുണ്ട്. അതിൽ ഏകദേശം ൩൦ ലക്ഷം രൂപയുടെ സാധനങ്ങൾ ഇവിടെനിന്നും പോയിക്കഴിഞ്ഞു. അങ്ങനെ ന്യായമായി അവകാശപ്പെടാവുന്ന പലതും നാം വിട്ടുകൊടുത്തിരിക്കുകയാണ്.

വിദ്യാഭ്യാസവകുപ്പിനുവേണ്ടി ൧൪ലക്ഷം രൂപ കൂടുതലായിബഡ്ജററ ചെയ്തിട്ടുള്ളതായി കാണുന്നു. ഈ കൂടുതൽ തുക എന്തിനായി അനുവദിക്കണമെന്നുള്ള കാര്യത്തെപ്പററി ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങൾ കാര്യമായി ആലോചിക്കേണ്ടതാണ്. ഇന്നു നടപ്പിലിരിക്കുന്ന വിദ്യാഭ്യാസസംപ്രദായം ഏതാനും ചില ആളുകൾക്കുവേണ്ടിയുള്ളതാണെന്നു കാണുന്നുണ്ട്. ഉദാഹരണമായി നമ്മുടെ യൂണിവേഴ്സിററിതന്നെ എടുക്കാം. ഈ യൂണിവേഴ്സിററിയും ഈ സഭയുമായി ഇന്ന് യാതൊരു ബന്ധവുമില്ല. പണ്ടത്തെ മഹാരാജാവിന്റെ നിയന്ത്രണത്തിലുള്ള ഒരു സ്ഥാപനമായിട്ടാണ് അതു് ഇന്നും നടക്കുന്നതു്. ലക്ഷക്കണക്കിന് രൂപ പ്രതിവർഷം നാം കൊടുക്കുന്നുമുണ്ട്. ഇതിന്റെ നിയന്ത്രണം നമ്മുടെ രാജപ്രമുഖനുപോലുമില്ല. പഴയ മഹാരാജാവിനാണ്. അതിനെ ഭരിക്കാൻ ഏല്പിച്ചിരി

ക്കുന്ന വൈസ്ചാൻസലർ എങ്ങനെയുള്ള ആളാണെന്ന് ഇൻഡ്യയുടെ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ടിട്ടുള്ള എല്ലാവർക്കും അറിവുള്ളതാണ്. ഈ വർഷം ൨൩ ശതമാനമാണ് ഇൻറർമീഡിയററ് പാസായിട്ടുള്ളതു്. ഇത്ര വമ്പിച്ച പരാജയത്തിനു കാരണം ആരാണ്? ഈ കാര്യം ഗാഢമായി ആലോചിക്കേണ്ട ഒന്നാണ്. ഇതെല്ലാം വിദ്യാർത്ഥികളുടെ സംഘടിതമായ പ്രവർത്തനത്തിൻെറ ഫലമാണെന്നും അതുകൊണ്ടു് അപ്രകാരമുള്ള പ്രവർത്തനങ്ങൾ എല്ലാം അവസാനിപ്പിക്കണമെന്നുമെല്ലാം പറഞ്ഞു യാഥാർത്ഥ്യങ്ങൾ മറയ്ക്കുകയാണ് അധികാരികളും തൽപരകക്ഷികളും ചെയ്യുന്നതു്. ഈ യൂണിവേഴ്സിററിയുടെ കീഴിൽ പ്രതികാരബുദ്ധിയോടുകൂടി ഹാജർ തിരുത്തിയിട്ടുള്ള പ്രിൻസിപ്പാൾമാർ ഇന്നും പ്രിൻസിപ്പാൾമാരായിരിക്കുന്നുണ്ടു്. ഇന്നു കാളേജിൽ അഡ്മിഷനുവേണ്ടി ചെല്ലുമ്പോൾ കമ്മ്യൂണിസ്ററുകാരനാണോ എന്നുള്ള സംശയംവച്ചുകൊണ്ടു അഡ്മിഷൻ നൽകാതിരിക്കുന്നുണ്ടു്.

ഫസ്ററക്ലാസും ഡബിൾ ഫസ്ററക്ലാസും പാസ്സായിട്ടുള്ള വിദ്യാർത്ഥികളെ കാളേജുകളിൽ പ്രവേശിപ്പിക്കാതിരിക്കുന്നതിനുള്ള കരുതൽ നടപടികൾ ഗവണ്മെൻററിവോടുകൂടിതന്നെ ചില പ്രിൻസിപ്പാൾമാർ എടുത്തുവരുന്നു.

Mr. Speaker : You can continue this during the discussion on Voting on Demands.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : അതുപോലെതന്നെ ഇപ്പോൾ വളരെ വലിയ തുകകൾ പല പ്രോജക്ടുകൾക്കായി ചെലവാക്കുന്നുണ്ടു്. തൊഴിലില്ലായ്മ ഇന്നു നാടൊട്ടുക്കു പടർന്നുപിടിച്ചിരിക്കുകയാണ്. വ്യവസായമാന്ദ്യവും അതുപോലെതന്നെ നേരിട്ടുകൊണ്ടിരിക്കുകയാണ്. എന്നാൽ ൩൨ ലക്ഷം രൂപ കേന്ദ്രഗവണ്മെൻറു കയർവ്യവസായം ഉദ്ധരിക്കുന്നതിനായി തരാം എന്നു പറഞ്ഞതു് ഈ ഗവണ്മെൻറിൻെറ അശ്രദ്ധകൊണ്ടു നമുക്കു കിട്ടുകയുണ്ടായില്ല. അതു് സംഭവിച്ചതിങ്ങനെയാണ്. തിരുവിതാംകൂർ-കൊച്ചിയിലെ ഒരു മുൻ മന്ത്രി കയർവ്യവസായം ഉദ്ധരിക്കുന്നതിന് ൧൨ കോടി രൂപ ചെലവുവരുന്ന ഒരു പദ്ധതി കേന്ദ്രത്തിനു സമർപ്പിച്ചു. കേന്ദ്രഗവണ്മെൻറ് പകുതി ചെലവു വഹിക്കണമെന്നും അതിൽ അപേക്ഷിച്ചിരുന്നു. കേന്ദ്രഗവണ്മെൻറ് ൩൪ ലക്ഷം രൂപയുടെ ഒരു പദ്ധതിയാക്കി തിരുത്തി അയയ്ക്കണമെന്നും, പകുതി ചെലവു് അവർ വഹിക്കുന്നതാണെന്നും കാണിച്ചു അവിടെനിന്നും മറുപടി ലഭിച്ചു. എന്നാൽ അങ്ങനെ ഒരു പദ്ധതി ആസൂത്രണം ചെയ്യുകയോ, അങ്ങനെ കേന്ദ്രത്തിൽനിന്നും ലഭിക്കുമായിരുന്ന ഗ്രാൻറായ ൩൨ ലക്ഷം രൂപ ഈ കാര്യത്തിനുവേണ്ടി വിനിയോഗിക്കുകയോ ഈ ഗവണ്മെൻറ് ചെയ്തില്ല. ഇപ്പോൾ കുടിൽവ്യവസായത്തിനായി അഞ്ചുലക്ഷം രൂപയാണ് ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നതു്. കയർവ്യവസായോദ്ധാരണത്തിനുതന്നെ ഏതാണ്ടു് ഒന്നേമുക്കാൽകോടി രൂപ ആവശ്യമാണ്. ഇതുപോലെതന്നെയാണു ഹാൻഡ്ലൂം വർക്കേഴ്സിൻെറ കാര്യവും. അവരും ഇന്നു തൊഴിലില്ലായ്മമൂലം കഷ്ടപ്പെടുകയാണ്. അവരുടെ കാര്യങ്ങൾക്കു പരിഹാരമുണ്ടാക്കുന്നതു് ഇപ്പോൾ അഭ്യന്തരമന്ത്രിയാണ്. അദ്ദേഹത്തിൻെറ പോലീസും ജയിലും ആണ് അക്കാര്യം ഏറെറടുത്തിരിക്കുന്നതു്. അടുത്തദിവസം നെയ്ത്തുകാരുടെ ഒരു ഘോഷയാത്ര നയിച്ചു

[ശ്രീ. എം. എൻ. ഗോവിന്ദൻ നായർ]

എന്നുള്ള കാരണത്താൽ നെയ്ത്തുകാരിൽ ഒരാളെ അറസ്ററചെയ്തു ശിക്ഷിക്കുകയും മാത്രമല്ല ലാക്കപ്പിലിട്ടു മർദ്ദിക്കുകയും ചെയ്തു. പത്തുമല വെടിവയ്പിനെപ്പററി ചെയ്ത പ്രസ്താവനയിൽനിന്നും....(ബെൽ)

ശ്രീ. ആർ. കേശവപിള്ള : ഈ രാജ്യത്തു പതിനാറുകോടി എഴുപത്തിയാറുലക്ഷത്തിൽ ചില്വാനം രൂപ വരവും, പതിനാറുകോടി എൺപത്തിമൂന്നുലക്ഷത്തിൽചില്വാനം രൂപ ചെലവും ഉണ്ടെന്നു കാണുന്നു. അങ്ങിനെ ഏഴുലക്ഷത്തിൽചില്വാനം രൂപയുടെ ഒരു കമ്മി ബഡ്ജററായിട്ടാണ് ഇപ്പോൾ ധനകാര്യമന്ത്രി ഇവിടെ ഒരു ബഡ്ജററ് അവതരിപ്പിച്ചിരിക്കുന്നതു്. ഈ കമ്മി ബഡ്ജററ് അവതരിപ്പിച്ചതിൽ ഞാൻ ധനകാര്യമന്ത്രിയെ അനുമോദിച്ചുകൊള്ളുന്നു. എന്നാൽ ഞാൻ ആത്മാർത്ഥതയോടുകൂടിയല്ല അദ്ദേഹത്തെ അനുമോദിക്കുന്നതു്. എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിനു് ഒരു കൂടുതൽ കമ്മിബഡ്ജററ് അവതരിപ്പിക്കാമായിരുന്നു. ഇൻഡ്യയിലെ മറെറാരു സ്റ്റേററായ മൈസൂറിൽ അവർ അവതരിപ്പിച്ചിട്ടുള്ള ബഡ്ജററ നോക്കുകയാണെങ്കിൽ ൨൦ കോടി രൂപ വരവും ൨൧ കോടി രൂപ ചെലവും ഒരുകോടി രൂപ കമ്മിയുമായിട്ടുള്ള ഒരു ബഡ്ജററാണ് അവിടെ അവതരിപ്പിച്ചിട്ടുള്ളതു്. ഇവിടെ കൂടുതൽ കമ്മിയായിട്ടുള്ള ഒരു ബഡ്ജററ് അവതരിപ്പിക്കണമെന്നു എനിക്കഭിപ്രായമില്ല. ഈ ബഡ്ജററിനെക്കുറിച്ച് എതിർപക്ഷത്തുനിന്നും വലിയ ഒരെതിർപ്പുണ്ടായതുകൊണ്ടാണ് ഞാൻ ഇതു പറഞ്ഞതു്. ഇവിടെ വികസനപദ്ധതികൾക്കായി ധാരാളം പണം ചെലവാക്കുന്നില്ലെന്നു അവർ പറയുകയുണ്ടായി. എന്നാൽ ബഡ്ജററ പരിശോധിച്ചുനോക്കിയാൽ ഒന്നാമതായി വിദ്യാഭ്യാസത്തിനും, രണ്ടാമതായി സിവിൾവർക്ക്സിനും ബഡ്ജററിൽ ധാരാളം പണം കൊള്ളിച്ചിട്ടുള്ളതായി കാണാം. ഈ ബഡ്ജററിൽ ഒന്നാംസ്ഥാനം വിദ്യാഭ്യാസത്തിനും രണ്ടാംസ്ഥാനം സിവിൾവർക്ക്സിനുമാണ് കൊടുത്തിട്ടുള്ളതു്. മററ സ്റ്റേററുകളെ അനുകരിക്കുക മാത്രമാണ് നാം ചെയ്തിരിക്കുന്നതു് എന്നു പറയുമായിരിക്കാം. ഇപ്പോൾ വിദ്യാഭ്യാസത്തെപ്പററി പറയുകയാണെങ്കിൽ കഴിഞ്ഞമാസത്തിൽ എന്റെ നിയോജകമണ്ഡലത്തിൽ വന്നിരുന്ന ബഹുമാനപ്പെട്ട മന്ത്രിമാരുടെ അടുക്കൽ ഇനിയും അവിടെ കൂടുതൽ പള്ളിക്കൂടങ്ങൾ വേണം, കൂടുതൽ ക്ലാസുകൾ അനുവദിക്കണം, കൂടുതൽ ഗതാഗതസൗകര്യം വേണമെന്നെല്ലാം പറയുകയുണ്ടായി. ഇങ്ങനെ നിയോജകമണ്ഡലങ്ങളുടെ ആവശ്യങ്ങൾ അറിഞ്ഞു് പ്രവർത്തിക്കുകയല്ലാതെ അവർ വേറെ എന്താണു ചെയ്യുക? അവർ എവിടെ ചെന്നാലും കൂടുതൽ സ്കൂളുകൾ വേണം, കൂടുതൽ ആശുപത്രികൾ വേണം എന്നെല്ലാം ആവശ്യപ്പെട്ടാൽ അതിനെ നേരിടുന്നതിനു് അവർ സദാ ജാഗരൂകരായിരിക്കണമെന്നാണു എനിക്കു പറയുവാനുള്ളതു്. മൈസൂറിലെ ബഡ്ജററും, ഈ രാജ്യത്തെ ബഡ്ജററും തമ്മിൽ ഞാൻ മുൻപു പ്രസ്താവിച്ചതായ രണ്ടു കാര്യങ്ങളിലും വളരെ സാമ്യമുള്ളതായി നമുക്കു തോന്നും. മൈസൂറിലെ വരവ് ൨൦ കോടി രൂപയും, ചെലവ് ൨൧ കോടിരൂപയുമാണ്. മൈസൂറിൽ വിദ്യാഭ്യാസത്തിനായി ൩൭൭ ലക്ഷം രൂപ ചെലവാകുമ്പോൾ ഇവിടെ ൩൩൪ ലക്ഷം രൂപയാണു ചെലവാക്കുന്നതു്. അവിടെ സിവിൾ വർക്ക്സിനു

൩൩൦ ലക്ഷം രൂപ ചെലവു കൊള്ളിച്ചിരിക്കെ ഇവിടെ ൧൫൫ ലക്ഷം രൂപ ചെത്തിരിക്കുന്നു. അതുപോലെതന്നെ മെഡിക്കൽ, അഗ്രിക്കൾച്ചറൽ, റൂറൽഡവലപ്പുമെൻറ് സ്കീംസ് ഇവയ്ക്കെല്ലാം വരവനുസരിച്ചുള്ള തുകകൾ ചെലവാക്കുന്നുണ്ടു്. ഇതിൽ കൂടുതൽ സംഖ്യ ചെലവാക്കുന്നതിനു് ഈ സ്റ്റേററിനു നിവൃത്തിയില്ല.

ഒരു കാര്യം ഈ ബഡ്ജററിൽനിന്നും കാണാനുള്ളതു് ഭക്ഷ്യകാര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലേയ്ക്കായി ആവശ്യമുള്ള തുക കൊള്ളിച്ചിട്ടില്ലെന്നുള്ളതാണു്. ഇന്നു കേന്ദ്രഗവണ്മെൻറു ഈ സ്റ്റേററിൻെറ ശ്രദ്ധയെ പ്രധാനമായി ആകർഷിക്കുന്നതു ഭക്ഷ്യകാര്യത്തെ സംബന്ധിച്ചാണു്. ഭക്ഷ്യധാന്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അതിലേയ്ക്കാവശ്യമായ വികസനപദ്ധതികളെക്കുറിച്ചും പ്ലാനിംഗ് കമ്മീഷൻെറ റിപ്പോർട്ടിൽ തന്നെ പ്രത്യേകമായിട്ടു് എടുത്തുപറഞ്ഞിട്ടുണ്ടു്. ആ റിപ്പോർട്ടിൽ ഒന്നാമത്തെ സംഗതിയായി പറഞ്ഞിരിക്കുന്നതിൽ ഒരു ഭാഗം ഞാൻ വായിക്കാം. അതു കൊണ്ടുതന്നെ അതിനെന്തു പ്രാധാന്യം കൊടുത്തിരിക്കുന്നു എന്നു മനസ്സിലാക്കാൻ കഴിയും.

> "The primary aim of the plan is to improve agricultural production. In a predominantly agricultural economy, the tempo of Development will depend in the initial stages largely on the volume of agricultural production and the surpluses that are available from it. The development of agriculture however requires progress in a number of interlocated spheres, irrigation facilities must be expanded, fertilisers must become available on a large scale, provision must be made for bringing to the farmer the techinical knowledge and equipment necessary for improving agricultural efficiency and facilities given for developing alternative employment opportunities in rural areas".

ഇതിൽനിന്നും അതിൻെറ പ്രാധാന്യം വളരെ വ്യക്തമാകുന്നുണ്ടു്. എത്രമാത്രം കൃഷി അഭിവൃദ്ധിപ്പെടുത്തണമെന്നും അതിലേയ്ക്കു് കേന്ദ്രം എത്രമാത്രം ശ്രമിക്കുന്നു എന്നും ഈ ബഡ്ജററു് പരിശോധിച്ചുനോക്കാം. ഭക്ഷ്യോൽപ്പാദനം ഇവിടെ വർദ്ധിപ്പിക്കുന്നതിനായിട്ടു് ജനങ്ങൾക്കാവശ്യമുള്ള വളം നൽകുക; കൃഷിക്കാവശ്യമുള്ള ജലസേചനപദ്ധതികൾ വിപുലമാക്കുക, യാന്ത്രികസഹായം ആവശ്യമുള്ളപക്ഷം അതു നൽകുക, കൃഷിക്കാവശ്യമുള്ള ശാസ്ത്രീയപരിജ്ഞാനം നൽകുക മുതലായ കാര്യങ്ങൾ ചെയ്യേണ്ടതാണു്. കട്ടംകൃഷി പദ്ധതികളും നെട്ടംകൃഷി പദ്ധതികളും സ്വീകരിക്കുക മാത്രമല്ല കൂടുതലായിട്ടു ഇവിടത്തെ കരിനിലങ്ങളും കായൽ നിലങ്ങളും നെൽകൃഷിക്കുപയോഗയോഗ്യമാക്കിത്തീർക്കുക ഇവയെല്ലാം ചെയ്യേണ്ടതാണു്. ഈ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് ൯ ലക്ഷം ഏക്കർ നിലത്തിൽ നെല്ലുവിളയിക്കുന്നതിനു സൗകര്യമുണ്ടു്. അതിൽ ലക്ഷത്തിഒൻപതിനായിരത്തി അറുനൂററി അൻപതു ഏക്കർ തൃശ്ശൂർ ഡിസ്ട്രിക്ടിലും ൪൯ ൭൧൩൯ ഏക്കർ തിരുവനന്തപുരം, കൊല്ലം, കോട്ടയം എന്നീ ഡിസ്ട്രിക്ടുകളിലും കൂടിയാണു്. ഒരേക്കർ നിലത്തു ൧൫ മേനി അതായതു് ൫ ൦ ൦ ൦ റാത്തൽ നെല്ലുവീതം വിളയുകയാണെങ്കിൽ ഈ ൯ ലക്ഷം ഏക്കർ നിലത്തുനിന്നു ഏകദേശം ൧൦,൧൪,൩൯൨ ടൺ നെല്ലു നമുക്കു കിട്ടും. സാധാരണയായി തിരുവിതാംകൂർ-കൊച്ചിയിലെ നിലങ്ങളിൽ ശരാശരി ൧൫ മേനി വിളയുന്നില്ല. അതിൽ പകുതിയായ പന്ത്രണ്ടര മേനി ഈ രാജ്യത്തു ഉണ്ടാകുകയാണെങ്കിൽ ഇന്നു് ഈ

[ശ്രീ. ആർ. കേശവപിള്ള.]

രാജ്യത്തെ ൯൨ ലക്ഷം ജനങ്ങൾക്കു് ൧ ഔൺസ് അരിവീതം കിട്ടുന്നതിനു പ്രയാസമില്ല. അങ്ങിനെ ൧ ഔൺസ് കിട്ടുന്നതിനു നാം പ്രയത്നിക്കണം. അതിനാവശ്യമുള്ളതായ വളം കൊടുക്കുക, ജലസേചനപദ്ധതികൾ ഉണ്ടാക്കിക്കൊടുക്കുക, ആവശ്യമായ ശാസ്ത്രീയപരിജ്ഞാനം കൊടുക്കുക ഇതാണു ഗവണ്മെൻറ് ചെയ്യേണ്ടതു്. ഇന്നത്തെ ബഡ്ജററ് പരിശോധിച്ചുനോക്കിയാൽ നമുക്കു് ആവശ്യമുള്ള വളം കിട്ടുന്നില്ലെന്നറിയാം. ബഡ്ജററു നോക്കിയാൽ രണ്ടുലക്ഷത്തി എഴുപത്തിനാലായിരത്തി തൊള്ളായിരം രൂപ കെമിക്കൽ ആൻറ് ആർഗാനിക്കു് വളത്തിനായി നീക്കിവച്ചിരിക്കുന്നതായി കാണുന്നു. ഇപ്പോഴത്തെ സപ്ലിമെൻററി ബഡ്ജററിൽ രണ്ടുലക്ഷത്തി അയ്യായിരത്തി മുന്നൂറുരൂപാ വളത്തിനു കൂടുതൽ കൊള്ളിച്ചിട്ടുണ്ടു്. ൨,൦൫,൭൦൦ രൂപ കമ്പോസിററുമന്യൂവറിനുവേണ്ടിയും ഇരുപതിനായിരം രൂപ പച്ചിലവളത്തിനായും നീക്കിവച്ചിട്ടുണ്ടു്. അതായതു ഒൻപതുലക്ഷത്തിൽചില്വാനം ഏക്കർ സ്ഥലം കൃഷിചെയ്യുന്നതിനു ഏകദേശം ഏഴുലക്ഷത്തിൽചില്വാനം രൂപ വളത്തിനുവേണ്ടി വച്ചിരിക്കുന്നു. ഇതു കണക്കാക്കിനോക്കിയാൽ ഒരേക്കറിനു ഒരു രൂപ പോലും ഇല്ല എന്നു കാണാം. ഇന്നു നാട്ടിൻപുറത്തു ഏററവും അത്യാവശ്യമായിട്ടുള്ളതു വളമാണു്. നാട്ടിൻപുറത്തു കൃഷിക്കു് ആവശ്യമുള്ളതായ ബോൺമീൽ കിട്ടുന്നില്ല, അമോണിയം സൾഫേററു കിട്ടുന്നില്ല, സൂപ്പർ ഫാസ്ഫേററു കിട്ടുന്നില്ല എന്നെല്ലാം ധാരാളം പരാതികൾ ഉണ്ടു്. ഇവ അവിടെ ലഭിക്കാത്തതിനു കാരണം എല്ലാം കരിഞ്ചന്തയിൽ പോകുന്നതുകൊണ്ടാണു്. കരിഞ്ചയിൽ ഈവക വളങ്ങൾ എല്ലാം ലഭിക്കുന്നതായും അറിവുണ്ടു്. എത്രവേണമെങ്കിലും കരിഞ്ചന്തയിൽ ലഭിക്കും. ഈവക വളങ്ങൾ കൃഷിക്കാർക്കു് ഏററവും അത്യാവശ്യമുള്ളതും പ്രിയമുള്ളതുമായ സാധനങ്ങളാണു്. അതുകൊണ്ടു എനിക്കു ബഹുമാനപ്പെട്ട മന്ത്രിയോടു പറയാനുള്ളതു് വളത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള തുക ഒൻപതിരട്ടിയോ പത്തിരട്ടിയോ ആയി വർദ്ധിപ്പിച്ചാൽ അതു കൃഷിക്കാർക്കു വലുതായ ഉപകാരമായിരിക്കുമെന്നാണു്. അതിനു തീർച്ചയായും യാതൊരാക്ഷേപങ്ങളും ഉണ്ടാകുന്നതല്ല. ഇവിടത്തെ ആളുകൾ അതിനെ സ്വാഗതം ചെയ്കയേയുള്ളു. വളം ആവശ്യത്തിനു് കൃഷിക്കാർക്കു ലഭിക്കുകയാണെങ്കിൽ അവർക്കു് ഇന്നു ലഭിച്ചുകൊണ്ടിരിക്കുന്ന വിളവിൻെറ ഇരുപതിരട്ടിയോ മുപ്പതിരട്ടിയോ വിളയിക്കാൻ സാധിക്കും, തൻമൂലം ഇവിടത്തെ ഈ ഭക്ഷ്യക്ഷാമം ഇല്ലാതാകയും ചെയ്യും. അതുകൊണ്ടു് അതിലേയ്ക്കു് ബഡ്ജററിൽ കൂടുതൽ പ്രൊവിഷൻ കരുതേണ്ടതാണു്. ഈ ബഡ്ജററിൽ അപ്രകാരം ആവശ്യമായ തുക കൊള്ളിക്കാതിരുന്നതു വളരെ സങ്കടകരമായ ഒരു സംഗതിയാണു്.

രണ്ടാമതായി എനിക്കു പറയാനുള്ളതു് ജലസേചന പദ്ധതികളെ സംബന്ധിച്ചാണു്. ഇന്നു് നമ്മുടെ സ്റ്റേററിൽ വലുതും ചെറുതുമായി അനേകം വലിയ ജലസേചനപദ്ധതികൾ ഉണ്ടു്. വലിയ പദ്ധതികൾകൊണ്ടു കുന്നത്തുനാടു്, ചാലക്കുടി, കൊടുങ്ങല്ലൂർ മുതലായ സ്ഥലങ്ങളിൽമാത്രം ജലസേചനസൗകര്യമുണ്ടാകുന്നു. അതുപോലെതന്നെ നെയ്യാർസ്കീം, പെരുഞ്ചാണിസ്കീം മുതലായ പദ്ധതികൾകൊണ്ടു് അതിനു സമീപപ്രദേശങ്ങളിൽ കൃഷിക്കു സൗകര്യമുണ്ടാകുന്നു എന്നല്ലാതെ സെൻട്രൽ

ട്രാവൻകൂറിൽ അതായതു കൊല്ലം മുതലായ ഡിസ്ട്രിക്റ്റുകളിൽ ഈ സ്കീംകൊണ്ടു് വലിയ പ്രയോജനമില്ല. തിരുവനന്തപുരം ഡിസ്ട്രിക്ടിൽ ചിറയിൻകീഴ് മുതലായ സ്ഥലങ്ങളിലും വലിയ പ്രയോജനമുണ്ടാകുന്നതല്ല. മൈനർ ഇറിഗേഷൻ പദ്ധതികൾ ചില സ്ഥലങ്ങളിൽ വളരെ ഉപകാരപ്രദമായിത്തീരുന്നതാണു്. ഇവിടെ പ്രധാനമായി വേണ്ടതു മൈനർ ഇറിഗേഷൻ പദ്ധതികളാണു്. അതായതു് ധാരാളം കുളങ്ങൾ കുഴിപ്പിക്കുക, ഉള്ള കുളങ്ങൾ നന്നാക്കുക, കിണറുകൾ കുഴിപ്പിക്കുക മുതലായവയാണു്. തൻമൂലം വിളവു വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നതാണു്. കുളങ്ങൾ നന്നാക്കുന്നതിനും കിണറുകൾ കുഴിപ്പിക്കുന്നതിനും മററുമായി ൩൦,൦൦൦ രൂപയാണു് ബഡ്ജററിൽ ചേർത്തിരിക്കുന്നതു്. ഇതു് എത്ര തുച്ഛമായ തുകയാണു്?

ബഡ്ജററിൽ അഞ്ചുവർഷംകൊണ്ടു് തീർക്കാനുള്ള പല പദ്ധതികളും ഉണ്ടെങ്കിലും ഈ കാര്യത്തിൽ ഇപ്പോഴത്തെ നിലയ്ക്കു കൂടുതൽ പ്രയോജനം ഉണ്ടാകാൻ പോകുന്നില്ല. അതുകൊണ്ടു് ഈ സ്ഥലത്തേക്കു് ഉപകാരപ്രദമായ സംഗതികൾ എന്തെല്ലാമാണെന്നു് ഗവണ്മെൻറു ഒന്നാലോചിക്കണം. അതു് മൈനർ ഇറിഗേഷൻ പദ്ധതിയെ വികസിപ്പിക്കുക എന്നുള്ളതാണു്. സർ, ഇവിടെ ധാരാളം തോടുകളുണ്ടു്; കുളങ്ങളുണ്ടു്. അതുകൊണ്ടു ജലദൗർലഭ്യം മിക്കവാറും ഉണ്ടാകുകയില്ല; അങ്ങനെയിരിക്കെ ഈ അനുകൂലപരിതഃസ്ഥിതികളെ വേണ്ടവണ്ണം വിനിയോഗിച്ചു ഈ പദ്ധതി വിജയത്തിലെത്തിക്കുന്നതിനു സാധിക്കുന്നതാണു്. ബഡ്ജററു നോക്കുകയാണെങ്കിൽ വെറും അറുപതിനായിരം രൂപയാണു് കിണർ കുഴിക്കുന്നതിനായി നീക്കിവച്ചിട്ടുള്ളതു്. ഇതു വളരെ തുച്ഛമായ ഒരു സംഖ്യയാണു് എന്നുള്ളതിൽ സംശയമില്ല. പൊതുവെ ജലസേചനപദ്ധതിക്കു് ഒരു കോടി രൂപാ നീക്കിവച്ചിട്ടുണ്ടെങ്കിലും ചില താലൂക്കിലേക്കു് അതുകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടാകുന്നില്ല. കുറെ സ്ഥലങ്ങളിലുള്ള പദ്ധതികളെ വികസിപ്പിക്കുവാൻ മാത്രമേ ഇതു പര്യാപ്തമാകുന്നുള്ളു. അതിനാൽ എല്ലാക്കാലത്തും എല്ലാ സ്ഥലത്തും പ്രയോജനപ്രദമാകത്തക്കവിധത്തിൽ മൈനർ ഇറിഗേഷൻ പദ്ധതികൾ വികസിപ്പിക്കുവാൻ തക്ക വിധത്തിലുള്ള പദ്ധതികൾ ഉണ്ടാക്കണം. ഞങ്ങളുടെ നിയോജകമണ്ഡലത്തെ സംബന്ധിച്ചിടത്തോളം ആറാണെങ്കിൽ അവിടെ അണയില്ല തോടു് ഇല്ല എന്നല്ല കൃഷിക്കു ഉപകാരമുള്ള യാതൊരു സൗകര്യങ്ങളും അവിടെയില്ല. ഈ ൨൩ താലൂക്കുകളിലും മൈനർ ഇറിഗേഷൻ പദ്ധതി വികസിപ്പിക്കുവാൻ തക്കവണ്ണമുള്ള സാമ്പത്തിക നില രാജ്യത്തിൽ ഇല്ലെന്നുള്ളതു് പക്ഷെ ശരിയായിരിക്കാം. എന്നാൽ കുറച്ചു കുറച്ചായിട്ടെങ്കിലും എല്ലാ സ്ഥലത്തും ഈ പദ്ധതി കൊണ്ടുവരേണ്ടതാണു്. കുറഞ്ഞതു് അൻപതിനായിരം രൂപായെങ്കിലും ഓരോ താലൂക്കിനും വിതരണം ചെയ്യത്തക്കവണ്ണം ഉള്ള ഏർപ്പാടുകൾ ചെയ്യണം. ഇതിനെക്കുറിച്ചു ഗവണ്മെൻറു പ്രത്യേകമായി പര്യാലോചിക്കേണ്ടതാണു്.

പിന്നീടു ശാസ്ത്രീയമായ വിധത്തിൽ കൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്നതിനെ സംബന്ധിച്ചാണു്. ഇന്നു് ഈഴവറെഗുലേഷൻ, നായർറെഗുലേഷൻ മുതലായ നിയമങ്ങൾ നടപ്പിലുണ്ടു്. ഈ നിയമങ്ങളിലെ ഭാഗവ്യവസ്ഥപ്രകാരം വസ്തുക്കൾ തുണ്ടുതുണ്ടായി ഭാഗിക്കുന്നു. ഇതു ശാസ്ത്രീയമായ കൃഷിക്കു പററിയതല്ല. കൃഷിവികസനം ഭക്ഷ്യവർദ്ധനവു് മുതലായ

[ശ്രീ. ആർ. കേശവപിള്ള.]

കാര്യങ്ങൾക്ക ഏതെല്ലാം വിധത്തിലുള്ള നിയമങ്ങളും പരിപാടികളും ആവശ്യമുണ്ടോ അതൊക്കെ നടപ്പിൽവരുത്താൻ ശ്രമിക്കണം. കോവാപ്പറേറ്റീവ് ഫാമിംഗ്, കളക്ടീവ് ഫാമിംഗ്, രജിസ്റ്റേഡ് ഫാമിംഗ് മുതലായ പല കാര്യങ്ങളും റഷ്യയിലുണ്ട്. റഷ്യയിലായാലും ശരി, മററ ഏതു രാജ്യത്തിലായാലും ശരി നല്ല കാര്യങ്ങൾ എവിടെ നടപ്പിലുണ്ടോ അതു് നാം ഇവിടെയും പകത്തുവാൻ ശ്രമിക്കണം. റഷ്യയിൽ കളക്ടീവു ഫാമിംഗ് മുഖാന്തിരം കൃഷി മുതലായ കാര്യങ്ങളിൽ വളരെ അഭിവൃദ്ധി യുണ്ടായിട്ടുണ്ടെന്നാണ് അറിവ്. എന്നാൽ നമ്മുടെ ജനങ്ങളുടെ അഭിരുചിക്ക് പററിയതു് കോവാപ്പറേററീവ് ഫാമിംഗ് ആണ്. ഇപ്പോൾ തന്നെ കോവാപ്പറേററീവ് ബാങ്കുകളുണ്ട്; ഡിസ്ട്രിബ്യൂഷൻ സൊസൈററിയുണ്ട്, ഇതോടുകൂടി ഫാമിംഗ്കൂടി ഏർപ്പെടുത്തണം. ഈ കാര്യത്തിൽ ഗവണ്മെൻറ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇപ്പോൾ പഞ്ചവത്സര പദ്ധതി അനുസരിച്ചു് ചില പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനു വേണ്ടി ഡെവലപ്പമെൻറബോർഡു് സ്ഥാപിച്ചു് ഡവലപ്പമെൻറ കമ്മീഷണർ കൺവീനറായിട്ടും ചീഫ് മിനിസ്റ്റർ ചെയർമാനായിട്ടും ഉള്ള ഒരു ബോർഡുണ്ടാക്കണം. അതുകൊണ്ടു ഈ കാര്യത്തിൽ അവക്കു പ്രത്യേകം ശ്രദ്ധിക്കുവാൻ സാധിക്കും. നാം ഇങ്ങനെ പ്രവൎത്തിക്കുന്നപക്ഷം ആഹാര സാധനവിഷയത്തിൽ നാം മററ രാജ്യക്കാരെ ആശ്രയിക്കേണ്ടതായിവരികയില്ല. ആറ് ഔൺസ് അരിയാണ് ഇന്നു നൽകുന്നതെങ്കിൽ പന്ത്രണ്ടു് ഔൺസ് അരി വിതരണം ചെയ്യുവാൻ യാതൊരു പ്രയാസവും ഉണ്ടാകുകയില്ല. നമ്മുടെ രാജ്യം പ്രകൃതി അനുഗ്രഹിച്ചിട്ടുള്ള ഒന്നാണ്. ധാരാളം ജലസേചന പദ്ധതികളും മററും എല്ലാം നടപ്പിൽ വരുത്തുവാനുള്ള സൗകര്യങ്ങളുണ്ട്. ആ സൗകര്യങ്ങളെ നാം വേണ്ടവിധത്തിൽ വിനിയോഗിക്കണം.

ഇവിടെ ഫിനാൻസ് കമ്മീഷനെപ്പററി പല ആരോപണങ്ങളും ഉണ്ടായി. ഞാൻ അവരെ സന്ദർശിച്ചിട്ടില്ല. അവക്ക് നൽകത്തക്കവിധത്തിലുള്ള നിർദ്ദേശങ്ങൾ എനിക്കില്ല. മന്ത്രിമാരെപ്പററിയുള്ള പ്രതിപക്ഷ ആക്ഷേപം അവർ ഫിനാൻസ്കമ്മീഷനു് വേണ്ട നിർദ്ദേശങ്ങൾ കൊടുത്തിട്ടില്ല എന്നാണ്. എന്നാൽ പേപ്പർ റിപ്പോർട്ടുകൊണ്ടു കാണുന്നതു് മന്ത്രിമാർ വളരെ ആത്മാൎത്ഥമായി ഈ കാര്യത്തിൽ പരിശ്രമിച്ചിട്ടുണ്ടെന്നാണ്. കേന്ദ്രത്തിൽനിന്നുള്ള വരുമാനം എത്രത്തോളം വർദ്ധിപ്പിക്കാമോ അത്രത്തോളം വർദ്ധിപ്പിക്കുവാൻ അവർ കഴിയുന്നത്ര ശ്രമിച്ചിട്ടുണ്ട്. ഇൻകംടാക്സ് ഇനത്തിൽ എത്ര വർദ്ധിപ്പിക്കാമോ അത്രയും തുക മന്ത്രിമാർ ആവശ്യപ്പെട്ടിട്ടുണ്ട്. നമ്മുടെ രാജ്യത്തുള്ള കയററുമതി സാമാനങ്ങൾക്ക മററ രാജ്യങ്ങളിൽ വിപണികൾ കരസ്ഥമാക്കുന്നതിനു ആവശ്യപ്പെട്ടിട്ടുണ്ട്. എന്നല്ല പ്രധാനപ്പെട്ട പല സംഗതികളും അവർ ഫിനാൻസ് കമ്മീഷൻെറ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുണ്ട്. ദേശഭക്തിയുള്ള മററ ആരെയുംപോലെ ഇവരും പരിശ്രമിച്ചിട്ടുണ്ടെന്നുള്ളതിൽ തക്കമില്ല. കടൽ കീറി കാണിച്ചാലും വാഴനാരു് എന്നു പറയുന്ന കുറെ ആളുകൾ എപ്പോഴും എവിടേയും ഉണ്ട്. അതുകൊണ്ടു് എതിർപക്ഷത്തുനിന്നു് വന്ന ആക്ഷേപങ്ങളും ആ രീതിയിൽ മാത്രമേ ഗണിക്കേണ്ടതുള്ളൂ. ഇതിൽ കൂടുതലായി തൽക്കാലം ഒന്നും പറയണമെന്നു് ഉദ്ദേശിക്കുന്നില്ല.

ഡാക്ടർ എൻ. എസ്സ്. പിള്ള : സർ, ധനകാര്യമന്ത്രി മാർച്ച് മാസത്തിൽ അവതരിപ്പിച്ച ഒരു ബഡ്ജററാണ് അഞ്ചുമാസം കഴിഞ്ഞു ഞങ്ങളുടെ മുൻപിൽ ചർച്ചയ്ക്കു വന്നിട്ടുള്ളതു്. അഞ്ചു മാസം കൂടി കഴിഞ്ഞാൽ ഇതു് അലസിപ്പോകുകയോ പക്ഷെ പ്രസവിക്കുകയോ ചെയ്യുന്നു വരാം. ധനകാര്യമന്ത്രി ഈ ബഡ്ജററ തയ്യാറാക്കിയപ്പോൾ, എനിക്കു് മുമ്പെ പ്രസംഗിച്ച ചിലർ പറഞ്ഞതുപോലെ, ഈ നാട്ടിലെ സാധാരണ ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങൾക്കു് നിവാരണം ഉണ്ടാകത്തക്ക വിധത്തിൽ വല്ലതും ആലോചിച്ചിട്ടുണ്ടോ എന്ന കാര്യം എനിക്കു് വളരെ സംശയമാണു്. വേറൊരു കാര്യവും ഉണ്ടു്. അതു് കുറച്ചു കഴിഞ്ഞു പറയാം. പനമ്പിള്ളി ഗോവിന്ദമേനോന്റെ ഗവണ്മെന്റായാലും ശരി വേറെ ആരുടെ ഗവണ്മെന്റായാലുംശരി ഈ രാജ്യത്തെ ഭരിക്കുന്നതിനു് വളരെ സംതൃപ്തമായ ഒരു സിവിൽ സർവീസു് വളരെ അത്യാവശ്യമാണു്. നാട്ടിന്റെ ഭാഗ്യംകൊണ്ടോ നിർഭാഗ്യംകൊണ്ടോ കൊച്ചിയും തിരുവിതാംകൂറും, ഇവിടെ മുൻപു ഭരിച്ചിരുന്ന ഒരു മന്ത്രി ഒന്നിച്ചു ചേർത്തു കാരണം ഇന്നു രണ്ടു വിഭാഗങ്ങളിലും ഉള്ള എൻ. ജി. ഓ. മാർ തങ്ങളിൽ കീരിയും പാമ്പും എന്നപോലെ മത്സരത്തിലും പകയിലും ആണു് കഴിഞ്ഞു വരുന്നതു്. ഇന്നു് സെക്രട്ടറിയേററിലോ മററു വല്ല ഡിപ്പാർട്ടുമെന്റിലോ പോയി ഏതെങ്കിലും കാര്യം നടത്തുവാൻ ശ്രമിച്ചിട്ടുള്ള ഏവർക്കും ഈ കാര്യം എളുപ്പത്തിൽ ബോദ്ധ്യപ്പെട്ടിരിക്കുമെന്നാണു് എന്റെ വിശ്വാസം. ഇതൊക്കെ ഉണ്ടായതു് ഇവിടത്തെ സിവിൽ സർവീസിന്റെ അസംതൃപ്തി കൊണ്ടാണു്. അതിനു് ഇവിടെ ഭരണം നടത്തുന്ന കാൺഗ്രസ്സല്ലാതെ മറെറാരുത്തരും അല്ല ഉത്തരവാദികൾ. മുൻപു് അതായതു് സംയോജനം കഴിഞ്ഞപ്പോൾ ഇവിടെ പ്രധാനമന്ത്രിയായിരുന്നതു് ടി. കെ. നാരായണ പിള്ളയാണു്. അദ്ദേഹത്തിനു സർവീസു സംയോജനം സംബന്ധിച്ചു യാതൊന്നും ചെയ്യുവാൻ സാധിച്ചിട്ടില്ല. അതിൽപിന്നീടും കാൺഗ്രസ്സു ഭരണം തുടർന്നു. ഇന്നത്തെ ചീഫ്മന്ത്രിക്കും ഈ കാര്യത്തിൽ ഇതുവരെ യാതൊന്നും ചെയ്യുവാൻ സാധിച്ചിട്ടില്ല. എന്നാൽ ഇങ്ങനെ ഇത്രത്തോളം കുഴപ്പമുള്ള ഒരു കാര്യം ഈ രണ്ടു രാജ്യങ്ങളിലും ഉള്ള മെംബറന്മാരടങ്ങിയ ഒരു കമ്മിററിക്കു് വിട്ടുകൊടുക്കരുതോ എന്നു് ചോദിച്ചപ്പോൾ അദ്ദേഹം അതിനു മറുപടി പറഞ്ഞതു് അതിനു തയാറില്ലയെന്നാണു്. അദ്ദേഹത്തിന്റെ ഈ ഉത്തരം കേട്ടപ്പോൾ ഞാൻ രണ്ടാംഫാറത്തിലോ രണ്ടാം ക്ലാസ്സിലോ പഠിച്ചിരുന്നപ്പോൾ മി. പിച്ചുഅയ്യങ്കാർ എന്നെ പഠിപ്പിച്ച ഒരു പാഠമാണു് ഓർമ്മവന്നതു്. അതായതു് ഒരു തൊഴുത്തിലെ പട്ടി എന്നുള്ള കഥ. പട്ടിക്കു് വയ്ക്കോൽ ആവശ്യമില്ലെങ്കിലും മാടു് അതു് തിന്നാതിരിക്കുവാൻവേണ്ടി പട്ടി വയ്ക്കോലിൽ കിടന്നു് ഉപദ്രവമുണ്ടാക്കിയെന്നാണു് ആ കഥ. എന്തായാലും ശരി രാജ്യത്തിന്റെ നന്മയ്ക്കു് സംതൃപ്തമായ ഒരു സിവിൽസർവീസു് അത്യാവശ്യം തന്നെയാണു്. രാജപുട്ടാണാ മുതലായ രാജ്യങ്ങളിൽ സിവിൽ സർവ്വീസിനെ സംബന്ധിച്ചിടത്തോളം യാതൊരു വിഷമവും കൂടാതെ അവർ സംയോജനം നിർവഹിച്ചു. ൨൧-ൽ കുറയാത്ത സംഖ്യയുള്ള രാജ്യങ്ങൾ ചേർന്നാണു് ആ യൂണിയൻ രൂപമെടുത്തിട്ടുള്ളതു്. അവിടെപോലും സർവീസു സംയോജനത്തിനു് യാതൊരു വൈഷമ്യവും ഉണ്ടായില്ല. അവിടത്തെ മന്ത്രിമാർ അവിടത്തെ ഉദ്യോഗസ്ഥന്മാരെ വിളിച്ചുവരുത്തി അവരുടെ താൽപര്യങ്ങൾക്കു് വിഘാതമല്ലാത്തതരത്തിൽ ആലോചിച്ചാണു് കാര്യങ്ങൾ നിർവഹിച്ചിട്ടു

[ഡാക്ടർ എൻ. എസ്സ്. പിള്ള.]

ള്ളതു്. ഇവിടെയാണെങ്കിൽ സംയോജനത്തിനു് ബാധകമായി നിൽക്കുന്നതു് ഓരോരുത്തനും അവരവരുടെ താൽപര്യങ്ങൾ നിറവേറ്റുവാൻ ശ്രമിക്കുന്നതുകൊണ്ടാണു്. Individual favour, individual pleasure മുതലായവ സാധിക്കുന്നതിനായി നോക്കുന്നതുകൊണ്ടാണു് ഈ സർവീസുസംയോജനം ഇവിടെ ഇത്ര വിഷമമായി തീർന്നിട്ടുള്ളതു്. അതിനാൽ മന്ത്രിമാർ ആത്മാർത്ഥമായി ശ്രമിക്കുന്നപക്ഷം ഈ കാര്യത്തിൽ ഒരു പരിഹാരം ഉണ്ടാകുന്നതാണു്. ഇതിൽ അവർക്കു് വിശ്വാസമില്ലെങ്കിൽ ഈ അസംബ്ലിക്കകത്തുനിന്നു തന്നെ കോൺഗ്രസ്സുകാരെന്നോ സോഷ്യലിസ്റ്റുകാരെന്നോ കമ്മ്യൂണിസ്റ്റുകാരെന്നോ ഉള്ള വ്യത്യാസം കൂടാതെ മെമ്പറന്മാരിൽനിന്നും ഏതാനും പേരെ തിരഞ്ഞെടുത്തു് അവരുടെ തീരുമാനത്തിനായി ഈ കാര്യം വിട്ടുകൊടുക്കട്ടെ. അങ്ങനെയാണെങ്കിൽ യാതൊരു ഔട്ട് സൈഡേഴ്സിന്റെ സഹായം കൂടാതെ സർവീസുസംയോജനം മൂന്നു മാസത്തിനകം അല്ല മൂന്നു ആഴ്ചയ്ക്കകം ഭംഗിയായി നിർവഹിക്കാം എന്ന അഭിപ്രായം ഈ സഭയിലെ ൯൦% മെമ്പറന്മാരുടേയും അഭിപ്രായമെന്ന നിലയിൽ ഞാൻ ഏറ്റവും ശക്തിയായി ഉന്നയിച്ചുകൊള്ളുന്നു. മന്ത്രിമാർ എത്രതന്നെ കേമന്മാരായിരുന്നാലും ഫിനാൻസ് മിനിസ്റ്റർ എത്ര ശേഷിയുള്ളവനായിരുന്നാലും പരിശുദ്ധമായ ഒരു സിവിൽ സർവീസ് രാജ്യത്തില്ലെങ്കിൽ അതു് തീരെ നല്ലതല്ല. അതുകൊണ്ടു് എത്ര ബുദ്ധിമുട്ടു ഉണ്ടായിരുന്നാലും സർവീസ് സംയോജനം രണ്ടു മൂന്നു മാസങ്ങൾക്കകം നിർവഹിക്കേണ്ടതാണെന്നു് മന്ത്രിസത്തമന്മാരെ അറിയിച്ചുകൊള്ളുന്നു.

സിവിൽ സർവീസിനെപ്പോലെതന്നെ അത്യാവശ്യമുള്ള വേറൊരു കാര്യം നമുക്കു് നല്ലൊരു പോലീസുസേന ആവശ്യമെന്നുള്ളതാണു്. പോലീസുകാരിൽനിന്നും വളരെ ഉപദ്രവങ്ങൾ അനുഭവിച്ചിട്ടുള്ള ഒരാളാണു് ഞാൻ. എങ്കിലും അവർക്കു് വളരെവളരെ സഹായങ്ങൾ ചെയ്തുകൊടുത്തു് അവരുടെ ജോലി ശരിക്കു നിർവഹിക്കത്തക്കവണ്ണം അവരെ കൊണ്ടുവരേണ്ടതു് നമ്മുടെ കടമയാണു്. ഇന്നത്തെ പോലീസിനെക്കുറിച്ചാണെങ്കിൽ പോലീസിനു ജനങ്ങളെ വെറുപ്പാണു്. ജനങ്ങൾക്കു് പോലീസുകാരെയും അതുപോലെതന്നെ. അവർക്കു് കിട്ടിക്കൊണ്ടിരിക്കുന്ന ശമ്പളം വളരെ തുച്ഛമായിട്ടുള്ളതാണു്. താഴ്ന്നതരത്തിലുള്ള മറ്റെല്ലാ ജോലിക്കാരെയുംകാൾ താരതമ്യേന കുറഞ്ഞൊരു നല്ല ശമ്പളമാണു് പോലീസുകാർക്കു് കിട്ടിക്കൊണ്ടിരിക്കുന്നതു്, എങ്കിലും അവരുടെ ശമ്പളം തൃപ്തികരമല്ല. കുടുംബങ്ങളെ പുലർത്തേണ്ടിയിരിക്കുന്നതുകൊണ്ടു് അവർ കൈക്കൂലി വാങ്ങിച്ചുവരാറുണ്ടു്. അതിനാൽ പോലീസുകാർ കൈക്കൂലി വാങ്ങിക്കാതെയിരിക്കണമെങ്കിൽ അവരുടെ ശമ്പളം വർദ്ധിപ്പിക്കണം. കുറഞ്ഞ ശമ്പളം നൂറു രൂപായാക്കണം. വലിയ ഉദ്യോഗസ്ഥന്മാരുടെ ശമ്പളങ്ങൾ വെട്ടിക്കുറച്ചാലും തരക്കേടില്ല ഇവരുടെ ശമ്പളം കൂട്ടണം. സത്യം പറയുകയാണെങ്കിൽ വലിയ ഉദ്യോഗസ്ഥന്മാർ ചെറിയ ഉദ്യോഗസ്ഥന്മാരോടു് കാണിക്കുന്ന പെരുമാറ്റങ്ങൾമൂലം ചെറിയ ഉദ്യോഗസ്ഥന്മാർ കൈക്കൂലിക്കാരായി തീരുന്നുണ്ടു്. മനുഷ്യനു് മനുഷ്യനായി ജീവിക്കാനുള്ള വിധത്തിൽ അവർക്കും ചില സൗകര്യങ്ങളെല്ലാം കൊടുക്കാതെ മന്ത്രിമാർ പ്രസംഗപീഠങ്ങളിൽനിന്നും ഉച്ചൈസ്തരം പ്രസംഗിക്കു

കയും എന്നാൽ നേരെ വിപരീതമായ വിധത്തിൽ പെരുമാറുകയും ചെയ്യുന്നതു് നല്ലതല്ല. ഇന്നു് ഇവിടെതന്നെ നോക്കുകയാണെങ്കിൽ ഡഫേദാർമാരും പോലീസുകാരന്മാരും കാലത്തുമുതൽ വൈകുന്നേരംവരെ ഒററകാലിൽ എത്തം ഇട്ടുകൊണ്ടു് നിൽക്കുകയാണു്. അവർ ചെറിയ ഉദ്യോഗസ്ഥന്മാരായതുകൊണ്ടു് പഴംകഞ്ഞിയും കുടിച്ചുകൊണ്ടു് കാലത്തു് ൧൧ മണി മുതൽ വൈകുന്നേരം ൫ മണിവരെ ഇങ്ങനെ ഒരേ നിൽപ്പിൽ നിൽക്കണമെന്നു പറയുന്നതു് ഏതു ലെജിസ്ലേററീവു് റൂമിസിൽ പറഞ്ഞിട്ടുണ്ടു് എന്നറിഞ്ഞാൽ കൊള്ളാം. വെളിയിലുള്ള പല കൗൺസിൽ മീററിങ്ങുകളും ഞാൻ പോയി കണ്ടിട്ടുണ്ടു്. അവിടെയെങ്ങും ഈമാതിരി കാഴ്ച കാണാൻ സാധിച്ചിട്ടില്ല.

ഈ ലെജിസ്ലേററീവു കൗൺസിലിൽതന്നെ ശിപായിമാരായും പോലീസുകാരായും പലരും ജോലി ചെയ്തു വരുന്നുണ്ടു്. അവരെല്ലാം അവരവരുടെ സ്ഥലങ്ങളിൽതന്നെ നിന്നുകൊണ്ടു ജോലി ചെയ്യേണ്ടതായി വരുന്നു. അവരിൽ ചിലൎക്കു് വലിയ ഉദ്യോഗസ്ഥന്മാർക്കെല്ലാം ജോലി ചെയ്തുകൊണ്ടു നിൽക്കുമ്പോൾ അതിനടുത്തായി ഇരിക്കുവാനുള്ള ചില സൗകര്യങ്ങളും ഉണ്ടു്. അതുപോലെതന്നെ ഈ പോലീസുകാൎക്കും ശിപായിമാൎക്കും കൂടി അവർ ജോലി ചെയ്യുന്നതിനടുത്തായി ഇരിക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കേണ്ട ആവശ്യം ഉണ്ടു്. ഒരു മനുഷ്യനു് മനുഷ്യനായി ജീവിക്കാൻ സാധിക്കാത്ത വിധമുള്ള സ്ഥിതി വരുമ്പോൾ ഈ രാജ്യത്തിന്റെ നില വാസ്തവത്തിൽ ചീത്തയാകുമെന്നു വീണ്ടും വീണ്ടും ഞാൻ പറഞ്ഞുകൊള്ളുന്നു.

[4. P. M.]

Mr. Speaker: May I inform the Member, so far as the peons under the control of the Speaker are concerned, they are on duty here in turns; those who attend the House need not attend office. It is for the advantage and convenience of Members that peons are posted on duty here.

ഡാക്ടർ എൻ. എസ്സ്. പിള്ള: അതുപോലെ തന്നെ ഈ രാജ്യത്തെ താണപടിയിലുള്ള ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും ഇന്നത്തെ നിലയിൽ കൂടുതൽ കൊടുക്കേണ്ടതു് ഏററവും അത്യാവശ്യമായ ഒരു സംഗതിയാണു്. അവൎക്കും കുറഞ്ഞ ശമ്പളം നൂറു രൂപായാക്കണം. അങ്ങനെ ചെയ്തില്ലെങ്കിൽ ഈ രാജ്യത്തു ഗുണമില്ല. ബി. ഏ. പാസ്സായ ഒരുവൻ അദ്ധ്യാപകനാകുമ്പോൾ കിട്ടുന്ന ശമ്പളം ൫൦ രൂപയാണെങ്കിൽ ഇന്നു് ഒരു വിറകുവെട്ടുകാരനും ചുമട്ടുകാരനും മററും കിട്ടുന്ന കൂലി ഒരു ദിവസത്തേയ്ക്കു് രണ്ടും മൂന്നും രൂപയാണു്. അതേ സമയം ഒരു അദ്ധ്യാപകനു് കിട്ടുന്നതു് ഒരു മാസത്തിൽ വെറും ൫൦ രൂപ മാത്രമാണു്.

ഈ ബഡ്ജററിൽ പല ഇനങ്ങളിൽ ധാരാളം പണം കൊള്ളിച്ചു കാണുന്നുണ്ടു്. പക്ഷെ അതിന്റെയെല്ലാം ഫലം കണ്ടുതന്നെ അറിയണം. ഞാൻ വളരെ ശക്തിയോടുകൂടി പറയുന്നു കൈക്കൂലി തീരെ പാടില്ല എന്നു്. കൊച്ചി-തിരുവിതാംകൂറിനെപ്പോലെ കൈക്കൂലിയുള്ള രാജ്യം വേറെയില്ല. വരവു കുറഞ്ഞതുകൊണ്ടാണു് കൈക്കൂലി വാങ്ങാനിടയാകുന്നതു്. കൈക്കൂലി വൎദ്ധിക്കുന്നുണ്ടെങ്കിൽ നിയമപ്രകാരം കൈക്കൂലി കൊടുത്തവനും അതു് വാങ്ങിയവനും ഒരുപോലെ കുററക്കാരനാണു്. എന്നാൽ അങ്ങനെയൊരു നിയമം നിലവിലുള്ളിടത്തോളം കാലം സത്യം

[ഡാക്ടർ എൻ. എസ്സ്. പിള്ള]

തെളിയുവാൻ വളരെ വിഷമമാണ്. കൈക്കൂലിയെ ഇവിടെനിന്നു അടിച്ചു മാററണമെന്നുണ്ടെങ്കിൽ തീർച്ചയായും ഇവിടത്തെ മന്ത്രിസഭയും ഈ നിയമസഭയിലെ മെമ്പറന്മാർമാരും ഈ രാജ്യവാസികളുംകൂടി ചേൎന്നു പ്രവൎത്തിക്കേണ്ടതാണ്. കൈക്കൂലി കൂടാതെ ജീവിക്കുവാൻതക്ക എല്ലാ കഴിവുകളും ചെയ്തു കൊടുക്കേണ്ടതു് ആവശ്യമാണ്. അതിനുള്ള ചുമതല തീർച്ചയായും ഗവണ്മെൻറിനുണ്ടെന്നാണ് ഞാൻ പറയുന്നതു്. കൈക്കൂലി ഇല്ലാതാക്കുവാനുള്ള പല നിർദ്ദേശങ്ങളും എനിക്കു നൽകുവാനുണ്ടു്. അതിനെപ്പററി ആവശ്യപ്പെടുമ്പോൾ ഞാൻ നൽകുവാൻ തയാറാണ്.

ഇന്നത്തെ ബഡ്ജററു നോക്കിയാൽ നഗരപരിഷ്കരണത്തിനുവേണ്ടി വളരെയധികം പണം കൊള്ളിച്ചിട്ടുള്ളതായി കാണാം. തിരുവിതാംകൂറിൽ കഴിഞ്ഞ തവണത്തെ സെൻസസ്സുപ്രകാരം പട്ടണങ്ങളിൽ താമസിക്കുന്നവരുടെ ശതമാനം ൧൩ മാത്രമാണ്. നഗരവാസികളെ അപേക്ഷിച്ചു നാട്ടിൻ പുറങ്ങളിൽ താമസിക്കുന്നവരുടെ ശതമാനം കൂടുതലാണ്. എന്നാൽ നഗരവാസികളുടെ ക്ഷേമത്തിനുവേണ്ടി ഈ ഗവണ്മെൻറു പ്രവൎത്തിക്കുന്നതല്ലാതെ നാട്ടുമ്പുറങ്ങളിൽ താമസിക്കുന്നവരുടെ ക്ഷേമത്തിനു വേണ്ടി ഈ ഗവണ്മെൻറു എന്താണ് ചെയ്തിട്ടുള്ളതു് എന്നു് ഞാൻ ചോദിക്കുന്നു.

ഇന്നു് ജനങ്ങൾക്കുവേണ്ടി ഏററവും അത്യാവശ്യമായി ചെയ്യേണ്ട ഒരു കാര്യം ആഹാരവിഷയത്തെ സംബന്ധിച്ചാണ്. ആഹാരത്തിനുവേണ്ടി ഒരു ഫുഡ്ഡു ഡിപ്പാർട്ടുമെൻറുണ്ടാക്കി അതിൽ കുറെ തഹശീൽദാരന്മാരേയും നിയമിച്ചു് കുറെ കൺട്രോൾ റൂൾസും കൊണ്ടുവന്നു. ഫുഡ്ഡ് ഡിപ്പാർട്ടുമെൻറുണ്ടാക്കിയതുകൊണ്ടു് കൂടുതൽ ആളുകൾക്കും സങ്കടമല്ലാതെ സന്തോഷമില്ല. കുറെ പാർവത്യകാരന്മാൎക്കും കുറെ ജി. പി. തഹശീൽദാരന്മാൎക്കും എല്ലാം ഗുണമുണ്ടായിട്ടുണ്ടു്. അവരിൽ ചിലരൊക്കെ ഏതാണ്ടു പണക്കാരായിത്തീൎന്നിട്ടുണ്ടു്. ഞാൻ മുമ്പു പറഞ്ഞതുപോലെ ഉദ്യോഗസ്ഥന്മാർക്കു് കിട്ടുന്ന ശമ്പളംകൊണ്ടു് ജീവിക്കുവാൻ പ്രയാസമാണെന്നു് പറഞ്ഞ കൂട്ടത്തിൽ ഈ കൈക്കൂലി വാങ്ങിക്കാത്ത തഹശീൽദാരന്മാരേയും ഉൾപ്പെടുത്താവുന്നതാണ്. ആരെങ്കിലും അവരുടെ ജീവിതത്തിൽ കൈക്കൂലി വാങ്ങാത്തവരായി ഉണ്ടെങ്കിൽ അവർ ശമ്പളംമാത്രംകൊണ്ടു് ജീവിക്കുന്നവരായിരിക്കുകയില്ല. വേറെ വല്ല സ്വത്തുക്കളോ മറേറാ ഉള്ളവരും അതുകൊണ്ടു് മൂന്നു നേരവും ഭക്ഷണം കഴിക്കുന്നവരുമായിരിക്കും.

തിരുവിതാംകൂറിൽ കഴിഞ്ഞ സെൻസസ്സു കണക്കുപ്രകാരം സാധാരണ ഒരാൾക്കു് ൩൪ സെൻറു സ്ഥലമേയുള്ളു. എൻെറ നിയോജകമണ്ഡലത്തിൽ ഏകദേശം ൧൦ ശതമാനം സ്ഥലവും അവിടത്തെ ജന്മിമാരുടെ കൈയിലാണ്. ഇന്നു നിലവിലുള്ള ഇടവക, ശ്രീപാദം, ശ്രീപണ്ടാരവക തുടങ്ങിയ സ്ഥലങ്ങൾക്കു കരം കൂടുതലുണ്ടു്. തിരുവിതാംകൂർ രാജകുടുംബത്തിൻെറ ഉത്ഭവം മുതൽതന്നെ ചിറയിൻകീഴ് താലൂക്കിൽ ആ വക സ്ഥലങ്ങൾ കൈവശമുള്ളവരിൽ ഏറിയഭാഗം ആളുകളും വലിയ വലിയ തുകകൾ കരം കൊടുക്കുന്നവരാണ്. അങ്ങനെയുള്ള വലിയ നികുതിഭാരം വളരെക്കാലമായി നിലനിൽക്കുന്നതുകൊണ്ടു് അവർ അവരുടെ ചുമടിൻെറ ഘനം അറിയുന്നില്ല. അതു കാണുമ്പോൾ ഞാൻ മനംപൊട്ടി കരയുകയാണ്. അവരുടെ കാര്യം ശരിയാക്കുവാൻ എനിക്കു ഈ സഭയിൽ

പറയുകയല്ലാതെ വേറെ ഒരു വഴിയും ഇല്ല. മററു തരത്തിൽ യാതൊരു പിധ ശക്തിയും എനിക്കില്ല. ബഹുമാനപ്പെട്ട തിരുവിതാംകൂർ മഹാരാജ വംശം ആണ് അവിടത്തെ ഒന്നാമത്തെ ജന്മി. എവിടെയെല്ലാം കഠിനമായ നിലയിലുള്ള കരം പിരിക്കുന്നുണ്ടോ ആ സ്ഥലങ്ങളിലെല്ലാം ഒരു ബേസിക് ടാക്സ് നടപ്പിൽ വരുത്തുന്നതിനു വേണ്ടതു് ചെയ്യുവാൻ ഞാൻ ഈ സഭയോടു് അഭ്യർത്ഥിക്കുന്നു.

എന്റെ നിയോജകമണ്ഡലത്തെ സംബന്ധിച്ചിടത്തോളം വളരെ അഭിമാനത്തോടുകൂടി പറയാവുന്ന ഒന്നാണ് കൃഷി. കൃഷിക്കു ശരിക്കു് വെള്ളം കിട്ടാതെയുള്ള പല ബുദ്ധിമുട്ടുകളും അവിടെയുണ്ടു്. പലേ കൃഷി സ്ഥലങ്ങളേയും സംബന്ധിച്ചിടത്തോളം നാട്ടിന്റെ ഭാവി നന്നാക്കുവാൻ വേണ്ടിയുള്ള പല സ്കീമുകളും തുടങ്ങീട്ടുണ്ടു്. അതെല്ലാം നന്നായിവരട്ടെ എന്നു മാത്രമെ എനിക്കു പറയുവാനുള്ളു.

അതുപോലെതന്നെ പ്രാധാന്യമുള്ള ഒന്നാണ് ഗ്രാമങ്ങളിലുള്ള ഓരോ ചെറിയ ചെറിയ കുളങ്ങളേയും നന്നാക്കുകയെന്നുള്ളതു്. കുളങ്ങളെല്ലാം നന്നാക്കുവാനായിട്ടുള്ള പദ്ധതി നടപ്പിൽ വരുമ്പോൾ ഈ കുളങ്ങളുടെ കാര്യവും കൂടി എടുക്കണമെന്നു എനിക്കപേക്ഷയുണ്ടു്.

പട്ടുമല വെടിവെയ്പ്പിന്റെ കാര്യത്തിൽ എനിക്കും വളരെ സങ്കടമുണ്ടു്. അതിനെപ്പററി അന്വേഷിക്കുവാനായി ഈ സഭയിൽനിന്നു കുറെ അംഗങ്ങൾ മുക്തകണ്ഠം ആവശ്യപ്പെട്ടപ്പോൾ നമ്മുടെ മന്ത്രി അതിനു സാധിക്കുകയില്ലെന്നാണ് പറഞ്ഞതു്. സർ. സി. പി. രാമസ്വാമി അയ്യരുടെ കാലത്തു ഉത്തരവാദിത്വപ്രക്ഷോഭണം വന്നപ്പോൾ മുൻനിന്നു പ്രവർത്തിച്ച ഒരു ക്രിമിനൽപ്പുള്ളിയാണ് ഇന്നു ഹോം മിനിസ്റ്ററായിരിക്കുന്നതു്. ആ കൂട്ടത്തിൽ അദ്ദേഹത്തിന്റെ പുറകെ പോയിട്ടുള്ള വേറൊരു ക്രിമിനൽ പുള്ളിയാണ് ഞാൻ. അന്നുണ്ടായ വെടിവയ്പിനെ സംബന്ധിച്ചന്വേഷിക്കുവാൻ വേണ്ടി ശക്തിയോടുകൂടി വാദിച്ച ഒരു മാന്യദേഹമാണദ്ദേഹം. ഇന്നു് അദ്ദേഹത്തിനു് അധികാരം കിട്ടിയപ്പോൾ അദ്ദേഹത്തിന്റെ പ്രവൃത്തി നേരെ മറിച്ചാണു്. നോക്കണെ മനുഷ്യരുടെ പ്രസംഗത്തിനും പ്രവൃത്തിക്കും തമ്മിലുള്ള അന്തരം! "What a bone-less wonder you are".

ഞാൻ അധികം പറയുന്നില്ല. എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. ഒ. സി. നൈനാൻ: സർ, ധനകാര്യമന്ത്രി അവതരിപ്പിച്ചതായ ബഡ്ജററിൽ വളരെ നല്ല കാര്യങ്ങൾ ഉണ്ടെന്നു ഞാൻ കാണുന്നു. അങ്ങിനെ പറയുന്നതുകൊണ്ടു് ഇതു പരിപൂർണ്ണമാണെന്നു ഞാൻ പറയുന്നില്ല. ഈ ബഡ്ജററിനെ പരിശോധിക്കുന്നതായാൽ ഇതിൽ നേഷൻ ബിൽഡിംഗ് പ്രവർത്തനങ്ങൾക്കുവേണ്ടി വളരെ വളരെ പണം അലാട്ടു ചെയ്തിട്ടുള്ളതായി കാണാം. നേഷൻ ബിൽഡിംഗ് എന്ന ഇനത്തിൽ ഈ രാജ്യത്തു പ്രധാനമായി ഉണ്ടെന്നു ഞാൻ പറയുന്നതു് പി. ഡബ്ലിയു. ഡി. ഇറിഗേഷൻ ഇലക്ട്രിസിററി, എഡ്യൂക്കേഷൻ എന്നിവയാണ്. ഇവയ്ക്കെല്ലാം വളരെ പണം അലോട്ടു ചെയ്തിട്ടുണ്ടെന്നു ഈ ബഡ്ജററിന്റെ പല ഭാഗങ്ങളിൽനിന്നും വ്യക്തമാകുന്നുണ്ടു്. ഞാൻ ഈ ബഡ്ജററിന്റെ കണക്കുകളിലേയ്ക്കു് ബഹുമാനപ്പെട്ട മെംബറന്മാരുടെ ശ്രദ്ധയെ ആകർഷിക്കുന്നില്ല. ഒരു വിധത്തിൽ നോക്കിയാൽ ഈ

[ശ്രീ. ഒ. സി. നൈനാൻ.]

ബഡ്ജററ് തയാറാക്കിയ ആളുകൾ അനുമോദനാർഹരാണെങ്കിലും ഇതു പരിപൂർണ്ണമല്ല. ഇനിയും ഇതിൽ ചേർക്കേണ്ട പല കാര്യങ്ങളും ഉണ്ട്. ഇതിൽ പല വീഴ്ചകളും വന്നിട്ടുണ്ട്. അവയിൽ ചിലതു ഞാനിവിടെ ചൂണ്ടിക്കാണിക്കണമെന്നാഗ്രഹിക്കുന്നു. പ്രധാനമായി എനിക്കു പറയുവാനുള്ളതു് ഗവണ്മെൻറ് ജനങ്ങൾ കാണിക്കുന്നതായ സഹകരണഹസ്തത്തെ സ്വാഗതം ചെയ്യുന്നില്ലെന്നുള്ളതാണ്. അതിലേയ്ക്കു ചില ഉദാഹരണങ്ങൾ മാത്രം ചൂണ്ടിക്കാണിക്കണമെന്നാണ് വിചാരിക്കുന്നതു്. നമ്മുടെ രാജ്യം മാത്രമല്ല, മററു പല രാജ്യങ്ങളുടേയും കാര്യങ്ങൾ ആലോചിച്ചാലും അതിന്റെ അഭിവൃദ്ധി അവിടത്തെ ഗതാഗതമാർഗ്ഗങ്ങളെ ആശ്രയിച്ചാണു സ്ഥിതിചെയ്യുന്നതു്. കൃഷിയാവശ്യങ്ങൾക്കായും മററു പല കാര്യങ്ങൾക്കുവേണ്ടിയും ഗതാഗതമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കേണ്ടതു് ഏററവും അത്യാവശ്യമായ ഒരു സംഗതിയാണ്. എന്നാൽ പെട്ടെന്നു ഒരു ദിവസം കൊണ്ടോ ഒരു വർഷം കൊണ്ടോ ഗതാഗതമാർഗ്ഗങ്ങൾ പൂർത്തിയാക്കുവാൻ കഴിയുകയില്ല. ഈ ബഡ്ജററു പരിശോധിച്ചാൽ ൨൫ ലക്ഷം രൂപയോളം ഈ വകയ്ക്കായി ഇക്കൊല്ലം അലോട്ടു ചെയ്തിട്ടുണ്ടെന്നു കാണാം. എന്നാൽ എനിക്കു കാണുവാൻ കഴിയുന്നതു് ഇവിടെ ഒരു ബഹുമാനപ്പെട്ട മെംബർ പറഞ്ഞതുപോലെ പട്ടണങ്ങളിലുള്ള ഗതാഗതമാർഗ്ഗം നന്നാക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി കൂടുതൽ സംഖ്യ ചേർത്തിരിക്കുന്നതായിട്ടാണ്. ഗ്രാമങ്ങളിലെ ആവശ്യത്തിനും അഭിവൃദ്ധിക്കും വേണ്ടി ഇതിൽ അധികമായിട്ടു പണം ചേർത്തിട്ടില്ല. അവിടെ കൂടുതൽ പണം ചെലവു ചെയ്യുവാൻ ഗവണ്മെൻറു ശ്രദ്ധിച്ചിട്ടുമില്ല. ഗവണ്മെൻറിനെക്കൊണ്ടു ചെയ്യിക്കുവാൻ സാധിച്ചിട്ടില്ലാത്ത കാര്യങ്ങൾ തന്നത്താൻ ചെയ്യാമെന്നു വിചാരിച്ചു പല ദേശക്കാരും സ്ഥലം ദാനമായിക്കൊടുത്തും ൧൫-ം ൨൦-ം അടി വീതിയിൽ റോഡുകൾ വെട്ടിയുണ്ടാക്കിയും ഗവണ്മെൻറിലേയ്ക്കു വിട്ടുകൊടുത്തിട്ടുണ്ട്. അങ്ങിനെയുള്ള കാര്യങ്ങളിൽ പ്രഥമമായും പ്രധാനമായും പ്രവർത്തിച്ചിട്ടുള്ളതു് എന്റെ നിയോജകമണ്ഡലമാണെന്നു പറയുന്നതിനു എനിക്കഭിമാനമുണ്ട്. ഗവണ്മെൻറു ആദ്യകാലങ്ങളിലെല്ലാം ആ മാതിരിയുള്ള സഹകരണങ്ങളെയെല്ലാം സ്വാഗതം ചെയ്തിരുന്നുവെങ്കിലും ഇപ്പോൾ അവയെ ഒന്നും സ്വാഗതം ചെയ്യുന്നില്ല. ഇപ്പോൾ അങ്ങിനെയുള്ള റോഡുകൾ എടുക്കുന്ന കാര്യത്തിൽ വൈമനസ്യമാണ് പ്രദർശിപ്പിക്കുന്നതു്. ഇതു് ഒരു തരത്തിലും നീതീകരിക്കാവുന്നതല്ല. ഏതായിരുന്നാലും ജനങ്ങൾ സഹകരണബോധം കാണിക്കുമ്പോൾ അവയെ സ്വാഗതം ചെയ്തു പുലർത്തിക്കൊണ്ടുപോകേണ്ടതു് ഗവണ്മെൻറിന്റെ കടമയാണ്. അതുകൊണ്ടു് അതിലേയ്ക്കു ഈ ബഡ്ജററിൽ വലിയ തുക നീക്കിവച്ചിട്ടില്ലെന്നുള്ള സംഗതി ഞാനിവിടെ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ.

അതുപോലെയുള്ള ഒന്നാണ് വിദ്യാഭ്യാസം. രാജ്യത്തിന്റെ അഭിവൃദ്ധിക്കു് ആവശ്യമുള്ള പ്രധാന കാര്യങ്ങളിലൊന്നാണ് വിദ്യാഭ്യാസം. നാം ആഗ്രഹിക്കുന്നതു് ഈ രാജ്യത്തെ സകലരും വിദ്യാഭ്യാസം ഉള്ളവരായിരിക്കണം എന്നാണ്. ഇപ്പോൾ കൂടുതൽ സംഖ്യ ഗവണ്മെൻറ് ഇതിലേയ്ക്കുവേണ്ടി ചിലവഴിക്കുന്നുണ്ട്. ഇനിയും കൂടുതൽ സംഖ്യ ഇതിനുവേണ്ടി ചിലവഴിക്കുവാൻ ഗവണ്മെൻറിനു് സാധിക്കുമോ,

അതിന് ഗവണ്മെൻറിൻെറ കോശസ്ഥിതി സമ്മതിക്കുമോ എന്നുള്ളത് സംശയമാണ്. അങ്ങനെയുള്ള സന്ദർഭങ്ങളിൽ ഗവണ്മെൻറിനെ സഹായിക്കുന്നതിന് പ്രൈവററ് ഏജൻസികൾ മുന്നോട്ടു വരുന്നുണ്ട്. പ്രൈവററ് ഏജൻസികൾ കെട്ടിടങ്ങളും സാധനസാമഗ്രികളും ഉണ്ടാക്കി വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തുവാൻ അനുവാദം ചോദിക്കുമ്പോൾ അതിനെ സന്തോഷത്തോടുകൂടി സ്വീകരിക്കുകയും അതിനു ഗ്രാൻറു കൊടുക്കുകയും ചെയ്യേണ്ടതു് ആവശ്യമാണ്. അങ്ങനെ ഗ്രാൻറു കൊടുത്തു് പ്രൈവററ് ഏജൻസികളെ സഹായിച്ചിട്ടുള്ളതിൻെറ ഫലമായിട്ടാണ് കൂടുതൽ സാക്ഷരത്വം നമ്മുടെ നാട്ടിൽ ഉണ്ടായിട്ടുള്ളതു്. അതിനെ പുലർത്തിക്കൊണ്ടുപോകേണ്ടതു് നമ്മുടെ കടമയാണ്. അതിൽ ഗവണ്മെൻറ് പ്രത്യേകം ശ്രദ്ധ പതിക്കേണ്ടതാണ്. സെക്കൻററിവിദ്യാഭ്യാസത്തിൻെറ കാര്യം ആലോചിച്ചാൽ അടുത്ത കൊല്ലത്തേയ്ക്കു ഗവണ്മെൻറ് അതിലേയ്ക്കു നല്ലവണ്ണം സഹകരണബുദ്ധി കാണിക്കുകയും നല്ല ഒരു തുക നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഞാൻ അതിൽ ഗവണ്മെൻറിനെ അനുമോദിക്കുന്നു. പ്രൈമറിവിദ്യാലയങ്ങളുടെ കാര്യത്തിലും സെക്കൻററി വിദ്യാലയങ്ങളുടെ കാര്യത്തിലും ഇൻസ്പെക്റ്റിംഗ് ആഫീസറന്മാരുടെ ഉപദ്രവം അതിൻെറ പ്രവൎത്തനം തടയുന്നുണ്ട്. ഒരു സംഗതി എടുത്തു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ന്യൂഡൽഹിയിൽ ഹോംസയൻസ് എന്ന വിഷയം പഠിപ്പിക്കുന്നുണ്ട്. നമ്മുടെ രാജ്യത്തുനിന്നു രണ്ടു കൊല്ലം മുമ്പ് ഏതാനും ആളുകൾ അവിടെ പോയി ഹോംസയൻസ് പഠിച്ചു പാസ്സായിവന്നു. അവരെ ഹൈസ്കൂളിൽ അദ്ധ്യാപകന്മാരായി ചേൎത്തതിനുശേഷം അവരെ ഏതു ഗ്രേഡിൽപ്പെടുത്തണമെന്നുള്ളതിനെപ്പററി ഒരു തീരുമാനവും ചെയ്തിട്ടില്ല. അതുകൊണ്ട് അവൎക്കു് ഗ്രാൻറു കൊടുക്കുവാൻ സാധിച്ചിട്ടില്ല. ഈ സംഗതിയെക്കുറിച്ചു് ഒരു തീരുമാനം ചെയ്യുന്നതിന് ഹോംസയൻസ് പാസ്സായി വന്നവർതന്നെ ന്യൂഡൽഹിയിൽ അപേക്ഷിക്കുകയും അവരുടെ എഴുത്തു് നമ്മുടെ ഗവണ്മെൻറിന് കിട്ടുകയും ചെയ്തു. അതിനുശേഷവും അതിനെപ്പററി ഒരു തീരുമാനവും ചെയ്തിട്ടില്ല. ഇൻസ്പെക്റ്റിംഗ് ആഫീസറന്മാർ സ്കൂളിലെ ഭരണം ശരിക്കു നടക്കുന്നുണ്ടോ എന്നുള്ളതിനെക്കുറിച്ചല്ല ഇൻസ്പെക്ഷൻ നടത്തുന്നതു് കെട്ടിടത്തിനോ അവിടെയുള്ള സാധനസാമഗ്രികൾക്കോ വല്ല കേടും സംഭവിച്ചിട്ടുണ്ടോ എന്ന് അവർ സമഗ്രമായിട്ടു് നോക്കുകയല്ലാതെ വിദ്യാഭ്യാസത്തിൻെറ ഗുണദോഷങ്ങളെപ്പററി നോക്കുന്നതിന് അവർ ശ്രദ്ധിക്കുന്നില്ല. അതുപോലെതന്നെ ഇൻസ്പെക്റ്റിംഗ് ആഫീസറന്മാരും പ്രൈവററ് ഏജൻസിയുമായിട്ടുള്ള എഴുത്തുകുത്തുകളെപ്പററി പറയുകയാണെങ്കിൽ അതു് വിദ്യാഭ്യാസവിഷയത്തിൽ പ്രൈവററ് ഏജൻസികൾ കാണിക്കുന്ന സഹകരണബുദ്ധിയിൽനിന്ന് അവരെ വ്യതിചലിപ്പിക്കുന്നതിന് പര്യാപ്തമായിട്ടുള്ളതാണെന്ന് ഗവണ്മെൻറ് അറിയുകയും കരുതുകയും ചെയ്യേണ്ടതാണെന്നു ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു.

ഇപ്പോൾ നാട്ടിൽ കാളേജുകൾ തുറന്ന സമയമാണ്. ഒരു സ്ഥലത്തെ കാളേജിൽ പ്രവേശനം കിട്ടാഞ്ഞിട്ടു ആളുകൾ മറെറാരു കാളേജിലേക്കു പോകുന്നതായി നമുക്കു കാണാം. നമ്മുടെ രാജ്യത്തു കാളേജുവിദ്യാഭ്യാസത്തിനു ആഗ്രഹിക്കുന്ന എല്ലാവൎക്കും പ്രവേശനം കൊടുക്കത്തക്കവണ്ണം കാളേജുകൾ നമ്മുടെ രാജ്യത്തില്ല. ഇവിടത്തെ

[ശ്രീ. ക. സി. നൈനാൻ.]

ആളുകൾക്ക ആവശ്യമായിട്ടുള്ള എല്ലാ കാളേജുകളും ഗവണ്മെൻറു പണം ചെലവുചെയ്തുണ്ടാക്കുക എന്നുള്ളതു് ഒരു എളുപ്പമുള്ള കാര്യമല്ല. എന്നാൽ ഏതെങ്കിലും പ്രൈവററ് ഏജൻസികൾ മൂന്നുനാലു ലക്ഷം രൂപാ ചെലവു ചെയ്തു് ഒരു കെട്ടിടവും കാളേജു നടത്തുന്നതിനാവശ്യമായ മററു സാധനസാമഗ്രികളും ശേഖരിച്ചതിനുശേഷം അതിനു അംഗീകാരം കൊടുക്കണമെന്നു ആവശ്യപ്പെട്ടാൽ അതിനു ഗവണ്മെൻറു് വേഗം അംഗീകാരം കൊടുക്കുകയില്ല. പല പ്രയാസങ്ങളും സഹിച്ചു് കാളേജ് നടത്തുന്നതിനു് ആവശ്യമായ ഒരു കെട്ടിടവും മററു സാധനസാമഗ്രികളും ഉണ്ടാക്കിയതിനുശേഷം കാളേജ് തുടങ്ങുന്നതിനു് അനുവാദം ആവശ്യപ്പെട്ടപ്പോൾ കാളേജ് തുടങ്ങാൻ അനുവദിക്കണമെങ്കിൽ ജാമ്യം കെട്ടിവയ്ക്കണമെന്നാണു് ഗവണ്മെൻറു് അവരോടു് ആവശ്യപ്പെട്ടതു്. ജാമ്യം കെട്ടിവയ്ക്കണമെന്നു പറയുമ്പോൾ നല്ലനടപ്പിനുള്ള ജാമ്യത്തിനാണു് കാളേജ് നടത്തുന്നതെന്നു് തോന്നിപ്പോകുന്നു. നല്ലനടപ്പിനുള്ള ജാമ്യത്തിനു് വല്ല വസ്തുഉടമസ്ഥന്മാരേയും ജാമ്യം കൊടുത്താൽ മതി. എന്നാൽ കാളേജ് നടത്തുന്നതിനുള്ള ജാമ്യം പണമായിട്ടുതന്നെ കെട്ടിവയ്ക്കണമെന്നാണു് പറയുന്നതു്. ഇങ്ങനെയായാൽ പ്രൈവററു ഏജൻസികൾ കാളേജ് നടത്തുന്നതിനു് എങ്ങനെ മുന്നോട്ടു വരുമെന്നു് ഞാൻ ചോദിക്കുന്നു. ഈ സംപ്രദായം അത്ര ശരിയായിട്ടുള്ളതാണെന്നു് എനിക്ക തോന്നുന്നില്ല. മുമ്പാണെങ്കിൽ ഗവണ്മെൻറിൽ നിന്നും ഒരു കാളേജു് നടത്തുന്നതിനു് അനുവാദംകൊടുത്താൽ ആ കാളേജിനു് ൫ ലക്ഷം രൂപ ഗ്രാൻറുകൊടുക്കുന്ന ഒരു പതിവുണ്ടായിരുന്നു. ആ നടപടി ഗവണ്മെൻറു നിറുത്തുന്നതിനു് തക്കതായ യാതൊരു കാരണവും ഞാൻ കാണുന്നില്ല. ഇങ്ങനെയായാൽ കാളേജുവിദ്യാഭ്യാസം ഇവിടെ എങ്ങനെ ഉപരിയുപരിയായിവരും എന്നു ഞാൻ ചോദിക്കുന്നു. ഇതൊക്കെ ഗവണ്മെൻറിൻെറ പാളിസിയിലുള്ള തെററാണു്. ൨൭ ലക്ഷം രൂപ കാളേജ് വിദ്യാഭ്യാസത്തിനു് യൂണിവേഴ്സിററിക്കു കൊടുക്കുന്നുണ്ടു്. അതിനുംപുറമെ ൩ ലക്ഷം രൂപയാണു് ഗ്രാൻറുകൊടുക്കുന്നതിനു് വച്ചിട്ടുള്ളതു്. ഇപ്പോൾതന്നെ പല അപേക്ഷകളും കാളേജുകൾ തുടങ്ങുന്നതിനു് വേണ്ടിയുള്ളതായി എനിക്കറിയാം. ഈ ൩ ലക്ഷം രൂപാകൊണ്ടു് അവക്കെല്ലാം എങ്ങനെ ഗ്രാൻറു കൊടുക്കുവാൻ സാധിക്കും എന്നു ഞാൻ ചോദിക്കുന്നു. കൂടുതൽ സംഖ്യ ഇതിലേക്കു് നീക്കിവയ്ക്കേണ്ടതു് അത്യാവശ്യമായിരുന്നു. നമ്മുടെ രാജ്യത്തുള്ള കുട്ടികൾ അന്യസ്ഥലങ്ങളിൽ പോയാൽ അവക്കു് പഠിക്കുന്നതിനു് വളരെ പ്രയാസമായിരിക്കുമെന്നു് ഞാൻ ആദ്യം പ്രസ്താവിക്കുകയുണ്ടായി. ഇവിടെ സയൻസു് സബ്ജക്ററസ് മലയാളത്തിൽ ആണു് പഠിപ്പിക്കുന്നതു്. ഉത്തരേൻഡ്യയിൽ സയൻസ് സബ്ജക്ററസ് ഹിന്ദിയിലാണു് പഠിപ്പിക്കുന്നതു്. അതുകൊണ്ടു് ഇവിടെയുള്ള കുട്ടികൾക്കു് ഉത്തരേൻഡ്യയിൽ കാളേജുകളിൽ പ്രവേശനം കിട്ടിയാൽ പഠിക്കുവാൻ പ്രയാസമാണു്. അതുകൊണ്ടു് നമ്മുടെ കുട്ടികളുടെ കാളേജ്‌വിദ്യാഭ്യാസത്തിനുവേണ്ട എല്ലാ സാഹചര്യങ്ങളും ഇവിടെ ചെയ്തുകൊടുക്കേണ്ടതു് ഗവണ്മെൻറിൻെറ കടമയാണു്. അതുകൊണ്ടു് കാളേജുവിദ്യാഭ്യാസത്തിനു് കൂടുതൽ തുക നീക്കിവയ്ക്കേണ്ടതായിരുന്നു. കാളേജ് വിദ്യാഭ്യാസത്തിൻെറ ആവശ്യം ഇവിടെ വളരെ വളരെയുണ്ടു്. സ്കൂൾഫൈനൽ പാസ്സായിട്ടും, കാളേജിൽ ചേന്നു്

ബി. എസ്സ്‌സി. പാസായിട്ടും എന്തുപ്രയോജനമാണ്‌ ഉണ്ടാകുവാൻപോകുന്നതെന്നു ഒരു വിഭാഗക്കാർ ചോദിക്കുന്നുണ്ട്‌. കാളേജുകൾ വർദ്ധിച്ചാൽ പഠിച്ചവരുടെ തൊഴിലില്ലായ്മ വർദ്ധിക്കുമെന്നാണ്‌ അവർ പറയുന്നതു്. വിദേശഭാഷകളിൽ ബിരുദം നേടുന്നതിനുള്ള സൗകര്യം ഇവിടെ ഉണ്ടാക്കിക്കൂടെ എന്നു ഞാൻ ചോദിക്കുന്നു. അതിനു ഇവിടെ കാളേജില്ലാതെ എവിടെ പോയി പഠിക്കുവാൻ സാധിക്കും. യൂറോപ്യൻ ഭാഷകൾ പഠിച്ചാൽ യു. എൻ. ഒ. യിലും എമ്പസികളിലും മററും ജോലികിട്ടുവാൻ വളരെ എളുപ്പമുണ്ട്‌. കാളേജുവിദ്യാഭ്യാസം വർദ്ധിപ്പിച്ചാൽ ജോലി ഇല്ലായ്മ വർദ്ധിക്കും എന്നു വിചാരിക്കുന്നതു് തെററാണ്‌. ഇന്നു കാളേജ്‌ വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ ഗവണ്മെൻറും യൂണിവേഴ്‌സിററിയും അനുവർത്തിച്ചുവരുന്ന നയം ഒരിക്കലും സ്വീകാര്യമായിട്ടുള്ളതല്ല. അതു പലക്കും പല വിഷമതകളും ഉണ്ടാക്കിത്തീക്കുന്നതാണെന്നു ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. ഇനി ഇതുപോലെയുള്ള ഒന്നുരണ്ടു സംഗതികൾകൂടി, ജനങ്ങൾ കാണിക്കുന്ന സഹകരണത്തെ ഗവണ്മെൻറ സ്വാഗതം ചെയ്യുന്നതിനെപ്പററി, എനിക്കു പറയുവാനുണ്ട്‌. മെഡിക്കൽവകുപ്പിലേക്കു അലാട്ടുചെയ്തിരിക്കുന്ന സംഖ്യ നോക്കുകയാണെങ്കിൽ ആ പണംകൊണ്ട്‌, പുതുതായി ഒരു ആശുപത്രിയും ഇക്കൊല്ലം ഉണ്ടാക്കുവാൻ സാദ്ധ്യമല്ലാത്ത നിലയിലാണ്‌ ഇരിക്കുന്നതു്. ഈ രാജ്യത്തു് ആശുപത്രിയുടെ ആവശ്യം വളരെവളരെയാണ്‌. അതാതു സ്ഥലത്തുള്ളവർ സ്വയരക്ഷയെക്കരുതി, ആശുപത്രി ഉണ്ടാക്കേണ്ടതു് അവരുടെ കടമയാണെന്നുകരുതി, ഗവണ്മെൻറിൻെറ നിർദ്ദേശമനുസരിച്ചുള്ള സ്ഥലവും കെട്ടിടവും ഉണ്ടാക്കി ഗവണ്മെൻറിലേക്കു കൊടുത്തു് ഒരു ആശുപത്രിയോ ഡിസ്പെൻസറിയോ തുടങ്ങണമെന്നു് അപേക്ഷിച്ചാൽ അതു് ഗവണ്മെൻറ സന്തോഷത്തോടുകൂടി ഏററവാങ്ങി അവിടെ ഡിസ്പെൻസറിയും ആശുപത്രിയും അനുവദിച്ചുകൊടുക്കുകയും അതിനു് ആവശ്യമുള്ള പണം ചെലവു ചെയ്യുകയും ചെയ്യേണ്ടതു് വളരെ ആവശ്യമാണെന്നുള്ള സംഗതി ഞാൻ ഈ സഭയുടെയും ഗവണ്മെൻറിൻെറയും ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു.

ഇനി രണ്ടു മൂന്നു കാര്യങ്ങൾകൂടി എനിക്കു പറയുവാനുണ്ട്‌. ഒന്നാമതായി ചില സ്ഥലങ്ങളിൽ നെൽക്കരം ചുമത്തുന്നതിലുള്ള അസമത്വങ്ങളെ സംബന്ധിച്ചാണ്‌. ഇടപ്പള്ളി ഇടവകയിലുള്ള കല്ലുപ്പാറ മുതലായ സ്ഥലത്തു നെൽക്കരം ചുമത്തിട്ടുണ്ട്‌- അപരിഷ്കൃതമായ ആ കരം വച്ചുകൊണ്ടു മുന്നോട്ടു പോകുന്നതിനു് യാതൊരു നിവൃത്തിയുമില്ല. ഭാരതഭൂമിയിലുണ്ടായിരുന്ന ൬൦൦ നാട്ടുരാജാക്കന്മാരെ വളരെ എളുപ്പത്തിൽ അവരുടെ സ്ഥാനങ്ങളിൽനിന്നും മാററുകയുണ്ടായിട്ടുണ്ടുപോലും. അതുപോലെ അധികാരം ഇല്ലാത്ത ഒരു രാജാവു് എന്നു പറയുന്ന ഈ ഒരാളെമാററി അദ്ദേഹത്തിനു് വല്ല പെൻഷനോ മററോ കൊടുത്തു് അദ്ദേഹത്തിൻെറ ഉപദ്രവത്തിൽനിന്നും അവിടത്തെ ജനങ്ങളെ രക്ഷിക്കണമെന്നു് ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു.

ആളുകൾക്കു താമസിക്കുന്നതിനു സ്ഥലമില്ലെന്നു പറഞ്ഞു ചില ആളുകൾ പബ്ലിക്ക്‌റോഡിൻെറ ഇറമ്പിൽ പുരവച്ചു താമസിക്കുന്നുണ്ട്‌. അങ്ങനെയുള്ളവരെ അവിടെനിന്നു ഇറക്കിവിടാതെ നിവൃത്തിയില്ല. അതുകൊണ്ടു് ഈ സംഗതിയിൽ ഗവണ്മെൻറ ഇടപെട്ടു് അങ്ങനെയുള്ളവരെ അവിടെനിന്നും ഇറക്കിവിടണം.

ശ്രീ. സി. കെ. വിശ്വനാഥൻ : അവരെ കുടിയിറക്കണമെന്നാണോ ബഹുമാനപ്പെട്ട മെംബർ പറയുന്നതു്?

ശ്രീ. ഒ. സി. നൈനാൻ : കോടിക്കണക്കിനു് പണം ചെലവാക്കി ഉണ്ടാക്കിയിട്ടുള്ള പബ്ലിക്കു്റോഡു് ഏതാനും ചിലരുടെ കൃത്യംകൊണ്ടു് മോശമായും നിരുപയോഗമായും വരരുതു് എന്നുള്ള ഉദ്ദേശംകൊണ്ടാണു് അങ്ങനെ താമസിക്കുന്നവരെ ഇറക്കിവിടണം എന്നു പറയുന്നതു്.

ഇവിടത്തെ വിദ്യാർത്ഥികൾ അച്ചടക്കമില്ലാതെ പോകുന്നതിനെപ്പറ്റി എനിക്കു ഖേദമുണ്ടു്. കാളേജുവിദ്യാർത്ഥികൾ അച്ചടക്കമില്ലാതെ പരീക്ഷക്കുപോകാതെ പഠിപ്പുമുടക്കി അവരുടെ ആയുസ്സു് നഷ്ടപ്പെടുത്തുന്നുണ്ടു്. അങ്ങിനെയുള്ള സമ്പ്രദായം ഇവിടെ ഇല്ലാതാക്കേണ്ടതു് ഗവണ്മെൻറിൻെറ കടമയാണു്. ഒരിക്കൽ അവർ പരീക്ഷക്കു ചേരുന്നില്ലെങ്കിൽ പിന്നീടു അവരെ പരീക്ഷക്കു ചേർക്കുന്നതുകൊണ്ടാണു് കൂടുതൽ ഉപദ്രവമുണ്ടാകുന്നതു്. അവർ പരീക്ഷക്കു ചേരുന്നില്ലെങ്കിൽ പിന്നീടു അവരെ പരീക്ഷക്കുചേരാൻ അനുവദിച്ചുകൂടാത്തതാണു്. ഈ വിധകാര്യങ്ങളിൽ ഗവണ്മെൻറു ഒരു ഉറച്ച നിലതന്നെ സ്വീകരിക്കേണ്ടതാണു്. ഒരു കാര്യംകൂടി പറഞ്ഞുകൊള്ളട്ടെ. സാധാരണയായി എല്ലാ സ്കൂളുകളിലും കുറെയൊക്കെ സൗജന്യഫീസ് ഏർപ്പാടു് നിലവിലിരിക്കുന്നുണ്ടു്. ഈ സൗജന്യം ഏതു വർഗ്ഗത്തിൽപ്പെട്ടവർക്കാണു് നൽകേണ്ടതെന്നു പ്രത്യേകം വ്യവസ്ഥയുണ്ടു്. അതിനു ഒരു പട്ടികയുണ്ടു്. അതിൽപ്പെടാത്ത Penticost brother കൾ ഉണ്ടു്. അവരെ ഒരു വിഭാഗത്തിലും പെടുത്തിയിട്ടില്ല. ഈ ന്യൂനത പരിഹരിക്കണം. സൗജന്യം അർഹിക്കുന്ന എല്ലാ കുട്ടികൾക്കും സൗജന്യം കൊടുക്കേണ്ടതാണു്. അതുപോലെതന്നെ ഡിപ്രസ്ഡ് ക്ലാസസ് (Depressed Classes Christians) എന്നറിയപ്പെടുന്ന ഒരു വിഭാഗക്കാരുണ്ടു്. (അവർ റൂൾപ്രകാരം ഷെഡ്യൂൾഡ് കാസ്റ്റ്സ് അല്ലാ) ഈ വകുപ്പിൽപ്പെട്ട എല്ലാവർക്കും ഫീസ് സൗജന്യവും മറ്റെല്ലാ സൗജന്യങ്ങളും കൊടുക്കേണ്ടതാണു്. (ബെൽ)

The Assembly adjourned at 4-30 p. m. to meet again at 11 a. m. on Wednesday, the 2nd July 1952.

V. KRISHNAMOORTHI,
Secretary to the Legislative Assembly.